# മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?

ഗ്രന്ഥകർത്താവ്

ഫാദർ തോമ്മസ്സ് വടശ്ശേരി എൽ. ഡി

Printed at
St. Joseph's Printing House,
Tiruvalla,
1951

www.malankaralibrary.com

# മലങ്കര
# യാക്കോബായക്കാർ
# ഏകസ്വഭാവവാദികളോ?

ഗ്രന്ഥകർത്താ,

ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി.

[വില 12 അണ.

Printed at
The St. Joseph's Printing House,
Tiruvalla,
1951.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Imprimatur

Joseph + Mar Severios,
Bishop of Tiruvalla.

Bishop's House,
Tiruvalla,
1—11—'51.

www.malankaralibrary.com

# പ്രസ്താവന.

കൽക്കദോനിയാ സൂനഹദോസിൻെറ പതിനഞ്ചാം ശതാബ്ദപൂർത്തി സംബന്ധിച്ചു കോട്ടയം രൂപതയുടെ മെത്രാൻ റൈററ. റവ. ഡോക്ടർ തോമ്മസ്സ് തറയിൽ ഡി. ഡി., എം. എ., പി എച്ച്. ഡി. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 1951 ഒക്ടോബർ 29, 30, 31 എന്നീ തീയതികളിൽ ചെങ്ങനൂർക്കുസമീപമുള്ള കല്ലിശ്ശേരി മിഷ്യൻ മന്ദിരത്തിൽ വച്ചു നടന്ന മഹായോഗത്തിൽ പറഞ്ഞ പ്രസംഗങ്ങളാണു "മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?" എന്ന അഭിധാനത്തിൽ പ്രസിദ്ധം ചെയ്യുന്ന ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം.

എവുത്തിക്കോസിൻെറ അബദ്ധോപദേശം, എഫേസൂസിലെ "തസ്കരസംഘം", കൽക്കദോനിയാ സൂനഹദോസ്, യാക്കോബായ സഭയുടെ ഉത്ഭവം ആദിയായ വിഷയങ്ങളെ സംബന്ധിച്ചു കൂടുതലായി അറിയണമെന്നു അഭിലഷിക്കുന്നവർ "കൽക്കദോനിയാസൂനഹദോസ് അഥവാ യാക്കോബായസഭയുടെ ഉത്ഭവം" എന്ന പേരിൽ കഴിഞ്ഞ കൊല്ലം ഞാൻ പ്രസിദ്ധംചെയ്ത ഗ്രന്ഥം വായിക്കാവുന്നതാണു്. ഈ ലഘുഗ്രന്ഥത്തിൽ ഏകസ്വഭാവവാദത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രമാണു പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളതു്.

നമ്മുടെ കർത്താവിൻെറ ഇരുസ്വഭാവങ്ങളെ സംബന്ധിച്ചു ലെയോൻ മാർപ്പാപ്പായും കൽക്കദോനിയാസൂനഹദോസും പ്രഖ്യാപനം ചെയ്ത വിശ്വാസസത്യം യാക്കോബായസഹോദരങ്ങൾക്കു സ്വീകാര്യമാണോ അല്ലയോ, മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളാണോ അല്ലയോ എന്നീവിഷയങ്ങൾ ശരിയായി പഠനം ചെയ്യുന്ന കത്തോലിക്കർക്കും യാക്കോബായക്കാർക്കും കത്തോലിക്കസഭ

www.malankaralibrary.com

യും യാക്കോബായസഭയും തമ്മിൽ ഭിന്നിച്ചുനില്ക്കുന്നതിൽ അതിയായ ഖേദം തോന്നാതിരിക്കയില്ല; അതേസമയംതന്നെ ഈ സഭകൾ രണ്ടും യോജിച്ചു ഒന്നായിത്തീരുവാൻ അവർ യഥാശക്തി പരിശ്രമിക്കാതെയുമിരിക്കയില്ല. ഈ ചിന്തയാണു് കല്ലിശ്ശേരിൽ അന്നു പറഞ്ഞ പ്രസംഗങ്ങൾ വൃഥാ വായുവിൽ ലയിക്കാതെ ഗ്രന്ഥരൂപേണ ഇങ്ങനെ പ്രസിദ്ധം ചെയ്യുന്നതിനു് എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ഈ ഗ്രന്ഥം വായിക്കുന്ന കത്തോലിക്കർക്കു് അകത്തോലിക്കരുടെ പുനരൈക്യത്തിൽ ശുഷ്കാന്തി വർദ്ധിക്കുന്നതിനും, അകത്തോലിക്കർക്കു് തെററിദ്ധാരണകൾ നീങ്ങി കത്തോലിക്കാസഭയെ കൂടുതൽ സമീപിക്കുന്നതിനും അനുഗ്രഹദാതാവായ സർവ്വശക്തൻ ഇടയാക്കട്ടെ.

ഭദ്രാസന ദേവാലയം,
തിരുവല്ലാ,
I—XI—'51.

ഫാദർ തോമ്മസ്സു് വടക്കേശ്ശേരി.

(കൽക്കദോനിയാ സൂനഹദോസു് നടന്നിട്ടു 1500 വർഷം പൂർത്തിയാകുന്ന സ്മൃതിനം.)

www.malankaralibrary.com

# അനുക്രമണി.


| | | പുറം |
|---|---|---|
| | പ്രസ്താവന. | i |
| | പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ആഹ്വാനം. | 1 |
| 1. | അപ്പോസ്തോലികകാലത്തെ അബദ്ധോപദേശങ്ങൾ. | 4 |
| 2. | ആരിയോസ്, മക്കദോനിയസ്, നെസ്തോറിയസ് എന്നിവരുടെ പാഷണ്ഡതകളും നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നീ പൊതുസൂനഹദോസുകളും. | 7 |
| 3. | എവുത്തിക്കോസിൻെറ ഏകസ്വഭാവവാദം. | 8 |
| 4. | എഫേസൂസിലെ "തസ്കരസംഘം" | 11 |
| 5. | കൽക്കദോനിയാസൂനഹദോസ് | 12 |
| 6. | യാക്കോബായസഭയുടെ ഉത്ഭവം | 13 |
| 7. | ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ച് ഏകസ്വഭാവവാദികളുടെ അഭിപ്രായങ്ങൾ. | 17 |
| 8. | ക്രിസ്തുവിൻെറ സ്വഭാവത്തെയും കൽക്കദോനിയാ സൂനഹദോസിനെയും മററും സംബന്ധിച്ച യാക്കോബായസഭയിലെ സാക്ഷ്യങ്ങൾ. | 18 |
| 9. | യാക്കോബായസഭയിലെ ഏകസ്വഭാവവിശ്വാസം. | 27 |
| 10. | ഇരുസ്വഭാവത്തെ സംബന്ധിച്ച യാക്കോ | |


www.malankaralibrary.com

ബായസഭ സ്വീകരിക്കുന്ന ചില പിതാക്ക
ന്മാരുടെ സാക്ഷ്യങ്ങൾ. 33

11. ഇരുസ്വഭാവത്തെ സംബന്ധിച്ച ചില യാക്കോബായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ. 36

12. ദീയസ്ക്കോറോസ് വിശുദ്ധനും സത്യവിശ്വാസിയുമോ? 44

13. കൽക്കദോനിയാ സൂനഹദോസിന്റെ പ്രാമാണ്യം:—കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്നും, രാജബലത്താൽ നടത്തപ്പെട്ടതാണെന്നും മറ്റുമുള്ള യാക്കോബായവാദങ്ങൾ ശരിയല്ലെന്നും, യാക്കോബായക്കാർ സ്വീകരിക്കുന്ന നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നീ ആദ്യത്തെ മൂന്നു പൊതു സൂനഹദോസുകളെപ്പോലെ നാലാമത്തെ പൊതുസൂനഹദോസായ കൽക്കദോനിയാസൂനഹദോസിനും വിലയും പ്രാമാണ്യവുമുണ്ടെന്നും ഉള്ളതിനു പതിനാലു തെളിവുകൾ. 51

14. ഉപസംഹാരം:—മലങ്കര യാക്കോബായ സ 75
ഭയുടെ ഉത്ഭവം—മലങ്കര യാക്കോബായസഭയും 75
ഏകസ്വഭാവവിശ്വാസവും—സുപ്രസിദ്ധ സാ 80
ഹിത്യകാരനായ കർദ്ദിനാൾ ന്യൂമാൻ ക
ത്തോലിക്കസഭയിൽ പ്രവേശിക്കാനുണ്ടായ
പ്രധാന കാരണം ഏകസ്വഭാവവാദികളുടെയും
കൽക്കദോനിയാ സൂനഹദോസിന്റെയും ച 84
രിത്രം പഠിച്ചതു് അത്രെ—ന്യൂമാന്റെ സാ
ക്ഷ്യം—ഈ ചരിത്രപഠനം യാക്കോബായക്കാ 86
രിലും മാനസാന്തരം ഉളവാക്കട്ടെ. 89


www.malankaralibrary.com

മലങ്കര

# യാക്കോബായക്കാർ
# ഏകസ്വഭാവവാദികളോ?

---

1951 സെപ്ററംബർ 15-ാംനു- ശനിയാഴ്ചത്തെ "മലയാള മനോരമ"യിൽ പി. ററി. ഐ.—റോയിട്ടരുടെ താഴെക്കാണുന്ന വാർത്ത പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

"മാർപ്പാപ്പാ തിരുമേനിയുടെ ആഹ്വാനം.
നാരകീയ ശത്രുവിനെതിരായുള്ള സമരത്തിൽ
ഒററക്കൊടിക്കീഴിൽ എല്ലാ ക്രൈസ്തവസഭകളും
അണിനിരക്കണം."

വത്തിക്കാൻ, സെപ്ററംബർ 14.

"നാരകീയ ശത്രുവിൻെറ കൈയേററങ്ങൾക്കെതിരായി ഒരൊററക്കൊടിക്കീഴിൽ അണിനിരക്കുവാൻ ലോകത്തിലുള്ള എല്ലാ ക്രൈസ്തവരെയും പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഇന്നു ആഹ്വാനം ചെയ്തിരിക്കുന്നു.

റോമൻ കത്തോലിക്ക സഭയിലെ എല്ലാ വൈദികാദ്ധ്യക്ഷന്മാർക്കും അയക്കപ്പെട്ട സുദീർഘമായ ചാക്രിക ലേഖനത്തിലാണു മാർപ്പാപ്പാ തിരുമേനി ഈ അഭ്യർത്ഥന ചെയ്തിരിക്കുന്നതു്.

അടുത്ത മാസത്തിൽ ആഘോഷിക്കപ്പെടുന്ന കൽക്കദോനിയാ സുനഹദോസിൻെറ 15-ാം ശതാബ്ദപൂർത്തി സംബന്ധിച്ചാണു് ഈ വിശദലേഖനം അയക്കപ്പെട്ടിരിക്കുന്നതു്. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നു നിശ്ചയിച്ച കൽക്കദോനിയാ സുനഹദോസ് സഭാചരിത്രത്തിലെ വിധിനിർണ്ണായകമായ ഒരു സംഭവമാ

www.malankaralibrary.com

യിരുന്നു. ഇതുനിമിത്തം തിരുസഭയിൽനിന്നു പിണങ്ങിപ്പോയവരാണു് ഈജിപ്തയക്കാരും, അർമ്മീനിയാക്കാരും, സുറിയാനി യാക്കോബായക്കാരും.

ഈ സഭകൾ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മാർപ്പാപ്പാ തിരുമേനി അഭ്യർത്ഥിക്കുന്നു.

മാർപ്പാപ്പാ തിരുമേനി ഇപ്രകാരം പ്രസ്താവിക്കുന്നു:— 'ദൈവികവും ക്രൈസ്തവവുമായ സകലതിനെയും നശിപ്പിക്കുന്നതിനു അഥവാ ഉന്മൂലനം ചെയ്യുന്നതിനു വിവിധരാജ്യങ്ങളിൽ ദൈവശത്രുക്കൾ ചെയ്യുന്ന ഭീഷണിയിലെ ബീഭത്സതയും കശ്മലതയും ഭയത്തോടുകൂടിയല്ലാതെ നോക്കുവാൻ ആർക്കു കഴിയും?

സംഘടിതശക്തികളെ എതിർക്കുന്ന ഏവരും, പ്രത്യേകിച്ചു മാമോദീസായാൽ മുദ്രിതരും ക്രിസ്തുവിനുവേണ്ടി പടപൊരുതുവാൻ ബാദ്ധ്യസ്ഥരും ആയവർ, വിഭക്തരും, വിഭിന്നരും, ആയി തുടരുവാൻ പാടുള്ളതല്ല.

കൽക്കദോനിയാ സൂനഹദോസ്.

എ. ഡി. 451-ൽ ഒന്നാം ലെഓൻ മാർപ്പാപ്പായുടെ കാലത്തു് ഏഷ്യാമൈനറിൽ ബിത്തീനിയാ പ്രദേശത്തുള്ള കൽക്കദോനിയാ നഗരത്തിൽവച്ചു കൂടിയ ഈ സൂനഹദോസ് സഭയിലെ നാലാമത്തെ സാർവ്വത്രിക സൂനഹദോസാണു്.

451 ഒക്ടോബർ 8 മുതൽ നവംബർ 1 വരെ ദീർഘിച്ച സൂനഹദോസിൽവച്ചു സഭാപിതാക്കന്മാർ എവുത്തിക്കൂസിൻെറയും അനുയായികളുടെയും ഏകസ്വഭാവവാദത്തെ ശപിക്കയും ക്രിസ്തുവിൽ ദൈവമനുഷ്യസ്വഭാവങ്ങൾ വ്യത്യസ്തങ്ങളായി സ്ഥിതിചെയ്യുന്നു എന്നു് അദ്ധ്യവസാനം ചെയ്യുകയും ചെയ്തു. അറുന്നൂറോളം മെത്രാന്മാർ ആ സൂനഹദോസിൽ സംബന്ധിക്കയുണ്ടായി."

(മലയാള മനോരമ 1951 സെപ്റ്റംബർ 15)

കൽക്കദോനിയാ സൂനഹദോസിൽവച്ചു കത്തോലിക്കാസഭയിൽ നിന്നു ഭിന്നിച്ചുപോയ ഏകസ്വഭാവവാദികൾ—പില്ക്കാലത്തു് ഈജിപ്തായ (Coptic), അബിസ്സീ

www.malankaralibrary.com

നിയൻ, അർമ്മേനിയൻ, യാക്കോബായ എന്നിങ്ങനെ നാലു സഭാവിഭാഗക്കാരായിത്തീർന്നവർ—റോമ്മായിലോ സമീപ രാജ്യങ്ങളിലോ ഇക്കാലംവരെ ഇല്ലാതിരുന്നിട്ടും പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി ആഘോഷിക്കപ്പെടണമെന്നു തീരുമാനിക്കയും, ഈ വിഷയം സംബന്ധിച്ചു ഒരു ചാക്രികലേഖനംതന്നെ പ്രസിദ്ധപ്പെടുത്തി ഭിന്നിച്ചുനില്ക്കുന്നവരെയെല്ലാം കത്തോലിക്കാസഭയിലേക്കു സ്നേഹപൂർവ്വം ക്ഷണിക്കയും ചെയ്യുന്നതിൽനിന്നു ക്രൈസ്തവസഭകളുടെ പുനരൈക്യത്തിൽ മാർപ്പാപ്പായിക്കു എത്രമാത്രം ആകാംക്ഷയുണ്ടെന്നും, അതിനുള്ള യാതൊരവസരവും പാഴാക്കാതെ എത്ര ശ്രദ്ധാപൂർവ്വമാണു് അവിടുന്നു് ഈ വിഷയത്തിൽ പ്രവർത്തിച്ചുവരുന്നതെന്നും മനസ്സിലാക്കാം.

പുനരൈക്യത്തിനായുള്ള മാർപ്പാപ്പായുടെ ഈ ആഹ്വാനം കേരളീയ യാക്കോബായക്കാരെ സംബന്ധിച്ചു പ്രത്യേകം പ്രാധാന്യം അർഹിക്കുന്ന ഒരു സംഭവമാണു്. എന്തുകൊണ്ടെന്നാൽ ലോകത്തിൽ ആകെയുള്ള നാലുലക്ഷത്തി ഇരുപതിനായിരം യാക്കോബായക്കാരിൽ നാലുലക്ഷംപേർ കേരളത്തിൽ വസിച്ചുവരുന്നു; ഇരുപതിനായിരംപേർ മാത്രമേ സിറിയാ, ഇറാക്കു ആദിയായ വിദേശസ്ഥലങ്ങളിൽ വസിക്കുന്നുള്ളു. ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ മാർത്തോമ്മാ ശ്ലീഹായിൽനിന്നു സുവിശേഷം സ്വീകരിക്കുവാൻ ഭാഗ്യധേയം സിദ്ധിച്ച സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വിഭാഗക്കാർ കൽക്കദോനിയാ സൂനഹദോസിനെ നിഷേധിച്ചു യാക്കോബായ സഭയിൽ ഉൾപ്പെട്ടു നില്ക്കുന്നതിന്റെ യഥാർത്ഥകാരണങ്ങൾ ഏവയെന്നും, അവരുടെ ഈ നില സാധുവോ എന്നും കത്തോലിക്കരും യാക്കോബായക്കാരും അന്വേഷിച്ചു വേണ്ട പഠനം നടത്തി പുനരൈക്യ വിഷയത്തിൽ കഴിവതു പരിശ്രമിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരമത്രെ കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തീകരണത്തോടുകൂടി സമാഗതമായിരിക്കുന്നതു്. ആക

www.malankaralibrary.com

യാൽ തിരുസഭയുടെ ആദിമ ശതാബ്ദങ്ങളിലെ അബദ്ധോപദേശങ്ങൾ, എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം, കൽക്കദോനിയാ സൂന്നഹദോസ്, യാക്കോബായസഭയും ഏകസ്വഭാവവാദവും ആദിയായ വിഷയങ്ങളെ സംബന്ധിച്ച് ഈ ലഘുലേഖയിൽ സംക്ഷിപ്തമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## 1. അപ്പൊസ്തോലിക കാലത്തെ അബദ്ധോപദേശങ്ങൾ.

ദൈവപുത്രനായ ക്രിസ്തു സുവിശേഷം പ്രസംഗിക്കുന്നതിന് അപ്പൊസ്തോലന്മാരെ അയക്കയിൽ ഇപ്രകാരം അരുളിച്ചെയ്യുകയുണ്ടായി:—“നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു ......ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ! ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്” (മത്താ. 28, 20). “സത്യാത്മാവു സകല സത്യത്തിലും നിങ്ങളെ നടത്തും” (യോഹ. 16, 13) എന്നും ക്രിസ്തു ശിഷ്യന്മാരോടു അരുളിച്ചെയ്തു. ക്രിസ്തു സ്ഥാപിച്ചതും അപ്പൊസ്തോലന്മാർ പ്രചരിപ്പിച്ചതുമായ സഭയിന്മേൽ നരകവാതിലുകൾ പ്രബലപ്പെടുകയില്ലെന്നും നമ്മുടെ കർത്താവു പ്രവചിച്ചിരിക്കുന്നു (മത്താ. 16, 18). സഭ “സത്യത്തിന്റെ തൂണും അടിസ്ഥാനവു”മാണെന്നു വിശുദ്ധ പൌലോസ് അനുസ്മരിപ്പിക്കുന്നു (1 തിമൊ. 3, 15) ഈക്കാരണങ്ങളാൽ ക്രിസ്തു സ്ഥാപിച്ച സഭ എപ്പോഴെങ്കിലും തെറ്റിൽ ഉൾപ്പെട്ടാൽ സത്യത്തിന്റെ തൂണും അടിത്തറയും ഇളകിപ്പോയെന്നും, നരകവാതിലുകൾ സഭയിന്മേൽ പ്രബലപ്പെട്ടെന്നും, സത്യാത്മാവു സഭയെ വഴിനടത്തുന്നതിൽ നിന്നു വിരമിച്ചെന്നും, “ലോകാവസാനംവരെ എല്ലാ നാളുകളിലും ഞാൻ നിങ്ങളോടുകൂടെയുണ്ട്” എന്നുള്ള ദിവ്യരക്ഷകന്റെ വാക്യങ്ങൾ വ്യർത്ഥമായെന്നും സമ്മതിക്കേണ്ടിവരും. ആകയാൽ ലോകത്തിൽ എന്തെല്ലാം അബദ്ധോപദേശങ്ങൾ പ്രചരിച്ചാലും ക്രിസ്തു സ്ഥാപിച്ച സഭ

www.malankaralibrary.com

ഒരുനാളും തെററിൽ ഉൾപ്പെടുകയില്ലെന്നും, ക്രിസ്തുവിൻെറ
നിരന്തരമായ സാന്നിദ്ധ്യത്താലും പരിശുദ്ധാത്മാവിൻെറ
സഹായത്താലും ലോകാവസാനംവരെയുള്ള മനുഷ്യക്കു
നിത്യരക്ഷയുടെ സുനിശ്ചിതമാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊ
ണ്ടു സഭ അചഞ്ചലമായി നിലകൊള്ളുമെന്നും സമ്മതി
ക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ഇങ്ങനെ ക്രിസ്തുവും അപ്പോസ്തോലന്മാരും മനുഷ്യവർഗ്ഗ
ത്തിനു് എന്നേക്കുമായി നല്കിയ ദിവ്യോപദേശങ്ങൾ
ദൈവിക പരിപാലനയിൽ അഭേദ്യമായി ലോകാവസാ
നംവരെ നിലനിൽക്കുമെങ്കിലും ഈ ഉപദേശങ്ങളെ നി
ഷേധിച്ചു് അവയ്ക്കെതിരായി അബദ്ധോപദേശങ്ങൾ പ
ഠിപ്പിക്കുന്നവർ ഏതുകാലത്തും ലോകത്തിൽ ഉണ്ടായിരി
ക്കുമെന്നും, അവരുടെ അബദ്ധോപദേശങ്ങൾ ആരും സ്വീ
കരിക്കരുതെന്നും നമ്മുടെ കർത്താവും ശ്ലീഹന്മാരും പല
പ്രാവശ്യം സ്പഷ്ടമായി അറിയിച്ചിട്ടുണ്ടു്. "പ്രീശരുടെയും
സദുക്കായരുടെയും പുളിച്ചമാവിൽനിന്നു ഭക്ഷിക്കാതിരി
ക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ......പ്രീശരുടെയും സദുക്കാ
യരുടെയും ഉപദേശത്തിൽ നിന്നല്ലാതെ അപ്പത്തിൻെറ
പുളിപ്പിൽ നിന്നല്ല തങ്ങൾ സൂക്ഷിച്ചുകൊള്ളുവാൻ അവൻ
അരുളിച്ചെയ്തതെന്നു് അപ്പോൾ അവർ ഗ്രഹിച്ചു" (മത്താ.
16, 6. 12). "കുഞ്ഞാടുകളുടെ വേഷങ്ങളിൽ നിങ്ങളുടെ
അടുക്കൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളു
വിൻ; എന്തുകൊണ്ടെന്നാൽ അകമേ അവർ കടിച്ചുകീ
റുന്ന ചെന്നായ്ക്കളാകുന്നു" (മത്താ. 7, 15). ലോകരക്ഷക
ൻെറ ഈ വാക്കുകളുടെ അർത്ഥം തൻെറ ഉപദേശങ്ങൾക്കു
വിപരീതമായ ഉപദേശങ്ങൾ നല്കുന്ന പ്രീശരുടെയും സ
ദുക്കായരുടെയും വ്യാജപ്രവാചകന്മാരുടെയും അബദ്ധസി
ദ്ധാന്തങ്ങൾ ആരും സ്വീകരിക്കരുതെന്നാണല്ലോ.

വി. പൌലോസ് സുവിശേഷം പ്രസംഗിച്ച ഗലാ
ത്തിയാ, കൊറീന്തു്, തെസലോനിക്കാ ആദിയായ സ്ഥ
ലങ്ങളിൽ അബദ്ധോപദേശങ്ങൾ പഠിപ്പിച്ചിരുന്ന പ
ലരുമുണ്ടായിരുന്നു. അപ്പോസ്തോലന്മാരോ, സ്വർഗ്ഗത്തിൽ
നിന്നു് ഒരു ദൈവദൂതനോ അപ്പോസ്തോലന്മാർ ആദ്യം

www.malankaralibrary.com

ഉപദേശിച്ചിട്ടുള്ളതിൽ നിന്നു വ്യത്യസ്തമായ യാതൊരു ഉപദേശവും നല്കാൻ അധികാരമില്ലെന്നും, അങ്ങനെ പുതിയ ഉപദേശങ്ങൾ നല്കുന്നതു ആരു ഒരു ദൈവദൂതൻ തന്നെയാണെങ്കിലും ശപിക്കപ്പെട്ടവനായിത്തീരുമെന്നും വി. പൌലോസ് സധൈര്യം പ്രസ്താവിക്കുന്നു. "ഞങ്ങൾ നിങ്ങളോട് അറിയിച്ചുതുവിട്ട് ഞങ്ങൾതന്നെയാകട്ടെ, സ്വർഗ്ഗത്തിൽ നിന്നു ഒരു മാലാഖയാകട്ടെ നിങ്ങളോടു അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗാലാത്തി. 1, 8). "എന്റെ സഹോദരന്മാരേ, നിങ്ങൾ പഠിച്ചിട്ടുള്ള ഉപദേശം വിട്ടു ഭിന്നതകളും ഇടർച്ചകളും ഉണ്ടാക്കുന്നവരിൽ നിന്നു നാശം നേരിടാതെ സൂക്ഷിച്ചുകൊള്ളണം. നിങ്ങൾ അവരിൽനിന്നു് അകന്നു പോകണം എന്നു നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു" (റോമ്മാ. 16, 17) എന്നത്രെ വി. പൌലോസ് റോമ്മാക്കാർക്കു അയച്ച ലേഖനത്തിൽ പറയുന്നതു്.

ക്രിസ്തുവിന്റെ ദൈവത്വത്തെയും അവിടുത്തേക്കു സാക്ഷാൽ ശരീരമുണ്ടായിരുന്നു എന്നുള്ള സത്യത്തെയും നിഷേധിച്ച ചെറിൻതൂസ്, ബസീലിദെസ് ആദിയായ പാഷണ്ഡികൾക്കു് എതിരായി ലേഖനം എഴുതിയ വി. യോഹന്നാൻ ഇപ്രകാരം പ്രസ്താവിക്കുന്നു:_"ഈശോമിശിഹാ ശരീരത്തോടുകൂടിവന്നു എന്നു സമ്മതിക്കാത്ത വളരെ വഞ്ചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടിട്ടുണ്ടു്........മിശിഹായുടെ ഉപദേശത്തിൽ നിലനില്ക്കാതെ, അതിരുകടന്നുപോകുന്ന ഒരുവനും ദൈവമില്ല. അവന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവൻ ആരോ അവനു പിതാവും പുത്രനുമുണ്ടു്. ഒരുത്തൻ നിങ്ങളുടെ അടുക്കൽ വരുകയും ഈ ഉപദേശം കൊണ്ടുവരാതിരിക്കയും ചെയ്താൽ അവനെ വീട്ടിൽ സ്വീകരിക്കരുതു്. അവനു സ്വസ്തി പറയുകയുമരുതു്. എന്തുകൊണ്ടെന്നാൽ അവനു സ്വസ്തി പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ പങ്കുകാരനായിത്തീരുന്നു" (2 യോഹ. 7. 11).

മുകളിൽ ഉദ്ധരിച്ച വിവിധ സാക്ഷ്യങ്ങളിൽ നിന്നു ക്രിസ്തുവും ശ്ലീഹന്മാരും പഠിപ്പിച്ചിട്ടുള്ള അതേ ദിവ്യോ

www.malankaralibrary.com

പദേശങ്ങളെ ക്രിസ്ത്യാനികൾ അഭേദ്യമായി പരിപാലിച്ചുകൊണ്ടുപോകണമെന്നും, അബദ്ധോപദേശങ്ങൾ നൽകുന്നവരുടെ വലയിൽ കുടുങ്ങാതെ ശ്രദ്ധാപൂർവ്വം ജീവിക്കേണ്ടതാണെന്നുമുള്ള വിശ്വാസം അപ്പൊസ്തോലിക കാലത്തുതന്നെ സഭയിൽ ഉണ്ടായിരുന്നതായി തെളിയുന്നു.

## 2. ആരിയോസ്, മക്കദോനിയസ്, നെസ്തോറിയസ് എന്നിവരുടെ പാഷണ്ഡതകളും നിക്യാ, കോൺസ്റ്റന്റിനോപ്പിൾ, എഫേസൂസ് എന്നീ പൊതു സുന്നഹദോസുകളും.

അപ്പൊസ്തോലന്മാരുടെ കാലശേഷവും പാഷണ്ഡോപദേശങ്ങൾ നല്കി പലരെയും വഴിതെറ്റിച്ചവർ ധാരാളമുണ്ടായിരുന്നു. എന്നാൽ തിരുസഭ അപ്പഴപ്പോൾ സുന്നഹദോസുകൾകൂടി ഈ പാഷണ്ഡികളെയെല്ലാം ശപിച്ചു സഭയിൽ നിന്നു ബഹിഷ്കരിക്കയും അവർ നിഷേധിച്ച വിശ്വാസസത്യങ്ങളെ ഭംഗിയായി വിശദീകരിച്ചു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു.

ദൈവം സൃഷ്ടിച്ച എല്ലാ സൃഷ്ടികളിലുംവച്ചു ക്രിസ്തു ശ്രേഷ്ഠവും ഉൽകൃഷ്ടസൃഷ്ടിയെന്നല്ലാതെ ദൈവമല്ലെന്നത്രെ ആരിയോസ് പഠിപ്പിച്ചതു്. ക്രിസ്ത്വബ്ദം 325-ൽ നിക്യായിൽ സമ്മേളിച്ച ഒന്നാമത്തെ പൊതുസുന്നഹദോസ് ആരിയോസിന്റെ ഈ ഉപദേശത്തെ ശപിച്ചു്, വി. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ പ്രകാശത്തിൽ നിന്നുള്ള പ്രകാശം എന്നപോലെ അനാദിയിൽ പിതാവിൽ നിന്നു ജനിച്ചു പിതാവിനോടു സമത്വമുള്ള ദൈവമാണെന്നു പ്രഖ്യാപനം ചെയ്തു. പരിശുദ്ധാത്മാവു ദൈവമല്ലെന്നു വാദിച്ച മക്കദോനിയസിനെ 381-ൽ കോൺസ്റ്റന്റിനോപ്പിളിൽനടന്ന രണ്ടാമത്തെപൊതു സുന്നഹദോസ് ശപിച്ചു് പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും സമത്വമുള്ള ദൈവമാണെന്നു വിധി പ്രസ്താവിച്ചു. മറ

www.malankaralibrary.com

ഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ രണ്ടാളുകൾ അഥവാ വ്യക്തിത്വങ്ങൾ ((Person, ക്നൂമ്മാ) ഉണ്ടായിരുന്നെന്നു കോൺസ്റ്റൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയസ് പഠിപ്പിക്കയുണ്ടായി. പിറവിക്കുരുടന്മാരുടെ കണ്ണുകൾ തുറക്കുക, മരിച്ചവരെ ഉയിർപ്പിക്കുക മുതലായ അത്ഭുതങ്ങൾ ചെയ്ത ദൈവിക ആൾ, വിശപ്പ്, ദാഹം, പീഡകൾ മുതലായവ സഹിച്ച മാനുഷിക ആൾ എന്നിങ്ങനെ സാക്ഷാൽ വിഭിന്നരായ രണ്ടാളുകൾ ക്രിസ്തുവിൽ ഉണ്ടായിരുന്നെന്നും, എന്നാൽ മനുഷ്യദൃഷ്ടിക്കു ബാഹ്യമായി ഒരാളായി മാത്രം അവിടുന്നു കാണപ്പെട്ടിരുന്നെന്നും, കന്യകമറിയാമിനെ മനുഷ്യനായ ക്രിസ്തുവിന്റെ അമ്മ എന്നല്ലാതെ ദൈവമാതാവെന്നു വിളിക്കുവാൻ പാടില്ലെന്നും നെസ്തോറിയസ് ഉപദേശിച്ചു. 431-ൽ എഫേസൂസിൽ നടന്ന മൂന്നാമത്തെ പൊതുസൂനഹദോസ് നെസ്തോറിയസിനെ ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചു. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ ദൈവിക ആൾ, മാനുഷിക ആൾ എന്നിങ്ങനെ രണ്ടാളുകൾ അഥവാ വ്യക്തികളായി വിഭജിക്കുവാൻ പാടില്ലെന്നും, സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ ക്രിസ്തു ഒററ വ്യക്തിത്വത്തിൽത്തന്നെയാണു സ്ഥിതി ചെയ്തിരുന്നതെന്നും, സാക്ഷാൽ മനുഷ്യൻ എന്നതുപോലെ സാക്ഷാൽ ദൈവവുമായ ക്രിസ്തുവിനെ മറിയാം പ്രസവിച്ചതിനാൽ കന്യകാമറിയാമിനെ ദൈവമാതാവെന്നു വിളിക്കുന്നതിൽ യാതൊരു തെററുമില്ലെന്നും എഫേസൂസ് സൂനഹദോസ് പ്രഖ്യാപനം ചെയ്തു.

## 3. എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം.

മൂന്നൂറോളം അംഗങ്ങളുണ്ടായിരുന്ന കോൺസ്റ്റൻറിനോപ്പിൾ സന്യാസസഭയുടെ ശ്രേഷ്ഠനും, ക്രിസ്തുവിൽ രണ്ടാളുകൾ ഉണ്ടെന്നുള്ള നെസ്തോറിയൻ പാഷണ്ഡതയ്ക്കു എതിരായി ശക്തിപൂർവ്വം പോരാടി റോമ്മായിലെ ലെഓൻ മാർപ്പാപ്പായുടെ പ്രശംസയ്ക്കു പാത്രീഭൂതനുമായ എവുത്തിക്കോസ് നിർഭാഗ്യവശാൽ പിന്നീടു ഒരു പാഷണ്ഡിയാ

www.malankaralibrary.com

യിത്തീൎന്നു. ക്രിസ്തുവിൽ ഒരു വ്യക്തിത്വം മാത്രമേ ഉള്ളു എന്നാണല്ലോ നെസ്തോറിയസിനു് എതിരായി എഫേസൂസ് സുന്നഹദോസ് പ്രഖ്യാപനം ചെയ്തതു്. ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളുവെങ്കിൽ ഒരു സ്വഭാവം (Nature, ക്യോനോ) മാത്രമേ ഉള്ളു എന്നത്രെ എവുത്തിക്കോസ് പഠിപ്പിച്ചതു്. മഹാസമുദ്രത്തിൽ ഒരുതുള്ളി തേൻ ഒഴിച്ചാൽ അതു സമുദ്രജലത്തിൽ മുഴുവനായി ലയിച്ചുപോകുന്നതുപോലെ ദൈവപുത്രനായ ക്രിസ്തു മനുഷ്യാവതാരം ചെയ്തപ്പോൾ അവിടുത്തെ മനുഷ്യസ്വഭാവം അനന്തമാഹാത്മ്യമുള്ള ദൈവസ്വഭാവത്തിൽ ലയിച്ചുപോയെന്നും, തന്മൂലം ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേ ഉള്ളു എന്നുമായിരുന്നു എവുത്തിക്കോസിന്റെ വാദം.

ദൈവപുത്രൻ മനുഷ്യാവതാരം ചെയ്ത നിമിഷത്തിൽ തന്നെ അവിടുത്തെ മനുഷ്യസ്വഭാവം നശിച്ചുപോയെങ്കിൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു എന്നു പറയുന്നതിൽ അൎത്ഥമെന്തു്? മനുഷ്യസ്വഭാവം ഇല്ലാത്ത ആൾ മനുഷ്യനായി അവതരിച്ചു എന്നു പറയുന്നതു് എന്തിനു്? ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേ ഉള്ളുവെങ്കിൽ അവിടുന്നു ഭക്ഷിക്കയും, പാനം ചെയ്യുകയും, പീഡകൾ സഹിക്കയും, മരിക്കയും ചെയ്തതു ലോകത്തിലെ മനുഷ്യർ കാണുവാൻവേണ്ടി നടത്തിയ ഒരു അഭിനയം മാത്രമാണെന്നു സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ ദൈവസ്വഭാവം മാത്രമുള്ള ഒരാൾ വിശപ്പിനും ദാഹത്തിനും പീഡകൾക്കും മരണത്തിനും അതീതനാണു്. ആകയാൽ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പൂൎണ്ണമായി ഉണ്ടായിരിക്കണം.

അബദ്ധോപദേശത്തെ പിൻവലിക്കാൻ വിസമ്മതിച്ച എവുത്തിക്കോസിനെ കോൺസ്റ്റൻറിനോപ്പിൾ പാത്രിയൎക്കീസായ ഫ്ളാവിയന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച പ്രാദേശിക സുന്നഹദോസ് ശപിക്കയുണ്ടായി. സുന്നഹദോസിന്റെ വിധിയിൽ അതൃപ്തനായ എവുത്തിക്കോസു് റോമ്മായിലെ ലെയോൻ മാർപ്പാപ്പായുടെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചു. മാർപ്പാപ്പായിക്കു്

www.malankaralibrary.com

അയച്ച ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:— "മതസംരക്ഷകനും ഭിന്നതകളുടെ ശത്രുവുമായ അവിടുത്തെ ഞാൻ അഭയംപ്രാപിക്കുന്നു...... എനിക്കെതിരായി തീരുമാനിച്ചതിനെ അവഗണിച്ചുകൊണ്ടു വിശ്വാസസംബന്ധമായി തക്കതായ ഒരു തീരുമാനം അവിടുന്നു പ്രഖ്യാപനം ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ദുരാലോചനക്കാർ അധിക്ഷേപങ്ങളോടുകൂടി എന്നെ പിന്തുടരുവാൻ അവിടുന്നു അനുവദിക്കരുതു്. എഴുപതു സംവത്സരം ആത്മനിയന്ത്രണത്തിലും വിരക്തിയിലും ജീവിച്ചിട്ടുള്ള എന്നെ സത്യവിശ്വാസികളുടെ ഗണത്തിൽനിന്നു അവർ ബഹിഷ്കരിക്കുവാൻ അവിടുന്നു് ഇടയാക്കരുതു്" (Mansi, V, 1014).

തന്റെ ഉപദേശത്തെ അനുകൂലിക്കണമെന്നു കാണിച്ചു് എവുത്തിക്കോസ് ഒരു യൌനായക്കാരനും (Greek) റാവെന്നായിലെ മെത്രാപ്പോലീത്തായുമായിരുന്ന വി. പത്രോസ് ക്രിസോളോഗോസിനു അയച്ച ഒരു ലേഖനത്തിനു മറുപടിയായി ആ വിശുദ്ധൻ എവുത്തിക്കോസിനു ഇങ്ങനെ എഴുതി:—" ബഹുമാന്യസഹോദരാ! എല്ലാററിലും ഉപരിയായി റോമ്മായിലെ അനുഗൃഹീതനായ പാപ്പാ എഴുതിയിട്ടുള്ള സകല കാര്യങ്ങളെയും അനുസരിക്കുന്നതിൽ ശ്രദ്ധപതിക്കണമെന്നു ഞാൻ താങ്കളെ ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വസിംഹാസനത്തിൽ ജീവിച്ചു് ആധ്യക്ഷം വഹിക്കുന്ന അനുഗൃഹീതനായ പത്രോസ് അന്വേഷിക്കുന്നവക്കു സത്യവിശ്വാസത്തെ പ്രദാനം ചെയ്യുന്നു. വാസ്തവത്തിൽ സമാധാനവും വിശ്വാസവും കാംക്ഷിക്കുന്നതു നിമിത്തം റോമ്മാനഗരത്തിലെ മെത്രാന്റെ സമ്മതമില്ലാതെ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ കേൾക്കുവാൻ നമുക്കു നിവൃത്തിയില്ല" (Fragm. apud Leonem M. Ep. 25; ML 54, 741) പൌരസ്ത്യദേശത്താണു് എവുത്തിക്കോസ് അബദ്ധോപദേശം പഠിപ്പിച്ചിരുന്നതു്. ക്രിസോളോഗോസും പൌരസ്ത്യദേശീയനാണു്. പാശ്ചാത്യദേശത്തോ പൌരസ്ത്യദേശത്തോ എന്നല്ല സഭയിൽ എവിടെയെങ്കിലും വിശ്വാ

www.malankaralibrary.com

സവിഷയങ്ങളിൽ ഗൌരവാവഹമായ അഭിപ്രായ വ്യത്യാസമുണ്ടാകുമ്പോൾ വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമിയും സഭ മുഴുവനിലും പരമാധികാരമുള്ളവനും എന്ന നിലയിൽ റോമ്മാ സിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പായിക്കാണ് ആ തർക്കവിഷയങ്ങളെപ്പററി ഔദ്യോഗികമായവിധി പറയുന്നതിന് അധികാരമുള്ളതു് എന്നുള്ള വിശ്വാസം പുരാതനകാലം തുടങ്ങി പൌരസ്ത്യ സഭയിൽ തന്നെയും ഉണ്ടായിരുന്നെന്നു് എവുത്തിക്കോസിൻെറയും ക്രിസോളോഗോസിൻെറയും ലേഖനത്തിലെ വാചകങ്ങൾ പ്രസ്പഷ്ടമാക്കുന്നു.

## 4. എഫേസൂസിലെ തസ്കരസംഘം.

ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ചുണ്ടായ തർക്കം ഒരു പൊതുസൂന്നഹദോസുകൂടി തീരുമാനിക്കണമെന്നു് എവുത്തിക്കോസിൻെറ കക്ഷികൾ നിർബന്ധിക്കയാൽ റോമ്മായിലെ ലെഓൻ മാർപ്പാപ്പാ അതിനു സമ്മതിച്ചു. എഫേസൂസിൽ നടന്ന ഈ യോഗത്തിൽ പുരാതനമായ നിയമങ്ങളും നടപടിയുമനുസരിച്ചു മാർപ്പാപ്പായുടെ പ്രതിനിധിമാർക്കു അദ്ധ്യക്ഷസ്ഥാനം നൽകാതെ എവുത്തിക്കോസിനെ അനുകൂലിക്കയും ഫ്ലാവിയൻ പാത്രിയർക്കീസിനെ ദ്വേഷിക്കയും ചെയ്തിരുന്ന അലക്സാണ്ഡ്റിയായിലെ ദീയസ്ക്കോറോസ് പാത്രിയർക്കീസ് ആദ്ധ്യക്ഷസ്ഥാനം സ്വയം സ്വീകരിച്ചു. എവുത്തിക്കോസിൻെറ ഉപദേശം ശരിയാണെന്നു ദീയസ്ക്കോറോസ് പ്രഖ്യാപനം ചെയ്യുകയും, അദ്ദേഹത്തിൻെറ ഉപദേശത്തെ ശപിച്ച ഫ്ലാവിയൻ പാത്രിയർക്കീസിനെയും മററു മെത്രാന്മാരെയും സ്ഥാനഭ്രംശം ചെയ്തിട്ടു അവരുടെ സ്ഥാനങ്ങളിൽ വേറെ മെത്രാന്മാരെ വാഴിക്കയും ചെയ്തു. സൂന്നഹദോസിൻെറ നിശ്ചയങ്ങളെ എതിർത്ത മെത്രാന്മാരെ ദീയസ്ക്കോറോസിൻെറ നിർദ്ദേശമനുസരിച്ചു തെയോദോസിയോസ് ചക്രവർത്തിയുടെ ഭടന്മാർ നിർദ്ദയം മർദ്ദിക്കയുണ്ടായി. മാർപ്പാപ്പായുടെ പ്രതിനിധിമാരിൽ ഒരാളായ ഹില്ലാരി എന്ന ആറാം പട്ടക്കാരൻ സൂന

www.malankaralibrary.com

ഹദോസ് നിശ്ചയങ്ങളെയെല്ലാം പ്രതിഷേധിക്കുന്നു എന്നു മാർപ്പാപ്പായുടെ നാമത്തിൽ പ്രഖ്യാപനം ചെയ്തിട്ടു ഓടി രക്ഷപ്പെട്ടു. പല മെത്രാന്മാരെയും ഭടന്മാർ ഭയപ്പെടുത്തി യോഗനിശ്ചയങ്ങളിൽ ഒപ്പു വയ്പിച്ചു. ചിലർ യോഗനിശ്ചയങ്ങൾ എഴുതാഞ്ഞ വെറും വെള്ളക്കടലാസിലാണു ഒപ്പുവച്ചതു. എങ്കിലും എല്ലാവരുടെയും നാമങ്ങൾ യോഗനിശ്ചയങ്ങളുടെ അടിയിൽ കൂട്ടിച്ചേർക്കയുണ്ടായി. തൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഈ യോഗത്തെ ഒരു പൊതുസൂനഹദോസായി ദീയസ്കോറോസ് പ്രഖ്യാപനം ചെയ്തു. എന്നാൽ ഈ യോഗത്തിൽ നടന്ന അക്രമപ്രവൃത്തികളെ ആസ്പദമാക്കി ലെഓൻ മാർപ്പാപ്പാ ഇതിനെ "Robber synod" അഥവാ "തസ്കരസംഘം" എന്നു വിളിക്കയും മലിനമായ ഈ നാമത്തിൽതന്നെ ചരിത്രഗ്രന്ഥങ്ങളിൽ ഇതു അറിയപ്പെടുകയും ചെയ്യുന്നു. "തസ്കരസംഘ"ത്തിൽവച്ചു ദേഹോപദ്രവമേററതിൻെറ ഫലമായി ഫ്ളാവിയൻ പാത്രിയർക്കീസു മൂന്നു ദിവസത്തിനുശേഷം മരണം പ്രാപിച്ചു.

## 5. കൽക്കദോനിയാസൂനഹദോസ്.

എവുത്തിക്കോസിൻെറ അബദ്ധോപദേശങ്ങളെ ആദരിച്ച ദീയസ്കോറോസിനെ ശപിച്ചു സത്യവിശ്വാസം പ്രഖ്യാപനം ചെയ്യുന്നതിനായി 451 ഒക്ടോബർ 8—ാംനു- കൽക്കദോനിയായിൽ സമ്മേളിച്ച നാലാമത്തെ പൊതു സൂനഹദോസിൽ 630 മേല്പട്ടക്കാർ സംബന്ധിച്ചിരുന്നു. പുരാതനമായ നടപടിയനുസരിച്ചു മാർപ്പാപ്പായുടെ പ്രതിനിധിമാരായി അയക്കപ്പെട്ട പാസ്കാസിനൂസ്, ലൂക്കേൻസിയൂസ് എന്നീ മെത്രാന്മാരും, ബൊനിഫാസ് എന്ന പട്ടക്കാരനും സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ചു. ദീയസ്കോറോസ് എവുത്തിക്കോസിൻെറ അബദ്ധോപദേശങ്ങളെ പരിത്യജിക്കാൻ വിസമ്മതിക്കയും "തസ്കരസംഘ"ത്തിൽവച്ചു ചെയ്ത അക്രമപ്രവൃത്തികളെക്കുറിച്ചു യാതൊരു അനുതാപവും കാണിക്കാതെ അവയെ സാധൂകരിക്കുന്നതിനു ശ്രമിക്കയും ചെ

www.malankaralibrary.com

ഷ്ടതിനാൽ സൂനഹദോസിലെ പിതാക്കന്മാർ അദ്ദേഹം കുററക്കാരനും ശിക്ഷാർഹനുമാണെന്നു് അഭിപ്രായപ്പെട്ടു. മാർപ്പാപ്പായുടെ പ്രതിനിധിമാരിൽ ഒരാളായ പാസ്കാസിനൂസ് ദീയസ്ക്കോറോസിനെതിരായി മാർപ്പാപ്പായുടെ നാമത്തിൽ ഔദ്യോഗികമായ വിധിപ്രസ്താവിച്ചു. സൂനഹദോസ് ദീയസ്കോറോസിനെ സ്ഥാനഭ്രംശം ചെയ്തു തൽസ്ഥാനത്തു് പ്രോത്തേറിയസിനെ അലക്സാണ്ഡ്റിയാ പാത്രിയക്കീസായി നിയമിച്ചു. ദീയസ്കോറോസിന്റെ സ്ഥാനഭ്രംശത്തെ മാർസിയൻ ചക്രവത്തി സ്ഥിരീകരിച്ചു് പാഷണ്ഡികൾക്കു തക്കതായ ശിക്ഷനൽകണമെന്നുള്ള അക്കാലത്തെ രാജ്യനിയമമനുസരിച്ചു ഗാൻഗ്രാ എന്ന സ്ഥലത്തേക്കു അദ്ദേഹത്തെ നാടുകടത്തി. 454-ൽ അവിടെവച്ചു അദ്ദേഹം മരണം പ്രാപിച്ചു.

## 6. യാക്കോബായ സഭയുടെ ഉത്ഭവം.

അബദ്ധോപദേശങ്ങൾ പഠിപ്പിക്കുന്നവരെ അനുഗമിക്കുന്നവരുടെ ഇടയിൽ കാലക്രമേണ ധാരാളം ഭിന്നതകളും അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകുക പതിവാണു്. ആരിയോസിന്റെ അബദ്ധോപദേശത്തെ സ്വീകരിച്ചവരുടെ ഇടയിൽ ആധികം താമസിയാതെ അർദ്ധആരിയൻ, ഹോമോയൻ, അനോമെയൻ എന്നിങ്ങനെ അനേകം ഭിന്നതകളുണ്ടായി. 16-ാം ശതാബ്ദത്തിൽ സമാരംഭിച്ച പ്രോട്ടസ്റ്റൻറു മതപരിവത്തനത്തിലെ പ്രധാന നേതാക്കന്മാരായ ലൂഥർ, സ്വീൻഗ്ലി, കാൽവിൻ ആദിയായവരുടെ ഇടയിലും സർവ്വപ്രധാനമായ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചുപോലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടു്. ലൂഥറിന്റെ അനുഗാമികളായിരുന്ന കാൾസ്റ്റാഡ്, ദിദീമൂസ് ആദിയായ പലരും കുറേക്കാലം കഴിഞ്ഞു ലൂഥറിന്റെ ഉപദേശങ്ങൾക്കു് എതിരായി പ്രസംഗിച്ചു് ലൂഥറിന്റെ ബദ്ധശത്രുക്കളായിത്തീൎന്നു. ഇതുപോലെ എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ അനുകൂലിച്ചതു നിമിത്തം കൽക്കദോനിയാ സൂനഹദോസിൽവച്ചു ബഹിഷ്കൃതരായ ഏക സ്വഭാവ

www.malankaralibrary.com

വാദികളുടെ ഇടയിലും കാലാന്തരത്തിൽ പല ഭിന്നതകളുണ്ടായി. ചിലർ എവുത്തിക്കോസിന്റെ ഏക സ്വഭാവവാദത്തെ നിഷേധിച്ചും അദ്ദേഹത്തെ ഒരു പാഷണ്ഡിയായി പരിഗണിച്ചും ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പരിപൂർണ്ണമായി ഉണ്ടെന്നു വാദിച്ചു. ഏകസ്വഭാവവാദികളുടെ ഒരു നേതാവും പല ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ദേഹവുമായ അന്ത്യോക്യായിലെ സെവേറിയോസിന്റെ കക്ഷിക്കാർ ക്രിസ്തുവിന്റെ ശരീരം നശ്വരമാണെന്നു പഠിപ്പിച്ചു; എന്നാൽ ജൂലിയൻ എന്ന വേറൊരു നേതാവിന്റെ അനുയായികൾ അതു നിഷേധിച്ച് ക്രിസ്തുവിന്റെ ശരീരം അനശ്വരമാണെന്ന് ഉപദേശിച്ചു. അലക്സാണ്ഡ്റിയായിലെ തെമിസ്റ്റിയസിന്റെ ഭാഗക്കാർ ക്രിസ്തുവിനു ദൈവത്തെപ്പോലെ ജ്ഞാനമില്ലെന്നു പഠിപ്പിച്ചു. ത്രിതെയിററ്സ് എന്ന വേറൊരുകൂട്ടർ പരിശുദ്ധ ത്രിത്വത്തിൽ വിഭിന്നങ്ങളായ മൂന്നു സ്വഭാവങ്ങൾ ഉണ്ടെന്നു വാദിച്ചു. ഇങ്ങനെ ഏകസ്വഭാവവാദികളുടെ ഉപദേശങ്ങൾ ഇക്കാലത്തെ പ്രോട്ടസ്റ്റൻറുകാരുടേതുപോലെ വിഭിന്നങ്ങളായിത്തീൎന്നു. ഏകസ്വഭാവവാദികൾ ഇരുപതോളം വിഭാഗക്കാരായി വേർതിരിഞ്ഞു മിക്കവാറും നാമാവശേഷമാകത്തക്ക സ്ഥിതിയിൽ അധഃപതിച്ച അവസരത്തിൽ യാക്കോബ് ബുർദാനാ എന്ന ഒരു സന്യാസി അവരെ സംഘടിപ്പിക്കുന്നതിനു അശ്രാന്ത പരിശ്രമം ചെയ്തു. കോൺസ്റ്റൻറിനോപ്പിളിൽ കാരാഗൃഹത്തിൽ കിടന്നിരുന്ന ഒരു ഏക സ്വഭാവവാദിയും അലക്സാണ്ഡ്റിയായിലെ പാത്രിയർക്കീസുമായിരുന്ന തെഒഡോസിയസിൽനിന്ന് ഏകസ്വഭാവവാദികളെ അനുകൂലിച്ചിരുന്ന തെഒദോരാ ചക്രവർത്തിനിയുടെ സഹായത്താൽ 543-ൽ ഒരു രാത്രിയിൽ യാക്കോബ് ബുർദാനാ എദേസ്സായിലെ മെത്രാനും പൌരസ്ത്യദേശത്തെ ഏകസ്വഭാവവാദികളുടെയെല്ലാം മെത്രാപ്പോലീത്തായുമായി അഭിഷിക്തനായി. ഇദ്ദേഹം പല സ്ഥലങ്ങളിലും ചുററി സ്സഞ്ചരിക്കയും ഏകസ്വഭാവവാദികളുടെ ഇടയിലുള്ള ഐക്യം ദൃഢതരമാക്കുന്നതിനുവേണ്ടി എൺപതിനായിരം പേർക്കോളം പട്ടം കൊടുക്കുകയുമുണ്ടായി. ഇവരിൽ 89

www.malankaralibrary.com

മെത്രാന്മാരും രണ്ടു പാത്രിയക്കീസുമാരും ഉൾപ്പെടുന്നു. യാക്കോബ് ബുർദാനായുടെ കാലത്തു സിറിയായിലും എജിപ്തിലും മറവുമുണ്ടായിരുന്ന ഏകസ്വഭാവവാദികൾ "യാക്കോബായക്കാർ" എന്നു സ്വയം സംബോധന ചെയ്തു തുടങ്ങി. വി. കുർബാനയിലെ 5-ാം തുബ്ദേനിൽ (മദ്ധ്യസ്ഥപ്രാർത്ഥനയിൽ) യാക്കോബ് ബുർദാനായെപ്പററി "സത്യവിശ്വാസത്തെ നിലനിറുത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മാർ യാക്കോബ് ബുർദ്ആനായെയും ഞങ്ങൾ ഓർക്കുന്നു" എന്നു യാക്കോബായക്കാർ ചൊല്ലിവരുന്നു.

ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഈ യാക്കോബ് ബുർദ്ആനായിൽ നിന്നാണ് ഏകസ്വഭാവവാദികളിൽ ഒരു വിഭാഗക്കാർക്കു യാക്കോബായക്കാർ എന്ന പേരു ലഭിച്ചതെന്നു 12-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവനും, യാക്കോബായസഭയിലെ ഒരു മപ്രിയാൻ അഥവാ കാതോലിക്കായും "ഹൂദായകാനോൻ" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവുമായ ബർ എബ്രായാസമ്മതിച്ചു പറയുന്നുണ്ട്. (Chron. Eccl. 1, 218-Syriac). 1465-ാം ആണ്ടിനോടു അടുത്ത കാലഘട്ടത്തിൽ ഒരു യാക്കോബായ പട്ടക്കാരൻ സുറിയാനിയിൽ എഴുതിയിട്ടുള്ളതും വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇപ്പോഴും സൂക്ഷിച്ചുവരുന്നതുമായ യാക്കോബായസഭയുടെ ഒരു കൈയെഴുത്തു പഞ്ചാംഗത്തിൽ കർക്കടകം 31-ാംനു- മർ യാക്കോബബുർദാനായുടെ തിരുനാൾ ദിനമാണെന്നു പറഞ്ഞിട്ടു സുറിയാനിയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:— "മോർ യാക്കുബ് ബുർദ്ഓയോ ദ്മെത്തുദ്ലോസേ എശ്ത്താമഹനാൻ യാക്കുബോയേ" (മാർ യാക്കുബ് ബുർദ്ആയാ. അദ്ദേഹം നിമിത്തം യാക്കോബായക്കാർ എന്നു നാം വിളിക്കപ്പെട്ടു" (Cod. Vat. Syr. LXVIII, 12)

യാക്കോബ് ബുർദാനാ ഏകസ്വഭാവവാദികളെ സംഘടിപ്പിച്ചു അവർക്കായി ഒരു പാത്രിയക്കീസിനെ വാഴിച്ച കാലത്തു വി. പത്രോസിനാൽ സ്ഥാപിതമായ അന്ത്യോക്യാസിംഹാസനത്തിൽ എവുഫ്രോസിയുസും അ

www.malankaralibrary.com

ദ്ദേഹത്തിന്റെ മരണശേഷം എഫ്റോമിയൂസും നിയമാനുസരണം പാത്രിയർക്കീസുമാരായി വാണിരുന്നു. ഇവർ രണ്ടുപേരും കൽക്കദോനിയാസുന്നഹദോസിന്റെ നിശ്ചയങ്ങൾ സ്വീകരിച്ചിരുന്നവരും റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽ നിന്നിരുന്നവരുമായിരുന്നു. ഇവരുടെ സിംഹാസനം കരസ്ഥമാക്കാൻ ഏകസ്വഭാവവാദികൾക്കു സാധിക്കാഞ്ഞതുകൊണ്ടു യാക്കോബ് ബുർദാനാ അന്ത്യോക്യായിൽ നിന്നു വളരെ ദൂരെ സ്ഥിതിചെയ്യുന്ന മർട്ടീൻ എന്ന സ്ഥലത്തു (മെസോപതോമിയായിൽ) ഥെല്ലാ സ്വദേശിയായ സേർജിയൂസ് എന്നൊരാളെ മെത്രാനായി അഭിഷേകം ചെയ്യുകയും "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന സ്ഥാനപ്പേരു അദ്ദേഹത്തിനു നൽകുകയും ചെയ്തു. സേർജിയൂസിന്റെ മരണശേഷം യാക്കോബ് ബുർദാനാ എജിപ്തുകാരൻ പൌലോസിനെ പാത്രിയർക്കീസായി വാഴിച്ചു. യാക്കോബ് ബുർദാനായാൽ വാഴിക്കപ്പെട്ട ഈ സേർജിയൂസിന്റെയും പൌലോസിന്റെയും പിൻഗാമികളത്രെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമാർ. "അന്ത്യോക്യാ പാത്രിയർക്കീസുമാർ" എന്നു വിളിക്കപ്പെട്ടുവരുന്നെങ്കിലും ഇവരാരും അന്ത്യോക്യായിൽ വസിക്കയോ ഭരണം നടത്തുകയോ ചെയ്തിട്ടില്ല. മർട്ടീനിൽ വസിച്ചുകൊണ്ടു അവിടെ യാക്കോബ് ബുർദാനാ സ്ഥാപിച്ച സിംഹാസനത്തെയാണു യാക്കോബായ പാത്രിയർക്കീസുമാർ ഭരിച്ചുവരുന്നതു്. ഇങ്ങനെ വി. പത്രോസ്ശ്ലീഹാ അന്ത്യോക്യായിൽ സ്ഥാപിച്ച സിംഹാസനത്തിൽ യഥാർത്ഥ പാത്രിയർക്കീസ് വാണുകൊണ്ടിരുന്നപ്പോൾ "അന്ത്യോക്യാ പാത്രിയർക്കീസ്" എന്നു സ്ഥാനപ്പേരുകൊടുത്തു മർട്ടീൻ ഭാഗത്തു യാക്കോബ് ബുർദാനാ വാഴിച്ച പാത്രിയർക്കീസിനു വി. പത്രോസിന്റെ അന്ത്യോക്യാസിംഹാസനവുമായി യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല, മർട്ടീനിലെ സിംഹാസനം അനധികൃതമായി സ്ഥാപിക്കപ്പെട്ടതാകയാൽ ആ സിംഹാസനത്തിൽ ഭരണം നടത്തുന്ന യാക്കോബായ പാത്രിയർക്കീസുമാർ യാതൊരു കാരണത്താലും വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമികളല്ലെന്നു പട്ടാപ്പകൽപോലെ സ്പ

www.malankaralibrary.com

ഷമത്രെ. ചുരുക്കിപ്പറഞ്ഞാൽ എവുത്തിക്കോസ് ആരംഭിച്ചതും, ദീയസ്ക്കോറോസ് അനുകൂലിച്ചതുമായ ഏകസ്വഭാവവാദത്തിൽനിന്നു — കൽക്കദോനിയായിൽ സമ്മേളിച്ച നാലാമത്തേ പൊതുസുനഹദോസ് ശപിച്ച അബദ്ധോപദേശത്തിൽ നിന്നു് — സമുത്ഭവിച്ച് അനേക ഭിന്നതകൾ ഉണ്ടായി ഒടുവിൽ നാമാവശേഷമാകാൻ തുടങ്ങിയപ്പോൾ യാക്കോബ് ബുർദാനാ എന്ന മേല്പട്ടക്കാരൻ പുനരുദ്ധരിച്ച നവീനമായ ഒരു ഭരണഘടനയും, അനധികൃതമായ ഒരു പാത്രിയക്കാസ്ഥാനവും നൽകി പരിപോഷിപ്പിച്ച ഒരു സഭയത്രെ യാക്കോബായസഭ.

## 7. ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ച് ഏകസ്വഭാവവാദികളുടെ അഭിപ്രായങ്ങൾ.

ഏകസ്വഭാവവാദികളുടെ ഇടയിൽ വിശ്വാസവിഷയങ്ങളെ സംബന്ധിച്ച പല അഭിപ്രായ വ്യത്യാസങ്ങളുണ്ടായി വിവിധ വിഭാഗങ്ങളായി അവർ വേർപിരിഞ്ഞകാര്യം പ്രസ്താവിച്ചല്ലോ. ഈഗുപ്തായ, അബിസ്സീനിയൻ (എത്തിയോപ്പിയൻ), അർമ്മേനിയൻ, യാക്കോബായ എന്നിങ്ങനെ നാലു വിഭാഗങ്ങളാണ് ഇപ്പോൾ ഏകസ്വഭാവവാദികൾ എന്ന പേരിൽ അറിയപ്പെടുന്നവരുടെ ഇടയിലുള്ളത്. ഈ നാലു സഭാവിഭാഗങ്ങളും, ഈ സഭകളിലെ പണ്ഡിതന്മാരും ഒരേവിധമല്ല ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ച് ഉപദേശങ്ങൾ നൽകിവരുന്നതു്.

ഈഗുപ്തായ സഭയിൽ പ്രചാരത്തിലിരിക്കുന്ന വേദോപദേശ ഗ്രന്ഥത്തിൽ ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു — ദൈവസ്വഭാവം മാത്രമേ ഉള്ളു — എന്നുള്ള എവുത്തിക്കോസിൻെറ അബദ്ധോപദേശം സ്വീകരിച്ചിരിക്കുന്നു. ഇതുപോലെ അബിസ്സീനിയൻ സഭയും എവുത്തിക്കോസിൻെറ ഏകസ്വഭാവവാദം സ്വീകരിക്കുന്നുണ്ടു്. അർമ്മേനിയൻ സഭക്കാർ എവുത്തിക്കോസിൻെറ ഏകസ്വഭാവവാദം ഒരുകാലത്തും സ്വീകരിച്ചിട്ടില്ലെന്നു കത്തോലിക്കരും, അകത്തോലിക്കരും, അർമ്മേനിയരും, വിദേശീയരുമായ പല

www.malankaralibrary.com

പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഏതായാലും അർമ്മേനിയൻ സഭക്കാർ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുന്ന വേദോപദേശ ഗ്രന്ഥങ്ങളിൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള കത്തോലിക്ക വിശ്വാസത്തെ ഉറപ്പിക്കുന്ന ചില പദപ്രയോഗങ്ങൾ സ്വീകരിച്ചിരിക്കുന്നു. യാക്കോബായക്കാരും എവുത്തിക്കോസിൻെറ ഏകസ്വഭാവവാദത്തെ ഔദ്യോഗികമായി ശപിക്കുന്നു.

അർമ്മേനിയൻ സഭക്കാരും യാക്കോബായക്കാരും എവുത്തിക്കോസിൻെറ ഏകസ്വഭാവവാദത്തെ ശപിക്കുന്നെങ്കിലും എല്ലാ ഏകസ്വഭാവവാദികളെയുംപോലെ അവരും കൽക്കദോനിയാ സൂനഹദോസ് പ്രഖ്യാപനം ചെയ്ത വിധത്തിൽ ക്രിസ്തുവിൽ രണ്ടുസ്വഭാവമുണ്ടെന്നുള്ള വിശ്വാസം സ്പഷ്ടമായും സംശയരഹിതമായും ഏററു പറയുവാൻ വിസമ്മതിക്കയും, കൽക്കദോനിയാ സൂനഹദോസും അതിനുശേഷം നടന്നിട്ടുള്ള പൊതു സൂനഹദോസുകളും അസാധുവാണെന്നു പഠിപ്പിക്കയും ചെയ്യുന്നു. എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ ശപിച്ച ലെഓൻ മാർപ്പാപ്പാ നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയാണെന്നത്രെ യാക്കോബായക്കാരുടെ ഉപദേശം. അതേസമയംതന്നെ എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിക്കയാൽ കൽക്കദോനിയാ സൂനഹദോസ് ശപിച്ച സ്ഥാനഭ്രഷ്ടനാക്കിയ ദീയസ്ക്കോറോസിനെ സത്യവിശ്വാസം നിലനിറുത്തിയ വിശുദ്ധ പിതാക്കന്മാരിൽ ഒരാളായി യാക്കോബായസഭ പരിഗണിച്ച് അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം വി. കുർബാനയിൽ യാചിക്കുന്നു.

## 8. ക്രിസ്തുവിൻെറ സ്വഭാവത്തെയും കൽക്കദോദിയാ സൂനഹദോസിനെയും മററും സംബന്ധിച്ച യാക്കോബായസഭയിലെ സാക്ഷ്യങ്ങൾ.

1. യാക്കോബായസഭയിൽ പുരോഹിതപട്ടം കൊടുക്കുമ്പോൾ കാർമ്മികനായ മേല്പട്ടക്കാരൻ പട്ടം സ്വീകരിക്കുന്ന ആൾക്കു നൽകുന്ന ദീർഘമായ ഉപദേശത്തിൽ

www.malankaralibrary.com

ഇപ്രകാരം പറയുന്നു:—"ക്ഷുദ്രക്കാരനായ ശീമോൻ... ആരിയോസ്... മക്കദോനിയസ്... നെസ്തോറിയസ്... ലെഓൻ, കൽക്കദോനിയാസൂനഹദോസ്, നിന്ദ്യനാമധാരിയായ എവുത്തിക്കോസ്... എന്നിവരെയും അവരുടെ മുമ്പും, അവരോടുകൂടെയും, അവരുടെ പിമ്പുമുള്ള മററെല്ലാ മതവിപരീതികളെയും ... നീ നിഷേധിക്കണം" (പട്ടംകൊടക്രമം, ആമൂലുഗിയാ=വിശ്വാസപ്രഖ്യാപനം)

2. വട്ടശ്ശേരി മാർ ദീവന്നാസ്യോസ് തിരുമേനി എഴുതിയ "മതോപദേശസാര"ങ്ങളിൽ എവുത്തിക്കോസിനെ ആരിയോസ്, നെസ്തോറിയസ് മുതലായ വേദവിപരീതികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു (മതോപദേശസാരങ്ങൾ, അവസാനഭാഗം, 27)

3. യാക്കോബായസഭയിൽ പട്ടക്കാരുടെ ശവസംസ്കാരവേളയിൽ ചൊല്ലുന്ന പ്രാർത്ഥനകളുടെകൂടെ ഇങ്ങനെ പറയുന്നു:—"ഞാൻ നെസ്തോറിയസിനെ ശപിക്കുന്നു. ആരിയോസിനെയും മക്കദോനിയസിനെയും ദുഷ്ടനായ ലെഓനെയും ശപിക്കുന്നു... അവരുടെയും അവരുടെ അഭിപ്രായത്തോടു യോജിക്കുന്നവരുടെയും എല്ലാ ഉപദേശങ്ങളെയും ഞാൻ ശപിക്കുന്നു" (പട്ടക്കാരുടെ ശവസംസ്ക്കാരം, പാമ്പാക്കുട, 1932, ഒന്നാം ശുശ്രൂഷ, പുറം 31—35)

4. "എക്കാറാ" (സംഗീതരീതികൾ) എന്ന ഗ്രന്ഥത്തിലെ ഒരു ഗീതത്തിൽ ഇപ്രകാരം പറയുന്നു:—"മത്സരക്കാരനായ നെസ്തോറിയസിനെയും, റോമ്മായിലെ ദുഷ്ടനായ ലെഓനെയും, കൽക്കദോനിയാ സൂനഹദോസിനെയും ...ഞാൻ ശപിക്കുന്നു" (എക്കാറാ പുസ്തകം, കോട്ടയം 1937, പുറം 23)

5. കർത്താവിൻെറ ജനനത്തിരുനാളിൽ ചൊല്ലുന്ന ഒരുഗീതത്തിൽപറയുന്നു:—"വെടിപ്പുള്ള കന്യക കാലാവസാനത്തിൽ പിതാവിൽനിന്നു ജനിച്ച മിശിഹാപുത്രനെ തിരുവിഷ്ടപ്രകാരം പ്രസവിച്ചു. താൻ നമ്മുടെ രക്ഷയ്ക്കായി എഴുന്നെള്ളിവന്ന മിശിഹാ കർത്താവായി വ്യ

www.malankaralibrary.com

ത്യാസം കൂടാത്ത ഏകസ്വഭാവവും ഏകപുത്രനും ക്നൂമാ
യും (വ്യക്തി, ആൾ) ആകുന്നു. ...രണ്ടു ക്നൂമാകളും സ്വ
ഭാവങ്ങളുമായി (ക്യോനോ) തന്നെ എണ്ണുന്നവൻ ശപി
ക്കപ്പെട്ടവനത്രെ; അവൻ അഗ്നിനരകത്തെ അവകാശി
ക്കും" (ആണ്ടുതക്സാ, തിരുവല്ലാ, 1937, പുറം 22-23).

6. വി. കുർബാനയുടെ സമയത്തു അപ്പം വിഭജി
ക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്ന ബർസ്ളീബിയുടെ പ്രാ
ർത്ഥനയിൽ പറയുന്നു:— "അമ്മാനുവേൽ ഏകനാകുന്നു.
വിഭാഗിക്കപ്പെടാത്ത ഐക്യത്തിനുശേഷം രണ്ടു സ്വഭാ
വങ്ങളായി വിഭജിക്കപ്പെടുന്നുമില്ല." (ഓർത്തഡോക്സ് സു
റിയാനിക്കാരുടെ കുർബാന തക്സാ, കോട്ടയം 1940,
പുറം 42)

7. വട്ടശ്ശേരി മാർ ദീവന്നാസ്യോസ് തിരുമേനി
"മതോപദേശസാര"ങ്ങളിൽ ക്രിസ്തുവിന്റെ സ്വഭാവത്തെ
സംബന്ധിച്ചു ഇപ്രകാരം രേഖപ്പെടുത്തുന്നു:— "സാ
ക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധംകൂടാതെ ശു
ദ്ധമുള്ള റൂഹായാൽ കന്യകയിൽ നിന്നു ജഡം എടുത്തു
സാക്ഷാൽ മനുഷ്യനായിത്തീരുകയും, ദൈവസ്വഭാവം
ഭേദപ്പെട്ടു മനുഷ്യസ്വഭാവമായിത്തീരുകയോ, മനുഷ്യ
സ്വഭാവം ഭേദപ്പെട്ടു ദൈവസ്വഭാവമായിത്തീരുകയോ, ത
മ്മിൽ സമ്മിശ്രപ്പെട്ടുകയോ, കൂടിക്കലന്നു വേറൊരു വ
സ്തുവായിത്തീരുകയോ, ഒന്നിനാൽ ഒന്നു നശിച്ചു
പോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വ
വുമെന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെ
ടാത്തപ്രകാരം ദൈവത്വത്തിന്റെയും, പാപം ഒഴികെ
മനുഷ്യത്വത്തിന്റെയും പൂർണ്ണ ലക്ഷണങ്ങളോടുകൂടെ യോ
ജിപ്പിക്കയും ചെയ്ത ഈ യോജിപ്പു മഹാ അത്ഭുതമായി
ട്ടുള്ളതാകുന്നു. യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങ
ളായോ, രണ്ടു ക്നൂമാകളായോ (ആളുകൾ) വേർതിരിക്ക
പ്പെടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും, ഏക ആളും
ഏക പർസൂപ്പായും (മുഖം), ഏക ഇഷ്ടവും, ഏക വ്യാപാര

www.malankaralibrary.com

വുമത്രെ. താൻ പൂൎണ്ണദൈവവും പൂൎണ്ണമനുഷ്യനുമാകുന്നു” (മതോപദേശസാരങ്ങൾ, ൯-ാം സംഗതി.)

ഈ സാക്ഷ്യങ്ങളിൽ നിന്നെല്ലാം എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെയോ, കൽക്കദോനിയാ സൂനഹദോസിന്റെ ഇരുസ്വഭാവവിശ്വാസത്തെയോ യാക്കോബായസഭ സ്പഷ്ടമായി സ്വീകരിക്കുന്നില്ലെന്നു തെളിയുന്നുണ്ടല്ലോ. ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളൂ എന്നു പഠിപ്പിച്ച എവുത്തിക്കോസ് ആരിയോസിനെയും, നെസ്തോറിയസിനെയുംപോലെ ശപിക്കപ്പെട്ടവനാണെന്നു വിശ്വസിച്ചുവരുന്ന യാക്കോബായസഭ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു പഠിപ്പിച്ച ലെയോൻ മാർപ്പാപ്പായും ആരിയോസിനെയും നെസ്തോറിയസിനെയുംപോലെ പാഷണ്ഡിയാണെന്നും, ലെഓൻ മാർപ്പാപ്പായുടെ ഈ വിശ്വാസത്തെ ഏററുപറയുന്ന കൽക്കദോനിയാ സൂനഹദോസ് നിഷിദ്ധമാണെന്നും, “ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു പറയുന്നവൻ ശപിക്കപ്പെട്ടവനാകുന്നു; അവൻ അഗ്നിനരകത്തെ അവകാശിക്കും” (൫-ാം സാക്ഷ്യം കാണുക) എന്നും പഠിപ്പിക്കുന്നു. ആകയാൽ യാക്കോബായക്കാർ ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ച് ഒന്നിനും രണ്ടിനും ഇടയ്ക്കു, അതായതു എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തിനും കൽക്കദോനിയാ സൂനഹദോസിന്റെ ഇരുസ്വഭാവവിശ്വാസത്തിനും ഇടയ്ക്കുള്ള ഒരു വിശ്വാസത്തിൽ നില്ക്കുവാൻ ബദ്ധപ്പെടുന്നു.

ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂൎണ്ണമായിട്ടുണ്ടെന്നു യാക്കോബായക്കാർ സമ്മതിക്കുമെങ്കിലും ക്രിസ്തുവിൽ എത്ര സ്വഭാവമുണ്ടെന്ന് അവരോട്ട് ചോദിച്ചാൽ ഏക സ്വഭാവമെന്ന് അവർ മറുപടി പറയും. എന്നാൽ ഈ ഏകസ്വഭാവം ദൈവസ്വഭാവം മാത്രമാണോ, മനുഷ്യസ്വഭാവം മാത്രമാണോ അഥവാ രണ്ടുംകൂടി സമ്മിശ്രപ്പെട്ടതാണോ എന്നു ചോദിച്ചാൽ അല്ലെന്നു മറുപടി പറയും. എന്തുകൊണ്ടെന്നാൽ ദൈവസ്വഭാവമെന്ന ഏക സ്വഭാവമേ ക്രിസ്തുവിൽ ഉള്ളൂ എന്നു പറഞ്ഞാൽ എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ അവർ സ്വീക

www.malankaralibrary.com

രിച്ചിരുന്നവരും; മനുഷ്യസ്വഭാവം മാത്രമേ ഉള്ളു എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ചിരുന്നവരും. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവുംകൂടി സമ്മിശ്രപ്പെട്ടു പുതിയ ഒരു സ്വഭാവമായിത്തീർന്നെന്നും യാക്കോബായക്കാർ വിശ്വസിക്കുന്നില്ല (7-ാം സാക്ഷ്യം കാണുക) എന്നാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നും യാക്കോബായക്കാർ പറയുകയില്ല. എന്തുകൊണ്ടെന്നാൽ രണ്ടെന്നു പറഞ്ഞാൽ ലെഓൻ മാർപ്പാപ്പായുടെയും കൽക്കദോനിയാ സുന്നഹദോസിന്റെയും വിശ്വാസത്തെ അവർ സ്വീകരിച്ചിരുന്നവരും. തന്നിമിത്തം യാക്കോബായക്കാർ വട്ടശ്ശേരി തിരുമേനിയുടെ "മതോപദേശസാര"ങ്ങളിൽ പറയുന്നതുപോലെ രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും അത്ഭുതകരമായി യോജിച്ച ഏകസ്വഭാവം എന്നു പറയും (7-ാം സാക്ഷ്യം കാണുക), അതായതു ഒന്നുമല്ല, രണ്ടുമല്ല അത്ഭുതകരമായ ഒന്നു് എന്നത്രെ അവർ പറയുന്നതു്. ഇങ്ങനെ വിശ്വാസത്തിൽ എവുത്തിക്കോസിന്റെ ഉപദേശം യാക്കോബായക്കാർ നിഷേധിക്കുന്നെങ്കിലും ഏകസ്വഭാവം എന്ന പദപ്രയോഗത്തിൽ ഇപ്പോഴും അദ്ദേഹത്തെ അവർ പൂർണ്ണമായി അനുകരിക്കുന്നു; എവുത്തിക്കോസിനെയും ദീയസ്കോറോസിനെയുംപോലെ കൽക്കദോനിയാ സുന്നഹദോസിനെ അവർ നിഷേധിക്കയും ചെയ്യുന്നു. "നാടുമറന്നാലും മൂടുമറക്കരുത"ല്ലോ. യാക്കോബായസഭ മററു മൂന്നു സഭാവിഭാഗങ്ങളെപ്പോലെ എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തിൽ നിന്നു ഉത്ഭവിച്ചതാണെന്നുള്ളതിനു ബലവത്തായ ഒരു തെളിവാണു് ഈ ഏകസ്വഭാവ പദപ്രയോഗവും കൽക്കദോനിയാ വിശ്വാസനിഷേധവും.

8. യാക്കോബായസഭയിൽ മെത്രാഭിഷേകം സ്വീകരിക്കുന്നയാൾ സ്ഥാനസ്വീകരണത്തിനു മുമ്പായി ചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ ക്രിസ്തുവിൽ രണ്ടുസ്വഭാവങ്ങൾ പൂർണ്ണമായിട്ടുണ്ടെന്നു് ഏററുപറയുന്നു; എങ്കിലും പിന്നാലെയുള്ള വാചകങ്ങളിൽ ഏകസ്വഭാവമേ ഉള്ളു എന്നു പറഞ്ഞിട്ടു ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണെന്നും പറയുന്നുണ്ടു്. "ഞാൻ വിശ്വസിച്ചു ഏററു പറയു

www.malankaralibrary.com

ന്നതു്...... മൂന്നു വിശുദ്ധ ക്നൂമാകളിൽ (ആളുകളിൽ) രണ്ടാമത്തെ ക്നൂമായായിരിക്കുന്ന താൻ കന്യകമറിയാമിൽനിന്നു പരിശുദ്ധാത്മാവുമൂലം ജഡംധരിച്ചു. ദൈവത്വം മനുഷ്യത്വത്തോടു യോജിച്ചു...... അവന്റെ മനുഷ്യാവതാരത്തിങ്കൽ അവന്റെ ദൈവത്വം അവന്റെ മനുഷ്യത്വത്തോടുകൂടെയോ, അവന്റെ മനുഷ്യത്വം അവന്റെ ദൈവത്വത്തോടുകൂടെയോ കലൎന്നില്ല. ഇരുസ്വഭാവങ്ങളും കലൎച്ചയും സമ്മിശ്രവും കൂടാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു...... ഈ യോജിപ്പു് അത്ഭുതകരവും സാരാംശമായതുമായിരുന്നു...... ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത വചനമാകുന്ന നമ്മുടെ കൎത്താവേശുമ്ശിഹായ്ക്കു് ഏകസ്വഭാവവും ഏക ഇഷ്ടവും ഏക ക്നൂമായുമാകുന്നു. താൻ തന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും യോജിച്ചവനായി തന്റെ ദൈവത്വത്തിൽ പൂൎണ്ണ ദൈവവും തന്റെ മനുഷ്യത്വത്തിൽ പൂൎണ്ണ മനുഷ്യനുമാകുന്നു" (മെത്രാഭിഷേകക്രമം, ഹൂമൂലൂഗീയാ; Cf. മാൎത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, പുറം 341—342)

ക്രിസ്തുവിൽ ഇരുസ്വഭാവങ്ങളും കലൎച്ചയും സമ്മിശ്രവും കൂടാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നെന്നു് ആദ്യം ഇവിടെ ഏററുപറഞ്ഞിട്ടു് അത്ഭുതകരമായി സംയോജിച്ചു് അവ ഏകസ്വഭാവമായെന്നു പിന്നീടു പറയുന്നു. അതിനുശേഷം ക്രിസ്തു ദൈവത്വത്തിൽ പൂൎണ്ണനും മനുഷ്യത്വത്തിൽ പൂൎണ്ണനുമാണെന്നും പറയുന്നു. ഇതുപോലെ വട്ടശ്ശേരി തിരുമേനിയും മതോപദേശസാരങ്ങളിൽ പറയുന്നതു്, ദൈവത്വം മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളും സമ്മിശ്രപ്പെടാതെയും കൂടിക്കലരാതെയും ഒന്നിനാൽ ഒന്നു നശിക്കാതെയും അത്ഭുതകരമായി യോജിക്കപ്പെടുകയും, യോജിപ്പിനുശേഷം ഒരു സ്വഭാവമായിത്തീരുകയും ചെയ്തു എന്നും, എന്നാൽ അതേസമയംതന്നെ ക്രിസ്തു പൂൎണ്ണദൈവവും പൂൎണ്ണമനുഷ്യനുമായിരിക്കയും ചെയ്യുന്നു എന്നുമാണു്. (പുറം 20-21 കാണുക) അത്ഭുതകരമായ യോജിപ്പിനുശേഷവും ക്രിസ്തുവിൽ ഇരുസ്വഭാവങ്ങളും കലൎച്ചയും സമ്മിശ്രവും കൂടാതെയും ഒന്നിനാൽ ഒന്നു നശിക്കാതെയും സ്ഥിതി ചെ

www.malankaralibrary.com

യ്യുന്നു എന്നാണല്ലോ യാക്കോബായസഭയുടെ വിശ്വാസം. അങ്ങനെയെങ്കിൽ യോജിപ്പിനുശേഷവും ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിൽ ഉണ്ടെന്നു സ്പഷ്ടമായി പറയുന്നതിൽ എന്താണു് അബദ്ധം? യാതൊരു കലർച്ചയും സമ്മിശ്രവും ഇല്ലാത്തവയും നശിക്കാത്തവയുമായ രണ്ടു സ്വഭാവങ്ങൾ ഒന്നാണെന്നു പറയുന്നതല്ലേ അബദ്ധം?

ക്രിസ്തുവിൻെറ ദൈവത്വം മനുഷ്യത്വത്തോടു യോജിക്കുന്നതിനുമുമ്പു സമ്മിശ്രപ്പെടാതെയും കൂടിക്കലരാതെയും നശിക്കാതെയും രണ്ടു സ്വഭാവങ്ങൾ അവിടുത്തേക്കു് ഉണ്ടായിരുന്നെന്നും, അത്ഭുതകരമായ യോജിപ്പിനുശേഷം അവ രണ്ടും ഏകസ്വഭാവമായിത്തീൎന്നെന്നും യാക്കോബായക്കാർ പറയുന്നതു ശരിയോ? വിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ മനുഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പു ദൈവം മാത്രമായിരുന്നു; അപ്പോൾ അവിടുത്തേക്കു ദൈവസ്വഭാവം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിനെ സൂചിപ്പിച്ചാണു വി. യോഹന്നാൻ "ആദിയിൽ വചനം ഉണ്ടായിരുന്നു......ദൈവമായിരുന്നു ഈ വചനം" എന്നു സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് (യോഹ. 1, 1). ദൈവപുത്രൻ മനുഷ്യത്വം സ്വീകരിച്ച ആ ക്ഷണത്തിൽത്തന്നെ മനുഷ്യനായിത്തീൎന്നു. യാക്കോബായ വിശ്വാസപ്രകാരം ആ ക്ഷണത്തിൽ അത്ഭുതകരമായ യോജിപ്പുണ്ടായി ഏകസ്വഭാവമുള്ളവനായിത്തീൎന്നു. ആകയാൽ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ സമ്മിശ്രപ്പെടാതെയും കലർച്ചകൂടാതെയും നശിക്കാതെയും രണ്ടു സ്വഭാവങ്ങൾ സ്ഥിതി ചെയ്തിരുന്നതു് എപ്പോൾ? യോജിപ്പിനുമുമ്പു ദൈവപുത്രനിൽ ദൈവത്വം മാത്രം ഉണ്ടായിരുന്നതിനാൽ അപ്പോൾ രണ്ടു സ്വഭാവങ്ങൾ ഇല്ല. യോജിപ്പിനുശേഷം ഒരു സ്വഭാവമേ ഉള്ളു എന്നു യാക്കോബായക്കാർ പഠിപ്പിക്കുന്നതിനാൽ അപ്പോഴും രണ്ടു സ്വഭാവങ്ങളില്ല. യോജിപ്പിൻെറ നേരത്തു രണ്ടുസ്വഭാവങ്ങൾ ഉണ്ടായിരുന്നെന്നും യാക്കോബായക്കാൎക്കു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ യോജിപ്പി

www.malankaralibrary.com

ന്റെ നേരത്തു (യോജിപ്പോടുകൂടി) ഒററസ്വഭാവമായിത്തീൎന്നു എന്നത്രെ യാക്കോബായക്കാരുടെ വിശ്വാസം. ആകയാൽ രണ്ടു സ്വഭാവങ്ങൾ എപ്പോഴാണു ക്രിസ്തുവിൽ സമ്മിശ്രപ്പെടാതെയും കൂടിക്കലരാതെയും ഉണ്ടായിരുന്നതായി യാക്കോബായക്കാർ പറയുന്നതു്? എത്രനേരത്തേക്കു് അങ്ങനെ ഈ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നശേഷം അത്ഭുതകരമായ ഒന്നായിത്തീൎന്നു? യോജിപ്പിനുമുമ്പും, യോജിപ്പിനു ശേഷവും, യോജിപ്പിന്റെ നേരത്തും രണ്ടു സ്വഭാവങ്ങൾ ഇല്ലെങ്കിൽ എപ്പോഴാണു രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നതായി യാക്കോബായക്കാർ പറയുന്നതു്? വാസ്തവത്തിൽ മനുഷ്യനായ ദൈവപുത്രനിൽ രണ്ടു സ്വഭാവങ്ങളാണു മനുഷ്യാവതാരത്തോടുകൂടി ഉണ്ടായതു്; യോജിപ്പിനു മുമ്പു രണ്ടും, യോജിപ്പിനുശേഷം ഒന്നും എന്നു പറയുന്നതു് അബദ്ധം. എവുത്തിക്കോസ് ഇപ്രകാരം പഠിപ്പിച്ചുവന്നിരുന്നു. എന്നാൽ യാക്കോബായക്കാർ യോജിപ്പിനുശേഷം രണ്ടു സ്വഭാവങ്ങൾ നശിക്കാതെയും സമ്മിശ്രപ്പെടാതെയും അത്ഭുതകരമായി ഒന്നായെന്നും, എവുത്തിക്കോസാകട്ടെ യോജിപ്പിനുശേഷം മനുഷ്യത്വം ദൈവത്വത്തിൽ മുഴുവനായി ലയിച്ചു ദൈവസ്വഭാവമെന്ന ഏകസ്വഭാവമായിത്തീൎന്നെന്നും പറയുന്നു എന്നുള്ള വ്യത്യാസമുണ്ടു്.

9. ദുഃഖവെള്ളിയാഴ്ച വായിക്കപ്പെടുന്ന "പ്രുമിയോനു"കളിൽ ക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും സ്പഷ്ടമായി യാക്കോബായസഭ ഏററുപറയുന്നുണ്ടു്. "തന്റെ ദൈവികസ്വഭാവത്തിൽ സൎവ്വോന്നതനും, അദൃശ്യനും, ഞങ്ങൾക്കുവേണ്ടി പീഡ ഏല്പാൻ ഞങ്ങളുടെ അടുക്കലേക്കു വന്നവനായി പീഡകളിൽ നിന്നു അകന്നിരിക്കുന്നവനും, ഞങ്ങളെ രക്ഷിപ്പാൻ സ്വയം ജഡത്തിൽ മരണം ആസ്വദിച്ച അമരണനും .. ആയ തനിക്കു സ്തുതി" (കഷ്ടാനുഭവ ആഴ്ചയിലെ പ്രുമിയോൻ, ഭാഗ്യോദയം പ്രസ്സ്, തിരുവല്ലാ, 1108, പുറം 16-) ക്രിസ്തു ദൈവത്വത്തിൽ സൎവ്വോന്നതനും, അദൃശ്യനും, പീഡാരഹിതനും, മരണമില്ലാത്തവനുമാണെങ്കിലും മനുഷ്യനായി അവതരിച്ചതുമൂലം

www.malankaralibrary.com

മനുഷ്യത്വത്തിൽ ദൃശ്യനും, പീഡകൾക്കും മരണത്തിനും വിധേയനുമാണെന്നു് ഇവിടെ പറഞ്ഞിരിക്കുന്നതിൽ നിന്നു ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടുസ്വഭാവങ്ങൾ ക്രിസ്തുവിനുണ്ടെന്നത്രെ പരോക്ഷമായി ഇവിടെ ഏററു പറഞ്ഞിരിക്കുന്നതു്. ക്രിസ്തുവിൻെറ പീഡകളെ വിവരിക്കയിൽ ദുഃഖവെള്ളിയാഴ്ച പ്രഭാതത്തിലെ സെദ്റായിൽ ഇങ്ങനെ പറയുന്നു:—"അത്യുന്നതങ്ങളിൽ ക്രൂബേന്മാർ തന്നെ വാഴ്ത്തുന്നു. താഴെ അഗാധങ്ങളിൽ അക്രമികൾ തന്നെ അവമാനിക്കുന്നു.. അത്യുന്നതങ്ങളിൽ പുറംകുപ്പായംപോലെ പ്രകാശം ധരിച്ചിരിക്കുന്നവൻ താഴെ അഗാധങ്ങളിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ഇട്ടു. അത്യുന്നതങ്ങളിൽ അഗ്നിരഥംതന്നെ ആഘോഷിക്കുന്നവൻ താഴെ അഗാധങ്ങളിൽ കുരിശുമരത്തിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അത്യുന്നതങ്ങളിൽ തൻെറ പിതാവിനോടുകൂടെ പുകഴ്ത്തപ്പെട്ടു സ്തുതിക്കപ്പെട്ടവൻ അഗാധങ്ങളിൽ അധർമ്മികളോടുകൂടെ ഗണിക്കപ്പെട്ടു. അത്യുന്നതങ്ങളിൽ രാജാവും രാജാധിരാജനും അധികാരികൾക്കു കിരീടം നിർമ്മിക്കുന്നവനും ആയവൻ താഴെ അഗാധങ്ങളിൽ മുൾക്കിരീടം വഹിച്ചിരിക്കുന്നു.. അത്യുന്നതങ്ങളിൽ പിതാവിനോടും റൂഹായോടും (പരിശുദ്ധാത്മാവു്) ഒന്നിച്ചു ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടെ വാണരുളുന്നവൻ താഴെ അഗാധങ്ങളിൽ അപമാനത്തിനും അപഹാസത്തിനും തന്നെത്താൻ ഏല്പിച്ചുകൊടുത്തു..." (ടി ഗ്രന്ഥം, പുറം 160) ക്രിസ്തു എന്ന ഏക വ്യക്തിയിൽ ദൈവിക ലക്ഷണങ്ങളും മാനുഷിക ലക്ഷണങ്ങളും ഇടകലർന്നു സമ്മിശ്രപ്പെടാതെയും/ഒന്നു മറെറാന്നിൽ ലയിക്കാതെയും സ്ഥിതി ചെയ്യുന്നതു് എത്ര സൂക്ഷ്മമായും ഭംഗിയായും ഇവിടെ വിവരിച്ചിരിക്കുന്നു. രണ്ടു എന്നുള്ള പദം ഉപയോഗിക്കാതെ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ പീഡകൾ സഹിച്ച ദൈവപുത്രനിൽ ഉണ്ടെന്നല്ലേ ഇവിടെ ഏററുപറഞ്ഞിരിക്കുന്നതു്? കൽക്കദോനിയാ സൂനഹദോസിൻെറ വിശ്വാസവും ഇതും തമ്മിൽ എന്താണു വ്യത്യാസം?

www.malankaralibrary.com

## 9. യാക്കോബായ സഭയിലെ ഏകസ്വഭാവവിശ്വാസം.

ക്രിസ്തുവിന്റെ സ്വഭാവങ്ങളെ സംബന്ധിച്ചു കത്തോലിക്കാസഭ പഠിപ്പിക്കുന്നതും യഥാർത്ഥ യാക്കോബായസഭ പഠിപ്പിക്കുന്നതും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ യാക്കോബായ വിശ്വാസവും കത്തോലിക്കാവിശ്വാസവും തമ്മിൽ ആശയത്തിന്റെ സാരാംശത്തിൽ എന്നതിനേക്കാൾ ഒന്നു്, രണ്ടു് എന്നീ പദപ്രയോഗങ്ങളിലാണു് അധിക വ്യത്യാസമുള്ളതു് എന്നു കാണാം. ലെയോൻ മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത വിശ്വാസത്തിനു് അനുയോജ്യമായി ക്രിസ്തുവിന്റെ സ്വഭാവങ്ങളെ സംബന്ധിച്ചു കൽക്കദോനിയാ സൂനഹദോസ്സു് തീരുമാനിച്ചതു കേട്ടാലും:-- "ക്രിസ്തുവിൽ സമ്മിശ്രപ്പെടാതെയും, മാററം വരാതെയും, വിഭജിക്കപ്പെടാതെയും, വേർതിരിക്കപ്പെടാതെയും ഏകവ്യക്തിത്വത്തിൽ (Person, ക്നൂമാ) ദൈവികം, മാനുഷിക എങ്ങിനെ രണ്ടു സ്വഭാവങ്ങളുണ്ടു്. എന്നാൽ അവിടുന്നു രണ്ടു വ്യക്തികളായി വേർതിരിക്കപ്പെടുകയോ, വിഭാഗിക്കപ്പെടുകയോ ചെയ്യാതെ നമ്മുടെ കർത്താവീശോമിശിഹായായ അവിടുന്നു പുത്രനും ഏകജാതനും എന്ന ഏക ആളായിരിക്കുന്നു" (Denzinger. 148). വട്ടശ്ശേരിൽ തിരുമേനിയുടെ സാക്ഷ്യവും (7-ാം സാക്ഷ്യം, പുറം 20-21) ഇതും തമ്മിൽ താരതമ്യപ്പെടുത്തുക. കത്തോലിക്കരും യാക്കോബായക്കാരും ക്രിസ്തുവിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവുമുണ്ടെന്നു വിശ്വസിക്കുന്നു. രണ്ടുകൂട്ടരും ദൈവത്വവും മനുഷ്യത്വവും ഭേദപ്പെടുകയോ, ഒന്നു മറെറാന്നിൽ ലയിച്ചു ഒന്നായിത്തീരുകയോ, നശിക്കയോ ചെയ്തിട്ടില്ലെന്നും വിശ്വസിക്കുന്നു. ഇതുപോലെ ക്രിസ്തുവിൽ ഏക വ്യക്തിത്വമേ (ക്നൂമാ) ഉള്ളൂ എന്നു കത്തോലിക്കരും യാക്കോബായക്കാരും പഠിപ്പിക്കുന്നു. രണ്ടുകൂട്ടരും ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നു പഠിപ്പിച്ച നെസ്തോറിയസിനെയും, ക്രിസ്തുവിൽ ദൈവത്വം അഥവാ ദൈവസ്വഭാവം മാത്രമേ ഉള്ളൂ എന്നു പഠിപ്പിച്ച എവുത്തിക്കോസിനെയും പാഷ

www.malankaralibrary.com

ണ്ഡികളായി പരിഗണിക്കുന്നു. ഏക വ്യക്തിയിൽ ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെടാതെ സ്ഥിതി ചെയ്യുന്നതു് മഹാ അത്ഭുതമാണെന്നും രണ്ടു സഭക്കാരും പഠിപ്പിക്കുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമോ, ഒരു സ്വഭാവമോ? കത്തോലിക്കർ രണ്ടു സ്വഭാവമെന്നും, യാക്കോബായക്കാർ അത്ഭുതകരമായി സംയോജിക്കപ്പെട്ട ഒരു സ്വഭാവമെന്നും പറയുന്നു. ഏതാണു ശരി?

ദൈവശാസ്ത്രപരമായും താത്വികമായും പര്യാലോചിച്ചാൽ രണ്ടു സ്വഭാവമെന്നു പറയുന്നതാണു ശരിയെന്നു മനസ്സിലാക്കാം. ഏക സ്വഭാവം എന്ന പദത്തിനു യാക്കോബായക്കാർ വിവക്ഷിക്കുന്ന അർത്ഥത്തിൽ എവുത്തിക്കോസിന്റെ പാഷണ്ഡതയില്ലെങ്കിലും ആ പദപ്രയോഗം ശരിയല്ല. ഇക്കാര്യം വിശദമാക്കുന്നതിനു് ഏതാനും തെളിവുകൾ താഴെച്ചേർക്കുന്നു.

1) ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണെന്നു യാക്കോബായസഭ വിശ്വസിക്കുന്നതായി വട്ടശ്ശേരി തിരുമേനിയുടെ സാക്ഷ്യത്തിൽ പറയുന്നുണ്ടല്ലോ. ദൈവസ്വഭാവമില്ലാത്ത ആരും സാക്ഷാൽ ദൈവമോ, മനുഷ്യസ്വഭാവമില്ലാത്ത ആരും സാക്ഷാൽ മനുഷ്യനോ അല്ല. ആകയാൽ പൂർണ്ണ ദൈവമായ ക്രിസ്തുവിൽ പൂർണ്ണ ദൈവസ്വഭാവമുണ്ടായിരിക്കണം; അതേ സമയംതന്നെ പൂർണ്ണ മനുഷ്യനായ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യസ്വഭാവമുണ്ടായിരിക്കണം. എന്നാൽ ക്രിസ്തുവിൽ ഏക വ്യക്തിത്വം മാത്രം ഉണ്ടായിരിക്കയാൽ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നീ രണ്ടു സ്വഭാവങ്ങൾ ഈ ഏക വ്യക്തിത്വത്തിൽ അധിഷ്ഠിതമായിരിക്കണം. ആകയാൽ ക്രിസ്തുവിൽ ഏകവ്യക്തിത്വവും രണ്ടു സ്വഭാവവുമുണ്ടു്. തന്മൂലം ക്രിസ്തുവിൽ ഏകസ്വഭാവമേ ഉള്ളു എന്നു യാക്കോബായക്കാർ പറയുന്നതു ദൈവശാസ്ത്രപ്രകാരം ശരിയല്ല.

2) ക്രിസ്തുവിൽ പരിപൂർണ്ണമായി സ്ഥിതി ചെയ്യുന്ന ദൈവസ്വഭാവവും മനുഷ്യസ്വഭാവവും യാതൊരുവിധ

www.malankaralibrary.com

ത്തിലും, അതായതു അത്ഭുതകരമായിട്ടുപോലും ഭേദപ്പെട്ടുകയോ, സമ്മിശ്രപ്പെട്ടുകയോ, ഒന്നു മറ്റൊന്നിൽ ലയിക്കയോ ചെയ്തിട്ടില്ലെന്നും യാക്കോബായക്കാർ സമ്മതിക്കുന്നു (7-ാം സാക്ഷ്യം കാണുക). അങ്ങനെയെങ്കിൽ പരിപൂർണ്ണാവസ്ഥയിൽ, അതായതു അത്ഭുതകരമായിട്ടുപോലും ഒന്നു മറ്റൊന്നാകുവാൻ ഒരിക്കലും സാദ്ധ്യമാകാത്തവിധത്തിൽ വിഭിന്നമായിരിക്കുന്ന ഈ രണ്ടു സ്വഭാവങ്ങളും സംയോജിച്ചു അത്ഭുതകരമായി ഒന്നായെന്നു യാക്കോബായക്കാർ പറയുന്നതു് ആദ്യം പറഞ്ഞതിനു നേരെ വിപരീതമായ ഒരു പ്രസ്താവനയല്ലേ? ആകയാൽ ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു എന്ന യാക്കോബായ പദപ്രയോഗം താത്വികമായി ശരിയല്ല.

3) പരിപൂർണ്ണാവസ്ഥയിൽ ഇരിക്കുന്ന ദൈവസ്വഭാവവും മനുഷ്യസ്വഭാവവുംകൂടി ക്രിസ്തുവിൽ ഏതെങ്കിലും വിധത്തിൽ (അത്ഭുതകരമായിട്ടുതന്നെയും) ഒന്നായിത്തീന്നെങ്കിൽ (1) മനുഷ്യസ്വഭാവം നശിച്ചിട്ടു ദൈവസ്വഭാവം മാത്രമായിത്തീരുക (2) ദൈവസ്വഭാവം നശിച്ചിട്ടു മനുഷ്യസ്വഭാവം മാത്രമായിത്തീരുക (3) ദൈവസ്വഭാവവും മനുഷ്യസ്വഭാവവുംകൂടി സമ്മിശ്രപ്പെട്ടു യഥാർത്ഥ ദൈവസ്വഭാവത്തെക്കാൾ താണതും, യഥാർത്ഥ മനുഷ്യസ്വഭാവത്തെക്കാൾ ഉൽകൃഷ്ടവുമായ പുതിയ ഒരു സ്വഭാവം * ഉണ്ടാകുക എന്നിങ്ങനെ മൂന്നു വിധത്തിലല്ലാതെ മറ്റു യാ

---

* നല്ല പാലും കുറെ വെള്ളവുംകൂടി ചേർത്താൽ ഉണ്ടാകുന്ന സമ്മിശ്രദ്രാവകം നല്ല പാലിനെക്കാൾ താണതും, എന്നാൽ വെറും വെള്ളത്തെക്കാൾ ശ്രേഷ്ഠവുമാണല്ലോ. ഇതുപോലെ ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെട്ടു ക്രിസ്തുവിൽ വേറൊരു സ്വഭാവമുണ്ടായെങ്കിൽ ക്രിസ്തുവിന്റെ ദൈവത്വത്തിനു അല്പമെങ്കിലും താഴ്ചയും, മനുഷ്യത്വത്തിനു അൽപമെങ്കിലും ഉയർച്ചയും ഉണ്ടാകാതെ നിവൃത്തിയില്ല. അങ്ങനെയെങ്കിൽ ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണെന്നു പറഞ്ഞുകൂടാ, പ്രത്യുത അപൂർണ്ണദൈവവും അമാനുഷനുമാണെന്നു പറയണം.

www.malankaralibrary.com

തൊരു വിധത്തിലും ഒന്നാകാൻ നിവൃത്തിയില്ല. എന്നാൽ ക്രിസ്തു പൂൎണ്ണ ദൈവമാണെന്നു യാക്കോബായക്കാർ വിശ്വസിക്കുന്നതുകൊണ്ടു് അവിടുത്തെ ദൈവസ്വഭാവം നശിച്ചിട്ടില്ല; ക്രിസ്തു പൂൎണ്ണ മനുഷ്യനാണെന്നു വിശ്വസിക്കുന്നതിനാൽ അവിടുത്തെ മനുഷ്യസ്വഭാവവും നശിച്ചിട്ടില്ല; ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒരുവിധത്തിലും വ്യത്യാസപ്പെടുകയോ, സമ്മിശ്രപ്പെടുകയോ ചെയ്തിട്ടില്ലെന്നും യാക്കോബായക്കാർ വിശ്വസിക്കുന്നതിനാൽ രണ്ടു സ്വഭാവങ്ങളുംകൂടി സംയോജിച്ചു ഒരു പുതിയ സ്വഭാവം ഉണ്ടായതായും പറഞ്ഞുകൂടാ. ആകയാൽ പൂൎണ്ണ ദൈവവും പൂൎണ്ണ മനുഷ്യനുമായ ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളൂ എന്ന യാക്കോബായവാദം താത്വികമായി ശരിയല്ല.

4) ദൈവത്വത്തിനും മനുഷ്യത്വത്തിനും വിഭിന്നവും പല കാൎയ്യങ്ങളിൽ പരസ്പരവിരുദ്ധവുമായ ലക്ഷണങ്ങളാണുള്ളതു്. ദൈവം സ്വയംഭൂവും, അനന്തശക്തിയുള്ളവനും, മരണമില്ലാത്തവനുമാണു്. മനുഷ്യനാകട്ടെ സൃഷ്ടിക്കപ്പെട്ടവനും, പരിമിതശക്തിയോടുകൂടിയവനും, മരണമുള്ളവനുമാണു്. ദൈവത്തിനു സ്വയമേവ പീഡകൾ സഹിക്കുവാൻ സാദ്ധ്യമല്ല. മനുഷ്യൻ പീഡകൾക്കും മരണത്തിനും വിധേയനാണു്. ഇങ്ങനെ പരസ്പരവിരുദ്ധമായ ലക്ഷണങ്ങളോടുകൂടിയ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഏതെങ്കിലും വിധത്തിൽ—അത്ഭുതകരമായിട്ടുതന്നെയും—ഒന്നായിട്ടു് ആ ഒന്നു് ഒരേ സമയത്തുതന്നെ സ്വയംഭൂവും സൃഷ്ടിക്കപ്പെട്ടതും, അനന്തശക്തിയുള്ളതും പരിമിതശക്തിയുള്ളതും, മരണമില്ലാത്തതും മരണമുള്ളതും, പീഡാരഹിതവും പീഡാധീനവും ആയിത്തീൎന്നെന്നു പറയുന്നതു് ഒരു വസ്തു ഒരേ സമയത്തുതന്നെ കടുപ്പമുള്ളതും മാർദ്ദവമുള്ളതും, ചൂടുള്ളതും തണുത്തതും, പ്രകാശമുള്ളതും അന്ധകാരം നിറഞ്ഞതുമാണെന്നു പറയുന്നതുപോലെ പരസ്പരവിരുദ്ധമത്രെ. എന്തുകൊണ്ടെന്നാൽ ദൈവം സൎവ്വശക്തനാണെങ്കിലും പരസ്പര വിരുദ്ധമായവയെ ഒരേ സമയത്തു ശരിയാക്കാൻ നിവൃത്തിയില്ല. ഉദാഹരണമായി

www.malankaralibrary.com

വൃത്തം, ചതുരം എന്നീ വിഭിന്ന ലക്ഷണങ്ങളോടുകൂടിയ രണ്ടെണ്ണത്തിനെ ഒന്നാക്കി ഒരേ സമയംതന്നെ ഇവരണ്ടും വൃത്തവും ചതുരവുമായ ഒന്നായിത്തീരുന്നതിന് ഇടയാകുക സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ വൃത്തമായതു് അതേസമയംതന്നെ ചതുരമായിരിക്കയില്ല. ചതുരമായതു് അതേ സമയംതന്നെ വൃത്തമായിരിക്കയില്ല. ഇതുപോലെ വിഭിന്നവും പല കാര്യങ്ങളിൽ നേരേ വിപരീതവുമായ ലക്ഷണങ്ങളോടുകൂടിയ ദൈവത്വവും മനുഷ്യത്വവും ക്രിസ്തുവിൽ ഏതെങ്കിലും തരത്തിൽ ഒന്നായി ആ ഏകസ്വഭാവം ഒരേ സമയംതന്നെ പൂർണ്ണമായി ദൈവികവും പൂർണ്ണമായി മാനുഷികവുമായിത്തീരുക സാദ്ധ്യമല്ല. അവ രണ്ടായിരിക്കുമ്പോൾ മാത്രമേ ഈ ലക്ഷണങ്ങൾ യോജിക്കയുള്ളു. ആകയാൽ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പ്രത്യേക ലക്ഷണങ്ങളോടുകൂടി ക്രിസ്തുവിൽ അത്ഭുതകരമായി ഒരു സ്വഭാവമേ ഉള്ളു എന്ന യാക്കോബായക്കാരുടെ പദപ്രയോഗം യുക്തിവിരുദ്ധമത്രെ.

5) ഒന്നിന്റെയും രണ്ടിന്റെയും ഇടയ്ക്കു ഒന്നേകാൽ, ഒന്നര, ഒന്നേമുക്കാൽ ആദിയായ സംഖ്യകളല്ലാതെ വേറൊരു പൂർണ്ണമായ സംഖ്യയില്ല. ക്രിസ്തുവിൽ ഒരു സ്വഭാവവുമല്ല, രണ്ടു സ്വഭാവവുമല്ലെങ്കിൽ ഒന്നേകാൽ സ്വഭാവമെന്നോ, ഒന്നര സ്വഭാവമെന്നോ യാക്കോബായക്കാർ പറയേണ്ടതിനുപകരം അത്ഭുതകരമായ ഒരു സ്വഭാവം എന്നു പറയുന്നു. അത്ഭുതം എന്ന ഒരു വാക്കിന്റെ മറപിടിച്ചു എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തിന്റെയും, കൽക്കദോനിയാ സൂനഹദോസിന്റെ ഇരുസ്വഭാവവിശ്വാസത്തിന്റെയും ഇടയ്ക്കു യാക്കോബായക്കാർ നില്പാൻ ശ്രമിക്കുന്നു. ഒന്നിനും രണ്ടിനും ഇടയ്ക്കു് അങ്ങനെ ഒരു നില സാദ്ധ്യമല്ല. എത്ര അത്ഭുതം നടന്നാലും ഒന്നിന്റെയും രണ്ടിന്റെയും ഇടയ്ക്കു വേറേ പൂർണ്ണമായ ഒരു ഒന്നില്ലതന്നെ; അപ്പോൾ അത്ഭുതകരമായ ഒന്നു് എങ്ങനെയുണ്ടാകും? ഒന്നും ഒന്നും രണ്ടല്ലാതെ ഒരിക്കലും ഒന്നാകയില്ല. ഒന്നും ഒന്നും രണ്ടാകാതെ അത്ഭുതകരമായി ഒന്നായെങ്കിൽ എട്ടും ആറും പതിനാലാകാതെ അത്ഭുതകരമായി പതി

www.malankaralibrary.com

നെട്ടോ ഇരുപതോ ആയെന്നും പറയാവുന്നതാണു്. ആകയാൽ ക്രിസ്തുവിൽ പൂർണ്ണാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ദൈവത്വവും പരിപൂർണ്ണാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മനുഷ്യത്വവും — ഈ ദൈവത്വത്തിലും മനുഷ്യത്വത്തിലും പരിപൂർണ്ണാവസ്ഥയിൽ അന്തർഭവിച്ചിരിക്കുന്ന ദൈവസ്വഭാവവും മനുഷ്യസ്വഭാവവും — ക്രിസ്തു എന്ന ഏകവ്യക്തിയിൽ അത്ഭുതകരമായി യോജിച്ചിരിക്കുന്നു എന്നല്ലാതെ സ്വഭാവങ്ങൾ രണ്ടും സംഖ്യയിലും യോജിച്ചു ഒന്നായിത്തീർന്നെന്നുള്ള യാക്കോബായ വാദം, ഒന്നും ഒന്നും ഒന്നാണു് (1+1=1) എന്നു പറയുന്നതുപോലെ അബദ്ധമത്രെ.

6) വി. ത്രിത്വത്തിൽ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിങ്ങനെ മൂന്നാളുകൾ ഏകദൈവമാണെന്നു നാം പറയുന്നതുപോലെ ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഒന്നാണെന്നു പറയാമെന്നത്രെ ചില യാക്കോബായക്കാരുടെ വാദം.

ഈ വാദം ശരിയല്ല. എന്തുകൊണ്ടെന്നാൽ വി. ത്രിത്വത്തിൽ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിങ്ങനെ മൂന്നാളുകൾ ഉണ്ടെങ്കിലും ഈ മൂന്നാളുകൾ ഏക ആളാണു് എന്നല്ല നാം പറയുന്നതു്, പ്രത്യുത ഈ മൂന്നാളുകൾ വ്യക്തിത്വത്തിൽ മൂന്നും, സാരാംശത്തിൽ ഏകദൈവവുമാണെന്നത്രെ നാം പറയുന്നതു്. (Three in persons, One in essence) മൂന്നാളുകൾ ഏക ആളാണെന്നു പറയുന്നതും, രണ്ടു സ്വഭാവങ്ങൾ ഏക സ്വഭാവമാണെന്നു പറയുന്നതും ഒരുപോലെ യുക്തിവിരുദ്ധമത്രെ.

ഒരു ഉദാഹരണംകൊണ്ടു ഇക്കാര്യം വിശദമാക്കാം. ഏക കൈപ്പത്തിയിൽ അഞ്ചുവിരലുകളുണ്ടു് എന്നു പറയുന്നതു ശരിയാണല്ലോ. എന്നാൽ ആ അഞ്ചുവിരലുകളിൽ ഒന്നും നശിക്കാതെയും, ഒന്നു മറ്റൊന്നിൽ ലയിക്കാതെയും സമ്മിശ്രപ്പെടാതെയും ഇരിക്കുന്നെങ്കിൽ അവ അഞ്ചുവിരലുകൾ എന്നല്ലാതെ ഒന്നോ രണ്ടോ വിരൽ എന്നു പറയുന്നതു ശരിയല്ല. എത്ര അത്ഭുതം നടന്നാലും ഒന്നും നശിക്കാതെയും, ഒന്നു മറ്റൊന്നിൽ ലയിക്കാതെയും, സമ്മിശ്രപ്പെ

www.malankaralibrary.com

ടാതെയും ഇരിക്കുന്ന അഞ്ചുവിരലുകൾ ഒന്നോ രണ്ടോ ആയിത്തീരുകയില്ല; അവ അഞ്ചായിട്ടുതന്നെ ഇരിക്കും. ഇതുപോലെ ഏകദൈവത്തിൽ മൂന്നാളുകൾ എന്നു പറഞ്ഞാൽ ശരിയാണ്. എന്നാൽ ഏക ദൈവത്തിലെ ഈ മൂന്നാളുകൾ ഒരാളാണ് എന്നു പറയുന്നതു ശരിയല്ല. എത്ര അത്ഭുതം നടന്നാലും വിഭിന്നങ്ങളായ മൂന്നാളുകൾ ഒരാളാകയില്ല. ഇതുപോലെ ക്രിസ്തു എന്ന ഏക വ്യക്തിയിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു പറയുന്നതു യുക്തിവിരുദ്ധമല്ല. എന്നാൽ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ ക്രിസ്തുവിൽ സമ്മിശ്രപ്പെടാതെയും, ഒന്നു മറ്റൊന്നിൽ ലയിക്കാതെയും ഇരിക്കുന്ന വിഭിന്നമായ രണ്ടു സ്വഭാവങ്ങൾ അതേസമയം തന്നെ അത്ഭുതകരമായി ഒന്നാണെന്നു യാക്കോബായക്കാർ പറയുന്നതു ശരിയല്ല. സമ്മിശ്രപ്പെടാതെയും നശിക്കാതെയും ഇരിക്കുന്ന വിഭിന്നങ്ങളായ രണ്ടു സ്വഭാവങ്ങൾ ഒരു പ്രകാരത്തിലും — അത്ഭുതകരമായിട്ടുപോലും — ഒന്നാകുക സാദ്ധ്യമല്ല.

## 10. ഇരുസ്വഭാവത്തെ സംബന്ധിച്ചു ചില പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

കൽക്കദോനിയാസുനഹദോസ് നടന്നതിനുശേഷം യാക്കോബായസഭ പിതാക്കന്മാരായി പരിഗണിച്ചുവരുന്ന പലരും ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള വിശ്വാസം സ്പഷ്ടമായി പറയുന്നില്ലെങ്കിലും ഏകസ്വഭാവവാദികൾ കത്തോലിക്കസഭയിൽ നിന്നു വേർപിരിയുന്നതിനു മുമ്പ് (451 നു മുമ്പ്) ജീവിച്ചിരുന്നവരും, മാദ്ധ്യസ്ഥം യാചിക്കുന്നതിനുവേണ്ടി വി. കുർബാനയിലെ 5-ാം തുബ്ദേനിൽ യാക്കോബായക്കാർ ഇപ്പോഴും അനുസ്മരിച്ചുവരുന്നവരുമായ അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ്, വി. അപ്രേം, വി. ഈവാനിയോസ് (ക്രിസോസ്തോം), അലക്സാണ്ഡ്റിയായിലെ വി. കൂറില്ലോസ് ആദിയായ പരിശുദ്ധ പിതാക്കന്മാർ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള വിശ്വാസത്തെ പ്രസ്പഷ്ടമായ വാക്കുകളിൽ ഏററു പറയുന്നു.

www.malankaralibrary.com

1. വി. ഇഗ്നാത്തിയോസ് ( + 107 ) പറയുന്നു:- "നമ്മുടെ കർത്താവായ ഈശോമിശിഹാ ശാരീരിയും ആദ്ധ്യാത്മികനും, ജാതനും അജാതനും, ജഡത്തിൽ സ്ഥിതിചെയ്യുന്ന ദൈവവും മരണത്തിൽ ഉൾപ്പെട്ട സത്യജീവനും, മറിയത്തിൽ നിന്നും ദൈവത്തിൽ നിന്നും ഉള്ളവനും, പീഡാധീനനും, പീഡാരഹിതനുമായ ഏക വൈദ്യനാകുന്നു. (Ep. ad Ephes. 7, 2 ; MG. 5, 649) ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നിങ്ങനെ ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളുടെ വിപരീതലക്ഷണങ്ങളാണ് ഈ വാക്കുകളിൽ വിശുദ്ധൻ ഭംഗിയായി വിവരിക്കുന്നതു്.

2. സുറിയാനിപിതാക്കന്മാരിൽ അഗ്രഗണ്യനും "പരിശുദ്ധാത്മാവിന്റെ വീണ" എന്ന പേരിൽ അറിയപ്പെടുന്നവനും സ്വരസകവിയുമായ വി. അപ്രേം പറയുന്നു:– "അവിടുത്തേക്കു താണതായ ഒരു സ്വഭാവം മാത്രമോ, ഉന്നതമായ ഒരു സ്വഭാവം മാത്രമോ അല്ല, പ്രത്യുത രണ്ടു സ്വഭാവങ്ങളുണ്ടു്. ഒന്നു മറ്റൊന്നിൽ സമ്മിശ്രപ്പെട്ടിട്ടില്ല. ഒന്നു ഉന്നതവും മറ്റേതു വിനീതവും. ആ രണ്ടു സ്വഭാവങ്ങളും അവയുടെ ഗുണഗണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു." (Sermo de Domino nostro 33; Lamy 1, 224).

3. നിസ്തുലമായ വാഗ്വൈഭവത്താൽ സ്വർണ്ണനാവുകാരൻ എന്ന പേരു ലഭിച്ചിട്ടുള്ള ഈവാനിയോസ് (344–407) രേഖപ്പെടുത്തുന്നു:—"ക്രിസ്തു ദൈവവും മനുഷ്യനുമാണ് .... രണ്ടു സ്വഭാവങ്ങൾ സമ്മിശ്രപ്പെട്ടിട്ടില്ല. ..... (വിശുദ്ധ കുർബാനയിൽ) അപ്പം കൂദാശ ചെയ്യപ്പെടുന്നതിനു മുമ്പു നാം അതിനെ അപ്പം എന്നു വിളിക്കുന്നു. ദൈവാനുഗ്രഹത്താൽ പുരോഹിതൻ വഴിയായി ആ അപ്പം ശുദ്ധീകരിക്കപ്പെടുമ്പോൾ അതു കർത്താവിന്റെ ശരീരമെന്നു വിളിക്കപ്പെടാൻ അർഹമായിത്തീരുന്നു. അപ്പം എന്നു അതിനെ നാം വിളിക്കുന്നില്ലെങ്കിലും അപ്പത്തിന്റെ സ്വഭാവം (നിറം, രുചി മുതലായ

www.malankaralibrary.com

ഗുണഗണങ്ങൾ) അതിൽ നിലനില്ക്കുന്നു. എന്നാൽ അ
തിൽ രണ്ടു ശരീരങ്ങളില്ല; ദൈവപുത്രന്റെ ഒരു ശരീ
രമേ ഉള്ളു. ഇതുപോലെ ദൈവികസ്വഭാവം മാനുഷിക
സ്വഭാവത്തിൽ നിവേശിച്ചു രണ്ടുംകൂടി ഒരു പുത്രനെയും
ഒരു വ്യക്തിയെയും ഉളവാക്കുന്നു.” (Ep. ad Caes; MG
52, 758). വി. കുർബാനയിൽ അപ്പത്തിന്റെ സാരാം
ശം കർത്താവിന്റെ ശരീരമായിത്തീരുന്നെങ്കിലും അപ്പ
ത്തിന്റെ ആഗന്തുകങ്ങൾ (accidents)—നിറം, രുചി മുതലാ
യവ—നിലനില്ക്കുന്നു; അവയ്ക്കു മാററം വരുന്നില്ല. എന്നാ
ൽ അപ്പത്തിന്റെ ആഗന്തുകങ്ങളും കർത്താവിന്റെ ശരീരവും
അവിടെ ഉണ്ടെങ്കിലും അപ്പത്തിന്റെ സാരാംശം, കർത്താ
വിന്റെ ശരീരം എന്നിങ്ങനെ രണ്ടെണ്ണം അവിടെ ഇ
ല്ല. കർത്താവിന്റെ ഒരു ശരീരം മാത്രമേ ഉള്ളു. അപ്പ
ത്തിന്റെ സാരാംശമാണു ശരീരമായിത്തീർന്നതു്. ഇ
തുപോലെ ദൈവപുത്രൻ മനുഷ്യനായി അവതരിച്ച
പ്പോൾ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിവ ര
ണ്ടിനും ഒരു മാററവും വന്നില്ല. എന്നാൽ രണ്ടുസ്വഭാ
വത്തിനുംകൂടി ഒററ വ്യക്തിത്വം മാത്രമേയുള്ളു. ഇതാ
ണു വിശുദ്ധന്റെ വാക്കുകളുടെ അർത്ഥം.

4. അലക്സാണ്ഡ്റിയായിലെ വി. കൂറില്ലോസ്
(+444) പറയുന്നു:—“(ദൈവ) പുത്രൻ മനുഷ്യനായിത്തീ
ർന്നതുകൊണ്ടു സ്വഭാവത്തിലും സത്യത്തിലും ശുദ്ധീകരി
ക്കുന്നവനും ശുദ്ധീകരിക്കപ്പെടുന്നവനുമായി പൌലോ
സ് അവനെ നമുക്കു കാണിച്ചുതരുന്നു. ‘എന്തെന്നാൽ ശു
ദ്ധീകരിക്കുന്നവനും ശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം
ഒരുവനിൽ നിന്നുള്ളവരാകുന്നു.’ (എബ്രാ. 2, 11) എന്തു
കൊണ്ടെന്നാൽ അവിടുന്നു പരിശുദ്ധനാകയാൽ സ്വഭാവ
പ്രകാരം ദൈവമെന്ന നിലയിൽ അവിടുന്നു ശുദ്ധീകരി
ക്കുന്നു; മനുഷ്യത്വത്തിൽ നമ്മോടുകൂടി അവിടുന്നു സ
ത്യമായി ശുദ്ധീകരിക്കപ്പെടുന്നു” (De Trinit. dialog.
6; MG 75, 1017) മനുഷ്യാവതാരം ചെയ്ത ദൈവപു
ത്രൻ സ്വഭാവപ്രകാരം ദൈവമെന്ന നിലയിൽ മററുള്ള
വരെ ശുദ്ധീകരിക്കയും, മനുഷ്യനെന്ന നിലയിൽ സ്വഭാ

www.malankaralibrary.com

വപ്രകാരം ദൈവാനുഗ്രഹം പ്രാപിച്ചു സ്വയം ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നവനാണെന്നു വി. കൂറില്ലോസ് ഇവിടെ പ്രസ്താവിക്കയാൽ ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിൽ ഉണ്ടെന്നു് ഈ വിശുദ്ധൻ ഏററു പറയുന്നു.

യാക്കോബായക്കാർ ഇപ്പോഴും ബഹുമാനിച്ചു വി. കുർബാനയിൽ പ്രത്യേകം പേരു പറഞ്ഞു മാദ്ധ്യസ്ഥം യാചിക്കുന്ന ഈ വിശുദ്ധ പിതാക്കന്മാർ ക്രിസ്തുവിൻെറ രണ്ടു സ്വഭാവങ്ങളെ സംബന്ധിച്ചു നല്കുന്ന ഈ സാക്ഷ്യങ്ങൾ എത്രയും സ്പഷ്ടമാണു്. ഇങ്ങനെ സത്യവിശ്വാസത്തെ തെളിവായി സൂചിപ്പിക്കുന്ന "ഇരുസ്വഭാവം" എന്ന പദപ്രയോഗം പുരാതനപിതാക്കന്മാരും മററും നല്കുമ്പോൾ യാക്കോബായക്കാർ അതിനെ നിഷേധിച്ചു് അത്ഭുതകരം എന്ന വാക്കു കൂട്ടിച്ചേർത്താണെങ്കിലും എവുത്തിക്കോസിൻെറ ഏക സ്വഭാവവാദത്തെ അനുസ്മരിപ്പിക്കുന്ന പദപ്രയോഗം—അത്ഭുതകരമായ ഏകസ്വഭാവം എന്ന പദപ്രയോഗം—സ്വീകരിച്ചു വരുന്നതു് ഒട്ടും ഉചിതമല്ല.

## 11. ഇരുസ്വഭാവത്തെ സംബന്ധിച്ച ചില യാക്കോബായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ.

ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും നശിക്കാതെയും സമ്മിശ്രപ്പെടാതെയും അത്ഭുതകരമായി ഏകസ്വഭാവമാണുള്ളതു് എന്ന യാക്കോബായ വിശ്വാസവും, ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവമാണുള്ളതു് എന്ന കൽക്കദോനിയാ വിശ്വാസവും സാരാംശത്തിൽ ഒന്നുതന്നെയാണെന്നും, ഒന്നു, രണ്ടു എന്നുള്ള പദപ്രയോഗങ്ങളിൽ മാത്രം വ്യത്യാസമുള്ളതുകൊണ്ടു കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ ഈ വിഷയത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസം വെറും "വാക്കുപ്പട"യാണെന്നും പല യാക്കോബായ പണ്ഡിതന്മാർക്കും തോന്നിയിട്ടുണ്ടു്. യാക്കോബായ സഭയിലെ മഹാപണ്ഡിതനും കാനോൻ വിദഗ്ദ്ധനുമായ ബർ എബ്രായ (1226–1286), കത്തോലിക്കർ, യാക്കോബായക്കാർ ആദിയായവർ തമ്മിലുള്ള അഭിപ്രായ

www.malankaralibrary.com

വ്യത്യാസങ്ങൾ ദൈവശാസ്ത്രസംബന്ധമാണെങ്കിലും വിശ്വാസവിഷയങ്ങളെ സാരമായി സ്പർശിക്കുന്നവയല്ലെന്നും, പൊതുവായ വിശ്വാസത്തെ അവ ബാധിക്കയില്ലെന്നും വിശ്വസിച്ചിരുന്നതായി പറയപ്പെടുന്നു (Cf. Cath. Ency, Barhaebreus). എവുത്തിക്കോസിന്റെ ഏക സ്വഭാവവാദത്തെ വളരെ മയപ്പെടുത്തി ഏതോ ഒരു ഏകസ്വഭാവവാദത്തെയാണ് ബർ എബ്രായ സ്വീകരിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ ചില പദപ്രയോഗങ്ങൾ ഇരുസ്വഭാവവിശ്വാസത്തെ അനുകൂലിക്കുന്നവയാണ്. "സൽഗാ" (രശ്മി, വ്യാഖ്യാനം) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു:—"എന്നാൽ നമ്മുടെ കർത്താവിന് ഒരു ക്നൂമായും (ആളത്വം, വ്യക്തിത്വം) ഒരു സ്വഭാവവുമാകുന്നു. എങ്കിലും ഒന്നല്ല, രണ്ടുസ്വഭാവങ്ങളാകുന്നു. അവ രണ്ടിനും കൂടി ഒരു ക്നൂമായും" (സൽഗാ, മീംമ്രാ 2, 3, പാസോക്കാ 1). ബർ എബ്രായയെപ്പോലെ അന്ത്യോക്യായിലെ സെവേറിയോസ്, മാബോഗിലെ ഫിലക്സീനോസ് ആദിയായ യാക്കോബായ പണ്ഡിതന്മാർ എവുത്തിക്കോസിന്റെ ഏക സ്വഭാവവാദത്തെ വളരെ മയപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ദൈവത്വത്തിൽ മനുഷ്യത്വം പൂർണ്ണമായി ലയിച്ചുപോയെന്നും, ദൈവപുത്രൻ സ്വീകരിച്ച മനുഷ്യത്വം നമ്മുടെ മനുഷ്യത്വംപോലെ ഉള്ള ഒന്നല്ലായിരുന്നെന്നും അത്രെ എവുത്തിക്കോസ് പഠിപ്പിച്ചിരുന്നതു്. എന്നാൽ ഇവരാകട്ടെ മനുഷ്യാവതാരംചെയ്ത ദൈവപുത്രനിൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായിട്ടുണ്ടെന്നും, അവിടുന്നു സ്വീകരിച്ച മനുഷ്യത്വം നമ്മുടേതുപോലെയുള്ള ഒന്നാണെന്നും, എന്നാൽ ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ലയിക്കാതെയും സമ്മിശ്രപ്പെടാതെയും ഇരിക്കുന്നെങ്കിലും അവിടുത്തേക്കു് അത്ഭുതകരമായി ഒരു സ്വഭാവമേ ഉള്ളൂ എന്നും അത്രെ പഠിപ്പിക്കുന്നതു്. ഈ വിധത്തിലുള്ള ഏകസ്വഭാവവിശ്വാസമാണു യാക്കോബായ സഭയിൽ മിക്ക പണ്ഡിതന്മാർക്കും ഇക്കാലത്തുമുള്ളതു്. ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെടാതെയും ഒന്നു മറ്റൊന്നിൽ ലയിക്കാതെയും പരിപൂർണ്ണാവസ്ഥയിൽ സ്ഥി

www.malankaralibrary.com

തി ചെയ്യുന്നതായി യാക്കോബായക്കാർ വിശ്വസിക്കുന്നതിനാലും, ദൈവത്വത്തിൽ ദൈവസ്വഭാവവും മനുഷ്യത്വത്തിൽ മനുഷ്യസ്വഭാവവും ഉണ്ടായിരിക്കേണ്ടതുകൊണ്ടും ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള കൽക്കദോനിയാ വിശ്വാസം യാക്കോബായസഭ സ്വീകരിക്കേണ്ടതാണു്. എന്നാൽ രണ്ടു എന്നുള്ള പദം സ്വീകരിക്കാതെ ഒന്നു എന്നുള്ള പദം മുറുകെപിടിച്ചുകൊണ്ടു കൽക്കദോനിയാ വിശ്വാസത്തെ യാക്കോബായസഭ പരോക്ഷമായി ഏററുപറയുന്നു. ഇക്കാരണത്താലത്രെ കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ ഈ വിഷയത്തിലുള്ള ഭിന്നത സാരമായിട്ടുള്ള കാര്യത്തിലല്ല, ഒന്നു്, രണ്ടു് എന്നീപദപ്രയോഗങ്ങളെ സംബന്ധിച്ചാണെന്നു യാക്കോബായസഭയിലെ ചില വിമർശനവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്.

വട്ടിപ്പണക്കേസിൽ മൊഴികൊടുക്കയിൽ വട്ടശ്ശേരി തിരുമേനി ദൈവപുത്രന്റെ സ്വഭാവത്തെയും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെയും സംബന്ധിച്ചു കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിലുള്ള അഭിപ്രായവ്യത്യാസം നിസ്സാരമാണെന്നു പറയുന്നുണ്ടു്. തിരുമേനിയോടു ചോദിച്ച ചില ചോദ്യങ്ങളും അവയ്ക്കു അദ്ദേഹം നല്കിയ മറുപടികളും കേട്ടാലും. "ചോദ്യം:—ആംഗ്ലിയാസഭയും (Church of England) യാക്കോബായ സുറിയാനിസഭയും തമ്മിൽ വിശ്വാസവ്യത്യാസമുണ്ടോ? ഉത്തരം:—ആംഗ്ലിയാസഭയിൽ ഹൈചർച്ചുകാർ എന്നും, ലോചർച്ചുകാർ എന്നും രണ്ടു കൂട്ടരുണ്ടു്. അതിൽ ഹൈചർച്ചുകാരുടെ വിശ്വാസം റോമൻ കത്തോലിക്കരുടേതുമായി യോജിക്കുന്ന ഒന്നു രണ്ടു സംഗതികൾ ഒഴിച്ചു ശേഷമൊക്കെയും യാക്കോബായ സുറിയാനി സഭയിലെ വിശ്വാസംപോലെയാണു്... ...ഒന്നു രണ്ടു സംഗതികൾ എന്നു പറഞ്ഞതു പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ചും, പുത്രനിൽ എത്ര സ്വഭാവം എന്നുള്ളതിനെക്കുറിച്ചും ആണു്. ചോദ്യം:—ഈ രണ്ടു വ്യത്യാസങ്ങളും പ്രധാനമായിട്ടുള്ളതോ നിസ്സാരമോ? ഉത്തരം:—പ്രധാനപ്പെട്ടവയല്ലാത്ത

www.malankaralibrary.com

ഇനത്തിൽ ഉൾപ്പെട്ടതാണു്" (വട്ടിപ്പണക്കേസ്, മലയാള മനോരമപ്രസ്സ്, കോട്ടയം 1917, പുറം 1063—1064)

മലങ്കര യാക്കോബായസഭയിലെ ചരിത്രകാരനായ ഇ. എം. ഫിലിപ്പ "മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ" എന്ന ഗ്രന്ഥത്തിൽ കൽക്കദോനിയാ സൂനഹദോസു് ക്രിസ്തുവിൻെറ സ്വഭാവങ്ങളെ സംബന്ധിച്ചു ചെയ്ത തീരുമാനം യാക്കോബായക്കാൎക്കു സ്വീകാൎയ്യമാണെന്നും, ഒന്നു, രണ്ടു എന്നിങ്ങനെ പദപ്രയോഗത്തിൽ മാത്രമേ യാക്കോബായക്കാരും കത്തോലിക്കരും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളു എന്നും സ്പഷ്ടമായി പറയുന്നു. അദ്ദേഹത്തിൻെറ വാക്കുകൾതന്നെ ഉദ്ധരിക്കാം. "കൽക്കദോനിയാ സൂനഹദോസും സുറിയാനി പിതാക്കന്മാരും (യാക്കോബായസഭ സ്വീകരിക്കുന്ന പിതാക്കന്മാർ) സ്വഭാവങ്ങളുടെ യോജിപ്പിനെയും മനുഷ്യാവതാരത്തെയുംപററി ഒരേ അഭിപ്രായമാണു് അംഗീകരിച്ചതെന്നു നാം മനസ്സിലാക്കേണ്ടതാണു്. സൂനഹദോസ് യഥാൎത്ഥത്തിൽ കുററപ്പെടുത്തിയതു, നമ്മുടെ കൎത്താവിൽ ഇരുസ്വഭാവങ്ങളും ഒന്നു മറെറാന്നിൽ ലയിക്കത്തക്കവണ്ണം യോജിച്ചിരുന്നുവെന്നുള്ള എവുതിക്കോസിൻെറ ഉപദേശത്തെയായിരുന്നു. കൽക്കദോനിയായിൽ നിശ്ചയിച്ച വിശ്വാസംതന്നെയായിരുന്നു സുറിയാനി പിതാക്കന്മാരും ഉറപ്പിക്കാൻ ഉദ്ദേശിച്ചതു്......അഗാധമായ മനുഷ്യാവതാരരഹസ്യത്തെപ്പററി പ്രതിപാദിക്കുവാൻ ഞാൻ അപ്രാപ്തനാണെന്നു് എനിക്കു പരിപൂൎണ്ണബോദ്ധ്യമുണ്ടു്. എങ്കിലും വളരെനാളായി എൻെറ മനസ്സിൽ തോന്നിയിട്ടുള്ളതും എൻെറ സ്വന്തമനസ്സിൽ സത്യമെന്നു് എനിക്കു നല്ലവണ്ണം ബോദ്ധ്യം വന്നിട്ടുള്ളതുമായ ഒരു അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. കൽക്കദോനിയായിലെ പിതാക്കന്മാരും ഞാൻ ഉൾപ്പെട്ടിരിക്കുന്ന സഭയിലെ (യാക്കോബായ സഭയിലെ) പിതാക്കന്മാരും ഒരേ ഉപദേശമാണു പഠിപ്പിക്കുന്നതു്. അവർ ഉപയോഗിക്കുന്ന പദങ്ങളിൽ മാത്രമേ വ്യത്യാസമുള്ളു. മിശിഹായുടെ സ്വഭാവങ്ങളുടെ യോജിപ്പിൽ വേർപിരിവോ, സമ്മിശ്രമോ, പകൎച്ചയോ, വിഭജ്യതയോ ഇല്ലെന്നും, ര

www.malankaralibrary.com

ണ്ടു സ്വഭാവങ്ങളുടെയും ഗുണങ്ങൾ പ്രത്യേകമായി സംരക്ഷി ക്കപ്പെട്ടിരിക്കുന്നുവെന്നും രണ്ടുകൂട്ടരും ഐകകണ്ഠ്യേന സിദ്ധാന്തിക്കുന്നു. അവർ തമ്മിലുള്ള വ്യത്യാസം ഒന്നു്, രണ്ടു് എന്നുള്ള പദങ്ങളിൽ മാത്രമാണു്. രണ്ടു സഭകളുടെയും വിവരണങ്ങൾക്കു ഇത്രമാത്രം സാമ്യമുള്ള സ്ഥിതിക്കു ഒന്നു് എന്നും, രണ്ടു് എന്നും പറഞ്ഞു ദീർഘനാൾ വഴക്കുണ്ടാക്കിയതു കേവലം നിരൎത്ഥകമായി തോന്നുന്നു .......... സൌത്തുഗേററു ബിഷോപ്പിന്റെ (ഒരു പ്രോട്ടസ്റ്റന്റു മെത്രാന്റെ) മുമ്പിൽവച്ചു വാദം നടത്തിയ സുറിയാനി മെത്രാന്മാർ (യാക്കോബായ മെത്രാന്മാർ) സമ്മതിച്ചതുപോലെ പ്രസ്തുത വിഷയം സുറിയാനിക്കാരെ (യാക്കോബായക്കാരെ) നല്ലവണ്ണം മനസ്സിലാക്കിയാൽ അവർ പാശ്ചാത്യ വിശ്വാസത്തെ (കൽക്കദോനിയാ വിശ്വാസത്തെ) സമ്മതിച്ചു് ഇക്കാര്യം സംബന്ധിച്ചിടത്തോളം പാശ്ചാത്യസഭയുമായി സംസൎഗ്ഗം ചെയ്യുവാൻ ഇടയുണ്ടെന്നു് എനിക്കുള്ള ആശയെ ഇവിടെ മറച്ചുവെപ്പാനും തരമില്ല" (മാൎത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ, പുറം 338, 340, 344, 349.)

ക്രിസ്തുവിലുള്ള സ്വഭാവങ്ങളെ സംബന്ധിച്ചു് ഒന്നു്, രണ്ടു് എന്നുള്ള യാക്കോബായക്കാരുടെയും കത്തോലിക്കരുടെയും ഈ പദപ്രയോഗങ്ങൾ ശരിയായ അൎത്ഥത്തിൽ ഗ്രഹിക്കുന്നതിനു് ഒരു ഉദാഹരണംകൂടി പറഞ്ഞുകൊള്ളട്ടെ. അഞ്ചു വിരലുള്ള കൈപ്പത്തിയിലെ അഞ്ചു വിരലും നന്നായി അടുപ്പിച്ചു പിടിച്ചാൽ ഒന്നായി തോന്നുന്നതുകൊണ്ടു് അഞ്ചുംകൂടി ഒരു വിരൽ എന്നു പറയുന്നതു അത്ര ശരിയല്ലെങ്കിലും ഒന്നായി തോന്നുന്നതുകൊണ്ടു ഒന്നു് എന്നു പറയാവുന്നതാണു്. എന്നാൽ വിരലുകൾ എത്ര അടുപ്പിച്ചു പിടിച്ചാലും വാസ്തവത്തിൽ അവ ഒന്നും നശിക്കാതെയും ഒന്നു മറെറാന്നിൽ ലയിക്കാതെയും സമ്മിശ്രപ്പെടാതെയും ഇരിക്കുന്നതിനാൽ ഏക കൈപ്പത്തിയിൽ അഞ്ചു വിരലുകൾ എന്നു പറയുന്നതാണു ശരി. ക്രിസ്തുവിലുള്ള ദൈവത്വവും മനുഷ്യത്വവും നശിക്കാതെയും, സമ്മിശ്രപ്പെടാതെയും, ഒന്നു മറെറാന്നിൽ ലയിക്കാതെയും ഏക

www.malankaralibrary.com

വ്യക്തിത്വത്തിൽ അത്ഭുതകരമായി യോജിച്ചിരിക്കുന്നു എന്നു യാക്കോബായക്കാർ പറയുന്നതിനാൽ ഏകം എന്ന പദപ്രയോഗം അത്ര ശരിയല്ലെങ്കിലും ശരിയായ അർത്ഥത്തിൽ ഏകം എന്ന പദത്തെ വ്യാഖ്യാനിക്കാവുന്നതാണ്. സമ്മിശ്രപ്പെടാതെയും ഒന്നു മറ്റൊന്നിൽ ലയിക്കാതെയും ഏകവ്യക്തിയിൽ സ്ഥിതിചെയ്യുന്ന ഈ സ്വഭാവങ്ങൾ വാസ്തവത്തിൽ ഒന്നല്ല, രണ്ടാണെന്നു പറയുന്നതാണ ശരി. ഇങ്ങനെ രണ്ടു എന്ന പദപ്രയോഗം വിശേഷാൽ വ്യാഖ്യാനമില്ലാതെ ശരിയായ അർത്ഥത്തെ ദ്യോതിപ്പിക്കുന്നു; നേരേ മറിച്ച് ഏകം എന്ന പദമാകട്ടെ വ്യാഖ്യാനമുണ്ടെങ്കിലേ ശരിയായ അർത്ഥത്തെ ദ്യോതിപ്പിക്കയുള്ളു.

ശുദ്ധീകരസ്ഥലം ((Purgatory, ബോസ്പുർക്കാനാ), വി. കുർബാനയിലെ വസ്തുഭേദം (Transsubtantiation) എന്നിവ സംബന്ധിച്ച് യാക്കോബായക്കാരും കത്തോലിക്കരും തമ്മിലുള്ള അഭിപ്രായ വ്യത്യാസംപോലെ അത്രെ ഏകസ്വഭാവം, ഇരുസ്വഭാവം എന്ന പദപ്രയോഗങ്ങളിലുള്ള അഭിപ്രായ വ്യത്യാസവും. കത്തോലിക്കർ ചെയ്യുന്നതുപോലെ യാക്കോബായക്കാരും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും, വി. കുർബാന ചൊല്ലിക്കയും, ശ്രാദ്ധം മുതലായ അടിയന്തിരങ്ങൾ കഴിക്കയും ചെയ്യുന്നു. എങ്കിലും യാക്കോബായക്കാരോടു ചോദിച്ചാൽ സ്വർഗ്ഗം, നരകം എന്നീ രണ്ടു സ്ഥലങ്ങളിൽ മാത്രമേ അവർ വിശ്വസിക്കുന്നുള്ളു എന്നും, സ്വർഗ്ഗത്തിനും നരകത്തിനും ഇടയ്ക്കുള്ള ഒരു സ്ഥിതിയിൽ (ശുദ്ധീകരസ്ഥലത്തിൽ) ആത്മാക്കൾ ഉൾപ്പെട്ടിരിക്കുന്നതായുള്ള കത്തോലിക്ക വിശ്വാസം അബദ്ധമാണെന്നും പറയും. സ്വർഗ്ഗത്തിനു അർഹരായ വിധം മരിച്ചവർക്കുവേണ്ടി യാക്കോബായക്കാർ പ്രാർത്ഥിക്കയോ, കുർബാന ചൊല്ലിക്കയോ ചെയ്യുന്നില്ല. ഉദാഹരണത്തിനു കന്യകമറിയാമിനുവേണ്ടിയോ, ഗീവറുഗീസ്, അത്തനാസ്യോസ് എന്നീ വിശുദ്ധന്മാർക്കുവേണ്ടിയോ യാക്കോബായക്കാർ പ്രാർത്ഥിക്കയോ കുർബാന ചൊല്ലിക്കയോ ചെയ്യുന്നില്ല. യൂദാസിനെയും കർത്താവിൻെറ ഇടതുഭാഗത്തു തൂങ്ങിയ കള്ളനെയുംപോലെ കഠിന (മരണക

www.malankaralibrary.com

രമായ) പാപത്തിൽ മരിച്ചു നരകശിക്ഷയ്ക്കു അർഹരാക
ത്തക്ക സ്ഥിതിയിൽ മരിച്ചവൎക്കുവേണ്ടി പ്രാൎത്ഥിക്കയും കുർ-
ബാന ചൊല്ലുകയും ചെയ്താൽ യാതൊരു ഫലവുമില്ലെന്നു
തീർച്ചയാണു്. എത്ര പ്രാൎത്ഥിച്ചാലും കുർബാന ചൊല്ലി
യാലും നരകശിക്ഷയിൽ നിന്നു ആൎക്കും മോചനമില്ല. ആ
കയാൽ യാക്കോബായക്കാർ മരിച്ചവൎക്കുവേണ്ടി പ്രാൎത്ഥി
ക്കയും മററും ചെയ്യുമ്പോൾ സ്വൎഗ്ഗഭാഗ്യത്തിനും നരകശി
ക്ഷയ്ക്കും അർഹരല്ലാത്ത വിധത്തിൽ ഇരിക്കുന്നവൎക്കു—
ദൈവാനുഗ്രഹത്തിൽ മരിച്ചെങ്കിലും ഈ ലോക
ത്തിൽവച്ചുതന്നെ പാപങ്ങൾക്കെല്ലാം പൂൎണ്ണ പരിഹാരം
വരുത്താൻ സാധിക്കാതെ മരിച്ച നീതിമാന്മാൎക്കു—വേണ്ടി
യാണു് പ്രാൎത്ഥിക്കുന്നതു്. അങ്ങനെയുള്ള സ്ഥിതിയിൽ ഇ
രിക്കുന്ന ആത്മാക്കളെപ്പററിയത്രെ കത്തോലിക്കർ ശുദ്ധീ
കരണസ്ഥലത്തിലെ ആത്മാക്കൾ എന്നു പറയുന്നതു്. യാ
ക്കോബായക്കാർ ശുദ്ധീകരണസ്ഥലം എന്ന പദം സ്വീകരി
ക്കയില്ലെങ്കിലും ആ പദത്തിൽ അടങ്ങിയിരിക്കുന്ന വി
ശ്വാസം സ്വീകരിച്ചു് മരിച്ചവൎക്കുവേണ്ടി പ്രാൎത്ഥിച്ചുകൊ
ണ്ടു് സ്വൎഗ്ഗവും നരകവുമല്ലാത്ത സ്ഥിതിയിൽ ചില ആ
ത്മാക്കൾ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ള കത്തോലിക്കാ വി
ശ്വാസത്തെ പരോക്ഷമായി ഏററു പറയുന്നു.

ഇതുപോലെ വി. കുർബാനയിൽ അപ്പവും വീഞ്ഞും
കൎത്താവിന്റെ തിരുശരീരരക്തങ്ങളായി മാറുന്നു എന്നാ
ണു കത്തോലിക്കസഭയുടെ വിശ്വാസം. അപ്പത്തിന്റെ
യും വീഞ്ഞിന്റെയും നിറം, രുചി മുതലായവയ്ക്കു മാററ
മൊന്നും വരാതെ സാരംശത്തിൽ മാത്രം വരുന്ന ഈ മാ
ററത്തെ കത്തോലിക്കാസഭ വസ്തുഭേദം (Transsubstant-
iation) എന്നു വിളിക്കുന്നു. യാക്കോബായക്കാർ ഈ പ
ദം സ്വീകരിക്കുന്നില്ല. വി. കുർബാനയിൽ കൎത്താ
വിന്റെ യഥാൎത്ഥ സാന്നിദ്ധ്യമുണ്ടെന്നു മാത്രമേ യാ
ക്കോബായക്കാർ വിശ്വസിക്കുന്നുള്ളു എന്നാണു അവരുടെ
വാദം. എന്നാൽ വി. കുർബാനയിൽ കൂദാശ ചെയ്ത അ
പ്പവും വീഞ്ഞും വച്ചിട്ടുള്ള പീലാസായും കാസായും കൈ
യിൽ പിടിച്ചു ജനങ്ങളുടെ നേരെ തിരിഞ്ഞു അവരെ

www.malankaralibrary.com

അവകൊണ്ടു ആശീർവദിക്കുമ്പോൾ കാർമ്മികനായ പട്ടക്കാരൻ ചൊല്ലുന്നു:—"ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ തിരുശരീരവും, ഞങ്ങൾ പാനം ചെയ്ത നിന്റെ തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനുമായി തീരരുതേ". കൂദാശ ചെയ്ത അപ്പം വിഭജിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ കാസായിലുള്ള കൂദാശ ചെയ്ത വീഞ്ഞിനെ നോക്കി പട്ടക്കാരൻ പറയുന്നു:—"ഗോഗുൽത്താ മലയിൽ ദുഷ്ടന്മാരാൽ ചിന്തപ്പെട്ട രക്തം ഇതാ!" ജനങ്ങൾക്കു വി. കുർബാന കൊടുക്കുമ്പോൾ പട്ടക്കാരൻ പറയുന്നു:—"നമ്മുടെ കർത്താവായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട.... സത്യവിശ്വാസിക്കു നൽകപ്പെടുന്നു". ഈ സാക്ഷ്യങ്ങളിൽ നിന്നു കൂദാശ ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലും കർത്താവിന്റെ സാന്നിദ്ധ്യം മാത്രമല്ല, അവ യഥാർത്ഥത്തിൽ കർത്താവിന്റെ തിരുശരീരരക്തങ്ങളായിത്തീരുന്നു എന്നുള്ള വിശ്വാസമാണു വാസ്തവത്തിൽ യാക്കോബായസഭ ഏററു പറയുന്നതു്. ഈ വിശ്വാസത്തെ കത്തോലിക്കർ "വസ്തുഭേദം" എന്ന പേരു കൊടുത്തു് ഏററു പറയുന്നു എന്നേയുള്ളു. യാക്കോബായക്കാർ ആ പദം സ്വീകരിക്കാതെ അതിൽ അടങ്ങിയിരിക്കുന്ന വിശ്വാസം ഏററു പറയുന്നു.

ഇങ്ങനെ ശുദ്ധീകരസ്ഥലം, വസ്തുഭേദം എന്നീ പദങ്ങളെ നിഷേധിക്കുന്ന യാക്കോബായക്കാർ അവയിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ സ്വീകരിച്ചിരിക്കുന്നതുപോലെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടു് എന്ന കത്തോലിക്ക പദപ്രേയോഗത്തെ നിഷേധിച്ചുകൊണ്ടു ഒരു സ്വഭാവമേ ഉള്ളു എന്നു പറയുമെങ്കിലും വാസ്തവത്തിൽ കാര്യങ്ങൾ പറഞ്ഞു വരുമ്പോൾ കത്തോലിക്കരുടെ ഇരുസ്വഭാവ വിശ്വാസത്തെത്തന്നെയാണു ഏകസ്വഭാവമെന്ന പദപ്രയോഗം സ്വീകരിച്ച യാക്കോബായക്കാരും ഏററു പറയുന്നതു്.

7-ാം ഖണ്ഡികമുതൽ ഇതുവരെ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽനിന്നു് (പുറം 17-43) എവുത്തിക്കോ

www.malankaralibrary.com

സിൻെറ ഏക സ്വഭാവവാദമല്ല യാക്കോബായസഭ സ്വീകരിച്ചിരിക്കുന്നതെന്നും, ഏകസ്വഭാവം എന്ന പദം യാക്കോബായക്കാർ ഇപ്പോഴും പ്രയോഗിക്കുമെങ്കിലും കൽക്കദോനിയാ സൂനഹദോസ് അദ്ധ്യവസാനം ചെയ്ത വിധത്തിലുള്ള വിശ്വാസത്തെയാണു ആ പദപ്രയോഗം സൂചിപ്പിക്കുന്നതെന്നും, രണ്ടു സ്വഭാവം എന്നുള്ള കൽക്കദോനിയാ സൂനഹദോസിൻെറ പദപ്രയോഗം തന്നെയും യാക്കോബായസഭ സ്വീകരിക്കുന്ന പരിശുദ്ധപിതാക്കന്മാരുടെയും യാക്കോബായസഭയിലെ പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ സ്വീകാര്യമാണെന്നുമുള്ള സംഗതികൾ വ്യക്തമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

## 12. ദീയസ്കോറോസ് വിശുദ്ധനും സത്യവിശ്വാസിയുമോ?

യാക്കോബായക്കാർ വി. കുർബാനയിലെ 5-ാം "തുബ്ദേനി"ൽ(മാദ്ധ്യസ്ഥപ്രാർത്ഥന) ദീയസ്കോറോസിനെ മഹാ പരിശുദ്ധനും സത്യവിശ്വാസം "പാലിച്ചു ഏല്പിച്ചു തന്ന" പിതാക്കന്മാരിൽ ഒരാളുമായി പരിഗണിച്ച് അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം യാചിച്ചു വരുന്നു. ആരിയോസ് കക്ഷിക്കാർക്കു ആരിയോസും, നെസ്തോറിയക്കു നെസ്തോറിയസും, പ്രോട്ടസ്റ്റൻറുകാർക്കു മാർട്ടിൻ ലൂഥറും ഹെൻറി എട്ടാമനും മഹാപരിശുദ്ധന്മാരും സത്യവിശ്വാസത്തെപ്രതി പീഡകൾ സഹിച്ച പിതാക്കന്മാരുമായിരിക്കാം. കേരളത്തിൽ നവീകരണക്കാർ അഥവാ മാർത്തോമ്മാക്കാർ എന്ന പേരിൽ അറിയപ്പെടുന്നവരുടെ സഭ സ്ഥാപിച്ച മാർ മാത്യൂസ് അത്താനാസ്യോസ് മാർത്തോമ്മാക്കാരുടെ ദൃഷ്ടിയിൽ മഹാ പരിശുദ്ധനും സത്യവിശ്വാസം പരിരക്ഷിച്ചു ഏല്പിച്ച പിതാവുമാണ്. എന്നാൽ യാക്കോബായക്കാരുടെയും ഇതര സഭക്കാരുടെയും ദൃഷ്ടിയിൽ ഇവരെല്ലാം ശീശ്മക്കാർ അല്ലെങ്കിൽ പാഷണ്ഡികളും സഭയിൽ നിന്നു നിയമാനുസരണം ബഹിഷ്കരിക്കപ്പെട്ടവരുമല്ലേ? യഥാർത്ഥ ചരിത്രരേഖകളെ ആസ്പദമാക്കി പര്യാലോചിച്ചാൽ രണ്ടാമത്തെ ഈ അഭിപ്രായമ

www.malankaralibrary.com

ല്ലേ ശരി? ഇതുപോലെ ദീയസ്കോറോസും അദ്ദേഹത്തിന്റെ അനുയായികളായ മേല്പട്ടക്കാരും യാക്കോബായക്കാരും ഏകസ്വഭാവവാദത്തിൽനിന്നു് ഉത്ഭവിച്ച ഇതര സഭക്കാരും മററു പരിശുദ്ധന്മാരും സത്യവിശ്വാസത്തിനുവേണ്ടി പോരാടി ബഹുവിധ പീഡകൾ സഹിച്ച പിതാക്കന്മാരുമാണെന്നു തോന്നിയാലും യഥാർത്ഥ ചരിത്രരേഖകളെ ആസ്പദമാക്കി അന്വേഷണം നടത്തുമ്പോൾ യാക്കോബായക്കാരുടെ ഈ അഭിപ്രായം തെററാണെന്നും, മററു സഭക്കാരുടെ അഭിപ്രായമാണു ശരിയെന്നും ബോദ്ധ്യമാകും. ഈ വിഷയം സംബന്ധിച്ചുള്ള ചില ചരിത്രരേഖകൾ താഴെ ചേക്കുന്നു.

1. കൽക്കദോനിയാ സൂനഹദോസ് നിയമാനുസരണം നടന്ന പൊതുസൂനഹദോസാണു്. (താഴെ 13-ാം ഖണ്ഡികയിൽ ഇതു സംബന്ധിച്ചുള്ള തെളിവുകൾ കാണുക) നിയമാനുസരണം നടന്ന പൊതുസൂനഹദോസുകളിൽവച്ചു ശപിക്കപ്പെട്ട ആരിയോസ്, മക്കദോനിയസ്, നെസ്തോറിയസ് എന്നിവരെ പാഷണ്ഡികളും, സഭയിൽ നിന്നു ബഹിഷ്കൃതരും, മഹാപാപികളുമായിട്ടാണു യാക്കോബായസഭ പരിഗണിക്കുന്നതു്. ആകയാൽ കൽക്കദോനിയായിൽ നിയമാനുസരണം നടന്ന നാലാമത്തെ പൊതു സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ദീയസ്കോറോസിനെ വിശുദ്ധനും സത്യവിശ്വാസം നിലനിറുത്തി എല്പിച്ചുതന്ന പിതാക്കന്മാരിൽ ഒരാളുമായി യാക്കോബായക്കാർ പരിഗണിച്ചു വി. കുർബാനയിൽ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നതു് ഒട്ടും ശരിയല്ല.

2. ദീയസ്കോറോസ് സ്ഥാനഭ്രംശം ചെയ്ത കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസായ ഫ്ളാവിയൻ, സൈർഹസിലെ മെത്രാനായ തെഓദെരററ് ആദിയായവർ ലെഓൻ മാർപ്പാപ്പായിക്കു അയച്ച ദീർഘമായ അപ്പീലുകളിലും, (Codex bibliothecae Capituli Novarensis n. 30; Ep. 113; PG 83, 1313), കൽക്കദോനിയാ സൂനഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധിയായി ആ

www.malankaralibrary.com

ദ്ധ്യക്ഷം വഹിച്ച പസ്കാസിനൂസ് പ്രസ്താവിച്ച വിധിയിലും (Mansi VI, 1048) ദീയസ്ക്കോറോസ് "തസ്കരസംഘ"ത്തിലും മററും വച്ചു ചെയ്ത അക്രമപ്രവൃത്തികൾ വിവരിക്കുന്നുണ്ട്. ഇവയെല്ലാം അനിഷേധ്യമായ ചരിത്ര രേഖകളാണ്. (4-ാം ഖണ്ഡിക കാണുക; പുറം 11-12) *

3. ദീയസ്ക്കോറോസ് ഏകസ്വഭാവവാദിയായ എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിച്ച് അദ്ദേഹം സത്യവിശ്വാസിയാണെന്നു പ്രഖ്യാപനം ചെയ്തു; പല മെത്രാന്മാരെയും സ്ഥാനഭ്രംശം ചെയ്ത് അവരുടെ സ്ഥാനങ്ങളിൽ മററു മെത്രാന്മാരെ വാഴിച്ചു; ഫ്ളാവിയൻ പാത്രിയർക്കീസിനെ കഠിനമായി ദേഹോപദ്രവം ഏല്പിച്ചു മൂന്നാംദിവസം മരിക്കാൻ ഇടവരുത്തി; നിക്യായിൽ പത്തു മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഒരു യോഗത്തിൽവച്ചു ലെഓൻ മാർപ്പാപ്പായെ ശപിച്ചു. ഇങ്ങനെയുള്ള അനേകം കാര്യങ്ങൾ ചെയ്തിട്ടും കൽക്കദോനിയാ സൂനഹദോസിൽവച്ചു അദ്ദേഹം യാതൊരു അനുതാപവും കാണിച്ചില്ല; യാതൊന്നിനും ക്ഷമായാചനവും ചെയ്തില്ല. ഇവയെല്ലാം കൽക്കദോനിയാ സൂനഹദോസിന്റെ നടപടികളിൽ നിന്നും മുകളിൽ സൂചിപ്പിച്ച അപ്പീലുകൾ, വിധി എന്നിവയിൽ നിന്നും തെളിഞ്ഞിട്ടുള്ള സംഗതികളത്രെ. ഇങ്ങനെയുള്ള ദീയസ്ക്കോറോസിനെയാണു അത്തനാസ്യോസ്, കൂറില്ലോസ് ആദിയായ വിശുദ്ധ പിതാക്കന്മാരുടെകൂടെ യാക്കോബായക്കാർ വി. കുർബാനയിൽ അനുസ്മരിച്ച് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നതു്!

4. ക്രിസ്ത്വബ്ദം 978-ൽ ചരിത്രമെഴുതിയ ഒരു യാക്കോബായ ചരിത്രകാരനായ മുക്കാഫാ സെവേരൂസ് "തസ്കരസംഘ"ത്തിൽവച്ചു ദീയസ്ക്കോറോസിനാൽ സ്ഥാ

* ഫ്ളാവിയന്റെയും തെഓദെരററിന്റെയും പസ്കാസിനൂസിന്റെയും സാക്ഷ്യങ്ങൾ "കൽക്കദോനിയാ സൂനഹദോസ്" എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നതു കാണുക (പുറം 49-56; 226- 229; 79—81)

www.malankaralibrary.com

നഭ്രംശം ചെയ്യപ്പെട്ട പൌരസ്ത്യ മെത്രാന്മാർ റോമ്മാ മാർപ്പാപ്പായിക്കു ഇപ്രകാരം എഴുതിയതായി പ്രസ്താവിക്കുന്നു:—"അവിടുന്നു ഏററം വലിയ പിതാവും നാഥനും പാത്രിയക്കീസുമാണു്. ശിഷ്യന്മാരുടെ പ്രഭുവായ പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണു് അവിടുന്നു്. അവിടുന്നു ജീവിച്ചിരിക്കയിൽ ദീയസ്ക്കോറോസിനു് ഇപ്രകാരം പ്രവൎത്തിക്കുവാൻ എന്തു അധികാരമാണുള്ളതു്?" ഈ സാക്ഷ്യത്തിൽ റോമ്മാ മാർപ്പാപ്പായിക്കു വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമിയെന്ന നിലയിൽ സഭ മുഴുവനിലുമുള്ള അധികാരത്തെയും, ദീയസ്ക്കോറോസ് അനധികൃതമായി ചെയ്ത പ്രവൃത്തികളെയും അക്രമങ്ങളെയുമാണല്ലോ സൂചിപ്പിച്ചിരിക്കുന്നതു്.

5. നെസ്തോറിയസ് എഴുതിയതായി പറയപ്പെടുന്ന "ഹെറാക്ലീഡെസിന്റെ ഗ്രന്ഥം" എന്ന പുസ്തകത്തിൽ ദീയസ്ക്കോറോസ് അനധികൃതമായി നടത്തിയ "തസ്കരസംഘ"ത്തെ ആക്ഷേപിച്ചുകൊണ്ടു നെസ്തോറിയസ് പറയുന്നു:—"റോമ്മാ മെത്രാനോ, പത്രോസിന്റെ സിംഹാസനമോ, അപ്പൊസ്തോലിക ബഹുമാനമോ, റോമ്മാക്കാർ സ്നേഹിക്കുന്ന പരമാധികാരമോ അവിടെ ഇല്ലായിരുന്നു" (Loofs, Nestoriana P. 302). നെസ്തോറിയസ് അബദ്ധോപദേശം പഠിപ്പിച്ചതു നിമിത്തം സഭയിൽ നിന്നു ബഹിഷ്കൃതനായെങ്കിലും ദീയസ്ക്കോറോസ് നടത്തിയതുപോലെ ഒരു "തസ്കരസംഘം" അഥവാ അനധികൃതവും അക്രമപരവുമായ ഒരു സൂനഹദോസ് നടത്തി കുപ്രസിദ്ധനായിട്ടില്ലെന്നത്രെ ഈ വാക്കുകളുടെ സാരം.

എവുത്തിക്കോസിന്റെ അബദ്ധോപദേശം ശരിയാണെന്നു ദീയസ്ക്കോറോസ് ആത്മാൎത്ഥമായി വിശ്വസിച്ചിരുന്നോ ഇല്ലയോ എന്നു തീൎച്ചപറയുവാൻ ഇപ്പോൾ നമുക്കു സാധിക്കയില്ല. എവുത്തിക്കോസിനെ ബാഹ്യമായിട്ടെങ്കിലും ആദരിക്കുന്നതിനും കോൺസ്റ്റന്റിനോപ്പിൾ പാത്രിയക്കീസായിരുന്ന ഫ്ളാവിയനെ ദ്വേഷിക്കുന്നതിനും ദീയസ്ക്കോറോസിനു ചില പ്രത്യേക കാരണങ്ങളുണ്ടായിരുന്നു. കോൺ

www.malankaralibrary.com

സ്റ്റൻറിനോപ്പിൾ നഗരം റോമ്മാ സാമ്രാജ്യത്തിൻെറ തലസ്ഥാനമായിത്തീന്നതിനാലും, "പുതിയ റോമ്മാ" എന്നു് അതു വിളിക്കപ്പെട്ടുവന്നതിനാലും ആ സിംഹാസനത്തിൽ വാണിരുന്ന പാത്രിയക്കീസുമാർ കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തിനു റോമ്മാ കഴിഞ്ഞാൽ പിന്നെ മുഖ്യസ്ഥാനം ലഭിക്കണമെന്നു വാദിച്ചു വന്നിരുന്നു. എന്നാൽ സാമ്രാജ്യത്തിൻെറ തലസ്ഥാനമായതുകൊണ്ടല്ല, പ്രത്യുത വി. പത്രോസിൻെറ യഥാത്ഥ പിൻഗാമി റോമ്മായിൽ വാഴുന്നതുകൊണ്ടാണു റോമ്മാസിംഹാസനത്തിനു മററെല്ലാ സിംഹാസനങ്ങളുടെയുംമേൽ പ്രാമുഖ്യം ലഭിച്ചിരിക്കുന്നതെന്നും, എന്നാൽ പുരാതന നടപടികളും കാനോനാകളും (സഭാനിയമങ്ങൾ) അനുസരിച്ചു റോമ്മാ കഴിഞ്ഞാൽ പിന്നെ പ്രധാനസ്ഥാനം അലക്സാണ്ടു്റിയാ സിംഹാസനത്തിനും, അതുകഴിഞ്ഞാൽ മൂന്നാമത്തെ സ്ഥാനം അന്ത്യോക്യാ സിംഹാസനത്തിനും നൽകണമെന്നു പുരാതന കാലംതുടങ്ങി സഭാപിതാക്കന്മാർ നിശ്ചയിച്ചിരിക്കകൊണ്ടു കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസുമാരുടെ വാദം ശരിയല്ലെന്നും റോമ്മാ മാപ്പാപ്പാമാക്കു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അവർ ഈ വാദത്തെ അംഗീകരിക്കാതെ നിശ്ശേഷം നിരസിച്ചുവന്നിരുന്നു. എന്നാൽ അലക്സാണ്ടു്റിയാ സിംഹാസനത്തോടുള്ള അസൂയ നിമിത്തം അന്ത്യോക്യായിലെ ചില പാത്രിയക്കീസുമാർ കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസുമാരുടെ വാദത്തെ ഏററെക്കുറെ അനുകൂലിച്ചു് അലക്സാണ്ടു്റിയാ സിംഹാസനത്തെ തരംതാഴ്ത്താൻ ശ്രമിച്ചിരുന്നു. ഒരു പ്രാദേശിക സൂനഹദോസിൽ അന്ത്യോക്യായിലെ ദോമ്നസ് പാത്രിയക്കീസ് ഫ്ളാവിയൻെറ മുൻഗാമിയായി കോൺസ്റ്റൻറിനോപ്പിൾ സിംഹാസത്തിൽ ഭരിച്ചിരുന്ന പ്രോക്ലസ് പാത്രിയക്കീസിനു് അലക്സാണ്ടു്റിയാ പാത്രിയക്കീസായിരുന്ന ദീയസ്ക്കോറോസിനു നല്കിയതിനേക്കാൾ മാന്യസ്ഥാനം നല്കുകയുണ്ടായി. കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തോടും അതിൽ വാഴുന്ന പാത്രിയക്കീസുമാരോടും ദീയസ്ക്കോറോസിനു് അസൂയയും വൈരാഗ്യവും വർദ്ധിക്കുന്നതിനു് ഇതു് ഒരു വിശേഷാൽ കാരണമായി. സ്ഥിതിഗതികൾ ഇങ്ങനെ

www.malankaralibrary.com

ഇരിക്കുമ്പോഴാണു ഫ്ളാവിയൻ പാത്രിയക്കീസിന്റെ അധികാരത്തിനു വിധേയമായിരുന്ന കോൺസ്റ്റന്റിനോപ്പിൾ സന്യാസസഭയുടെ ശ്രേഷ്ഠനായ എവുത്തിക്കോസ് അബദ്ധോപദേശം പഠിപ്പിച്ചതും, ഫ്ളാവിയന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച പ്രാദേശിക സുന്നഹദോസിൽവച്ചു എവുത്തിക്കോസ് പാഷണ്ഡിയായി ശപിക്കപ്പെട്ടതും. കോൺസ്റ്റന്റിനോപ്പിൾ സിംഹാസനത്തോടുള്ള പകയും വൈരാഗ്യവും തീക്കുന്നതിനു ഇതുതന്നെ പററിയ സന്ദർഭമെന്നു കരുതി ദീയസ്ക്കോറോസ് എവുത്തിക്കോസിന്റെ ഭാഗംചേൎന്നു ഫ്ളാവിയനെയും കൂട്ടരെയും "നല്ലപാഠം" പഠിപ്പിക്കുന്നതിനു നിശ്ചയിച്ചു. റോമ്മാ ചക്രവർത്തിയുടെ പ്രധാന സേവകനായിരുന്ന ക്രിസാഫിയസിന്റെ ജ്ഞാനസ്നാനപിതാവായിരുന്നു എവുത്തിക്കോസ്. തന്മൂലം ഫ്ളാവിയനു എതിരായുള്ള പോരാട്ടത്തിൽ ചക്രവർത്തിയുടെയും മററും സഹായാനുകൂല്യങ്ങൾ തനിക്കു ലഭിക്കുമെന്നും ദീയസ്ക്കോറോസ് വിചാരിച്ചിരുന്നു. എഫേസൂസിൽ കൂടിയ സുന്നഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധിമാർ ആദ്ധ്യക്ഷം വഹിച്ചാൽ എവുത്തിക്കോസ് വീണ്ടും ശപിക്കപ്പെട്ടുമെന്നും, അപ്പോൾ ഫ്ളാവിയൻ പാത്രിയക്കീസിനു പരിപൂർണ്ണ വിജയം സിദ്ധിക്കുമെന്നും ഗ്രഹിച്ചിരുന്നതിനാലാണു അവിടെ നിയമവിരുദ്ധമായി ദീയസ്ക്കോറോസ് തന്നെ ആദ്ധ്യക്ഷം വഹിച്ചു് എവുത്തിക്കോസ് നിരപരാധിയും സത്യവിശ്വാസിയുമാണെന്നു പ്രഖ്യാപനം ചെയ്തതു്.

ഇങ്ങനെ ബാഹ്യമായ ചില കാരണങ്ങൾ നിമിത്തം അബദ്ധോപദേശം പഠിപ്പിച്ച എവുത്തിക്കോസിനെ ദീയസ്ക്കോറോസ് പൂർണ്ണമായി അനുകൂലിക്കുന്നതിനും തൽഫലമായി പല അക്രമപ്രവൃത്തികൾ കാട്ടിക്കൂട്ടുന്നതിനും ഇടയായി.

ദീയസ്ക്കോറോസിന്റെ ഗ്രന്ഥങ്ങളുടെ ഏതാനും അവശിഷ്ടങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. തന്മൂലം ദീയസ്ക്കോറോസിന്റെ ഏകസ്വഭാവവാദം എവുത്തിക്കോസിന്റെ ഏകസ്വഭാവവാദംപോലെ തന്നെയുള്ള ഒന്നായിരു

www.malankaralibrary.com

ന്നോ, അതോ മററു ചില ഏകസ്വഭാവവാദികളുടേതുപോലെ കുറെ മയപ്പെട്ട ഒന്നായിരുന്നോ എന്നു ഖണ്ഡിതമായി പറയുവാൻ ഇപ്പോൾ നമുക്കു നിവൃത്തിയില്ല. ഏതായാലും കോൺസ്റ്റൻറിനോപ്പിളിലെഫ്ളാവിയൻ പാത്രിയക്കീസിനോടു വിരോധം തോന്നുവാൻ ദീയസ്കോറോസിനു എന്തെല്ലാം കാരണങ്ങൾ ഉണ്ടായിരുന്നാലും — ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ചു ദീയസ്കോറോസിൻെറ ഉള്ളിൽ ശരിയായ വിശ്വാസം ഉണ്ടായിരുന്നതായി സങ്കല്പിച്ചാൽത്തന്നെയും— അബദ്ധോപദേശം പഠിപ്പിച്ചു എവുത്തിക്കോസിനെ ദീയസ്കോറോസ് പൂർണ്ണമായി അനുകൂലിച്ചിരുന്നു എന്നുള്ളതു് ആർക്കും നിഷേധിക്കാവുന്നതല്ല. ഫ്ളാവിയൻ ലെഓൻ മാർപ്പാപ്പായിക്കു അയച്ചു അപ്പീലിൽ പറയുന്നതു് "എവുത്തിക്കോസ് സത്യവിശ്വാസിയാണ്... ഈ വിശ്വാസം സ്വീകരിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നിങ്ങനെ 'തസ്ക്കരസംഘ'ത്തിൽവച്ചു എല്ലാമെത്രാന്മാരും ഏററുപറയണമെന്നു ദീയസ്കോറോസ് ആജ്ഞാപിച്ചു എന്നത്രെ. കൽക്കദോനിയാ സുനഹദോസിൽ ദീയസ്കോറോസിനു് എതിരായി പ്രസ്താവിച്ച വിധിയിൽമാർപ്പാപ്പായുടെ പ്രതിനിധിയായ പസ്കാസിനൂസ് പറയുന്നതും "സ്വന്തം മെത്രാനിൽ നിന്നു ന്യായാനുസരണം ശാപം സ്വീകരിച്ച എവുത്തിക്കോസിനെ പരമാധികാരം സ്വയം കവർന്നെടുത്തുകൊണ്ടു നിയമവിരുദ്ധമായി സഭയുടെ ഐക്യത്തിലേക്കു ദീയസ്കോറോസ് സ്വീകരിച്ചു" എന്നാണു് (Mansi, VI, 1048). ദീയസ്കോറോസിൻെറ ആന്തരിക വിശ്വാസം എന്തായിരുന്നാലും ബാഹ്യകാരണങ്ങളെ ആസ്പദമാക്കി വിധിക്കുവാൻ സാധിക്കുന്നിടത്തോളം ദീയസ്കോറോസ് എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിക്കയും, അദ്ദേഹത്തിൻെറ വിശ്വാസം സത്യവിശ്വാസമാണെന്നു സ്പഷ്ടമായി പ്രഖ്യാപിക്കയും ചെയ്തിട്ടുള്ള ഒരാളാണു്. ഇക്കാരണത്താലും മററു പല അക്രമപ്രവൃത്തികൾ നിമിത്തവും അദ്ദേഹം കൽക്കദോനിയാ സുനഹദോസിനാൽ നിയമാനുസരണം ശപിക്കപ്പെട്ടവനായി. എവുത്തിക്കോസിനെ പാഷണ്ഡിയായി ശപിക്കുന്ന യാക്കോബായസഭ എവുത്തിക്കോസിനെ പൂർണ്ണമായി അനു

www.malankaralibrary.com

ക്രൂലീക്കയും പലവിധ അക്രമങ്ങൾ പ്രവർത്തിക്കയും ചെയ്കനിമിത്തം കൽക്കദോനിയാ സുനഹദോസിൻെറ ശാപം സ്വീകരിച്ചു സഭാഭ്രഷ്ടനായിത്തീന്ന ദീയസ്കോറോസിനെ ഒരു വിശുദ്ധനും സത്യവിശ്വാസം നിലനിറുത്തിയ പിതാക്കന്മാരിൽ ഒരാളുമായി വി. കുർബാനയിൽ ഏററു പറഞ്ഞു മാദ്ധ്യസ്ഥം യാചിക്കുന്നതു് എത്ര കഷ്ടം!

ഗാൻഗ്രാ എന്ന സ്ഥലത്തേക്കു നാടുകടത്തപ്പെട്ടശേഷം ദീയസ്കോറോസിൻെറ വിശ്വാസം എവുത്തിക്കോസിൻെറ വിശ്വാസത്തിൽനിന്നു വളരെ വ്യത്യസ്തമായി എന്നതിനു തെളിവുണ്ടു്. ഗാൻഗ്രായിൽ വച്ചു സെക്കൻദീനൂസ് എന്നൊരാൾക്കു് അദ്ദേഹം അയച്ചു ഒരെഴുത്തിൽ ക്രിസ്തുവിനു നമ്മുടെ ശരീരംപോലെതന്നെ യഥാത്ഥവും പരിപൂണ്ണവുമായ മനുഷ്യശരീരം ഉണ്ടായിരുന്നതായി പ്രസ്പഷ്ടമായവാക്കുകളിൽ പറയുന്നു (Hist. Misc. III, 1) അങ്ങനെയെങ്കിൽ ക്രിസ്തുവിനു മനുഷ്യസ്വഭാവവും ഉണ്ടായിരുന്നതായി ദീയസ്കോറോസ് വിശ്വസിച്ചിരുന്നെന്നു് അനുമാനിക്കാമല്ലോ. ഏതായാലും അന്ത്യോക്യായിലെ സെവേറിയോസ്, മാബോഗിലെ ഫിലക്സീനോസ്, ബർ എബ്രായ ആദിയായവരുടെ ഏകസ്വഭാവവാദംപോലെ ദീയസ്കോറോസിൻെറ ഏകസ്വഭാവവാദവും കാലാന്തരത്തിൽ എവുത്തിക്കോസിൻെറ ഏകസ്വഭാവവാദത്തിൽ നിന്നു വളരെ മയപ്പെട്ട—സത്യവിശ്വാസത്തിനനുസരണമായി വ്യാഖ്യാനിക്കപ്പെടാവുന്ന — ഒരു ഏകസ്വഭാവവാദമായിത്തീർന്നെന്നുവേണം ഊഹിക്കുവാൻ (പുറം 36—40 കാണുക)

## 13. കൽക്കദോനിയാ സൂനഹദോസിൻെറ പ്രാമാണ്യം.

ഏകസ്വഭാവവാദികളെ ശപിച്ചു സഭയിൽ നിന്നു ബഹിഷ്കരിച്ച കൽക്കദോനിയാ എന്ന നാലാമത്തെ പൊതു സൂനഹദോസു് (പുറം 12—18 കാണുക) അസാധുവാണെന്നത്രെ ഏകസ്വഭാവവാദത്തിൽനിന്നും ഉത്ഭവിച്ച ഈ ജിപ്റ്റായ, അബിസ്സീനിയൻ, അർമ്മേനിയൻ, യാക്കോബായ

www.malankaralibrary.com

എന്നീ നാലു സഭാവിഭാഗങ്ങളും പഠിപ്പിച്ചു വരുന്നതു്. എന്നാൽ ഈ നാലു സഭക്കാരും അംഗീകരിക്കുന്ന നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നീ മൂന്നു സൂന്നഹദോസുകളെപ്പോലെ കൽക്കദോനിയാ സൂന്നഹദോസും സാധുവാണെന്നുള്ളതിനു് ഏതാനും തെളിവുകൾ താഴെ ചേർക്കുന്നു.

1. സഭാചരിത്രം പരിശോധിച്ചാൽ ഏതു സൂന്നഹദോസിൽ വച്ചു ഒരു വിഭാഗക്കാർ ശപിക്കപ്പെട്ടു സഭയിൽനിന്നു ബഹിഷ്കൃതരായോ ആ സൂന്നഹദോസ് അസാധുവാണെന്നും, അതിനു മുമ്പു നടന്നിട്ടുള്ള സൂന്നഹദോസുകൾ മാത്രം ശരിയാണെന്നും വാദിക്കുന്ന ഒരു പതിവ് എല്ലാവിഭാഗക്കാരും സ്വീകരിച്ചിരിക്കുന്നതായി കാണാം. ആര്യോസ് കക്ഷിക്കാർ ആദ്യത്തെ സൂന്നഹദോസായ നിക്യായിൽവച്ചു ശപിക്കപ്പെട്ടതുകൊണ്ടു നിക്യാസൂന്നഹദോസു് ശരിയല്ലെന്നും, സഭയിൽ യാതൊരു സൂന്നഹദോസും നടന്നിട്ടില്ലെന്നും വാദിച്ചുവന്നു. മക്കദോനിയസിന്റെ കക്ഷിക്കാർ കോൺസ്റ്റൻറിനോപ്പിളിൽ സമ്മേളിച്ച രണ്ടാമത്തെ പൊതുസൂന്നഹദോസിൽവച്ചു ശപിക്കപ്പെട്ടതിനാൽ രണ്ടാമത്തെ ഈ പൊതുസൂന്നഹദോസ് അസാധുവാണെന്നും, നിക്യാസൂന്നഹദോസ് മാത്രമാണു ശരിയായ പൊതുസൂന്നഹദോസെന്നും ശഠിച്ചിരുന്നു. നെസ്തോറിയർ എഫേസൂസിൽ നടന്ന മൂന്നാമത്തെ പൊതുസൂന്നഹദോസിൽവെച്ചു ശപിക്കപ്പെട്ടതുകൊണ്ടു ആ സൂന്നഹദോസ് തെററിപ്പോയെന്നു വാദിക്കുന്നു. നാലാമത്തെ പൊതുസൂന്നഹദോസായ കൽക്കദോനിയായിവച്ചു് ഏകസ്വഭാവവാദികൾ ശപിക്കപ്പെട്ടതിനാൽ കൽക്കദോനിയാ സൂന്നഹദോസ് ശരിയല്ലെന്നും, അതിനുമുമ്പു നടന്ന നിക്യാ, കോൺസ്റ്റൻറനോപ്പിൾ, എഫേസൂസ് എന്നീ മൂന്നു സൂന്നഹദോസുകൾ മാത്രമേ ശരിയായിട്ടുള്ളു എന്നും ഏകസ്വഭാവവാദത്തിൽ നിന്നു് ഉത്ഭവിച്ച യാക്കോബായ, ഈജിപ്തായ അർമ്മേനിയൻ, അബിസ്സീനിയൻ എന്നീ നാലു സഭകളിൽപ്പെട്ടവർ വാദിച്ചുവരുന്നു. ഗ്രീക്കു ശീശ്മക്കാർ (യവുനായക്കാർ) എട്ടാമത്തെ പൊതുസൂന്നഹദോസിൽവച്ചു ശ

പിക്കപ്പെട്ടതുകൊണ്ടു് ഏഴു സുനഹദോസുകൾ മാത്രമേ നടന്നിട്ടുള്ളു എന്നും, എട്ടാമത്തേ സുനഹദോസ് ശരിയല്ലെന്നും ശഠിക്കുന്നു. വത്തിക്കാൻ സുനഹദോസിൽവച്ചു ശപിക്കപ്പെട്ടവരും, "പൂർവ്വിക കത്തോലിക്കർ" എന്ന പേരിൽ അറിയപ്പെടുന്നവരും 19 പൊതുസുനഹദോസുകൾ ശരിയാണെന്നു സമ്മതിക്കുന്നു. എന്നാൽ തങ്ങളെ ശപിച്ച 20-ാമത്തേ പൊതുസുനഹദോസായ വത്തിക്കാൻ സുനഹദോസ് തെററിപ്പോയെന്നു് അവർ വാദിക്കുന്നു. ജഡ്ജി നിയമാനുസരണം നടത്തിയ ഒരു വിധി പ്രതിക്കു അനുകൂലമല്ലാത്തതുകൊണ്ടു് ജഡ്ജിയുടെ ആ വിധി അസാധുവാണെന്നും, അതിനു മുമ്പു നടന്നിട്ടുള്ള കേസുകളിലെ വിധികൾമാത്രമേ നിയമാനുസരണമായിട്ടുള്ളു എന്നും ആ പ്രതി വാദിച്ചാൽ ആ വാദം ശരിയല്ലല്ലോ. ഇതുപോലെ കത്തോലിക്കാസഭയിൽനിന്നു നിയമാനുസരണം ഛേദിക്കപ്പെട്ട ഈ സഭകളെല്ലാം തങ്ങളെ ശപിച്ച സുനഹദോസ് അസാധുവാണെന്നും, അതിനുമുമ്പു നടന്ന സുനഹദോസുകൾ മാത്രമേ ശരിയായ സുനഹദോസുകൾ ആയിട്ടുള്ളു എന്നും വാദിച്ചാൽ ആ വാദം സ്വീകാര്യമോ, യുക്തിയുക്തമോ അല്ല. ആകയാൽ കൽക്കദോനിയാസുനഹദോസിൽവച്ചു നിയമാനുസരണം ശപിക്കപ്പെട്ട യാക്കോബായക്കാരും മററും കൽക്കദോനിയാ സുനഹദോസ് അസാധുവാണെന്നു വാദിക്കുന്നതു നിരർത്ഥകമത്രെ.

2. കൽക്കദോനിയാസുനഹദോസ് രാജബലത്താൽ നടന്നതുകൊണ്ടു അസാധുവാണെന്നത്രെ വേറെ ചില യാക്കോബായക്കാരുടെ വാദം. ഇക്കാരണം പറഞ്ഞാണു് ആരിയോസ്കക്ഷിക്കാർ തങ്ങളെ ശപിച്ച നിക്യാസുനഹദോസിനെയും, നെസ്തോറിയർ എഫേസൂസ് സുനഹദോസിനെയും തള്ളിക്കളഞ്ഞിരിക്കുന്നതു്. ആരിയോസ്കക്ഷിക്കാരുടെയും നെസ്തോറിയരുടെയും ഈ വാദം ശരിയാണെന്നു യാക്കോബായക്കാർ സമ്മതിച്ചുകൊടുക്കയില്ല. ആ സ്ഥിതിക്കു തങ്ങളെ ശപിച്ച കൽക്കദോനിയാ സുനഹദോസ് രാജബലത്താൽ നടന്നതാണെന്നുള്ള യാക്കോബായക്കാരുടെ വാദവും സമ്മതിച്ചുകൊടുക്കേണ്ട ആവശ്യമില്ലല്ലോ.

www.malankaralibrary.com

പൊതുസൂനഹദോസുകളുടെ ചരിത്രം പരിശോധിച്ചാൽ ചക്രവൎത്തിമാരോ രാജാക്കന്മാരോ യാതൊരു പൊതുസൂനഹദോസിന്റെയും അഭ്യന്തരകാൎയ്യങ്ങളിൽ അധികാരം പ്രയോഗിച്ചിട്ടില്ലെന്നും, നേരെമറിച്ചു സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനോ, സൂനഹദോസിൽ സംബന്ധിച്ചിരുന്ന മെത്രാന്മാൎക്ക് യാത്രാസൌകൎയ്യങ്ങളും വാസസ്ഥലങ്ങളും മററും ഉണ്ടാക്കിക്കൊടുക്കുന്നതിനോവേണ്ടി ഉത്സാഹിക്കയേ ചെയ്തിട്ടുള്ളുവെന്നും മനസ്സിലാകും. "മതോപദേശസാര"ങ്ങളിൽ വട്ടശ്ശേരിതിരുമേനി ഇപ്രകാരം പറയുന്നു:—"അനന്തരം ഭരിച്ചുവന്ന ക്രിസ്ത്യാനിരാജാക്കന്മാരുടെ കല്പനയാൽ നിഖ്യായിലും കുസ്തന്തിനോസ്‌പോലിസിലും എഫേസൂസിലും പൊതുവിനാട്ടത്ത മൂന്നു സൂനഹദോസുകൾ കൂട്ടുകയും അവയിൽവച്ചു വേദവിപരീതങ്ങളെ വെളിപ്പെടുത്തി ഇടത്തൂട്ടുകാരെ സഭയിൽ നിന്നു പുറം തിരിക്കയും..............ചെയ്തു" (34-ാം സംഗതി). കേരളത്തിലെ യാക്കോബായ ചരിത്രകാരന്മാരിൽ ഒരാളായ ഇട്ടൂപ്പുറൈട്ടർ തന്റെ ചരിത്രഗ്രന്ഥത്തിൽ എഴുതുന്നു:— "325-ൽ നിഖ്യായിൽ ഒരു സൂന്നഹദോസിനെ കുസ്തന്തീൻ രാജാവു വളരെ ഘോഷമായി കൂട്ടി" (സഭാചരിത്രം, പുറം 37). "381-ൽ വല്യവനായ തെയോദൊറസ്സ് എമ്പ്രദോർ രാജാവു കിഴക്കെ സഭകളുടെ അഭിപ്രായം നിരപ്പുവരുത്തി രഞ്ജിപ്പിക്കുന്നതിനും, അതുവരെ നടന്നുവന്ന എട്ടുത്തൂട്ടുകളെ നിരോധിക്കുന്നതിനും വേണ്ടി കുസ്തന്തീനപുരിയിൽ രണ്ടാമത്തെ സൂനഹദോസ് കൂടി" (ടി ഗ്രന്ഥം, പുറം 53). "മൂന്നാമത്തു മ്ശീഹാക്കാലം 431-ൽ എപ്പെസൂസിൽവച്ചു ചെറിയ തെവാദോസ്യോസിൻ കല്പനയാൽ ഒരു സൂന്നഹദോസ് കൂടപ്പെട്ടു" (പുറം 55). യാക്കോബായക്കാർ സ്വീകരിക്കുന്ന നിക്യാ, കോൺസ്റ്റന്റിനോപ്പിൾ, എഫേസൂസ് എന്നീ മൂന്നു പൊതുസൂനഹദോസുകളും ഇങ്ങനെ രാജകല്പനയാൽ സമ്മേളിക്കയും പാഷണ്ഡതകളെ ശപിക്കയും ചെയ്തതായി അവർതന്നെ പറയുമെങ്കിലും ഈ സൂനഹദോസുകളിൽ രാജകീയ അധികാരമല്ല നടന്നതു്, പ്രത്യുത സൂനഹദോസിൽ സംബന്ധിച്ചിരുന്ന മെത്രാന്മാരാണ് ഓരോരോ കാൎയ്യങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങൾ പറയുകയും,

www.malankaralibrary.com

അബദ്ധോപദേശങ്ങളെ ശപിക്കയും ചെയ്തതെന്നു യാക്കോബായക്കാർ പൂൎണ്ണമായി വിശ്വസിക്കുന്നു. ആകയാൽ കൽക്കദോനീയാസൂനഹദോസ് മാർസിയൻ ചക്രവൎത്തിയുടെ ആഗ്രഹമനുസരിച്ചു സമ്മേളിച്ചു എന്ന കാരണത്താൽ ആ സൂനഹദോസ് രാജബലത്തിലാണു നടന്നതെന്നുള്ള യാക്കോബായക്കാരുടെ വാദം സ്വീകാൎയ്യമെങ്കിൽ അവർ അംഗീകരിക്കുന്ന മററു മൂന്നു സൂനഹദോസുകളും രാജബലത്തിലാണു നടന്നതെന്നു സമ്മതിക്കേണ്ടിവരും.

3. രാജശക്തി പ്രയോഗിച്ചു ഒരു സൂനഹദോസ് നടത്തിയാലും സഭയുടെ പരമാദ്ധ്യക്ഷനും, വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമിയും, "റീശ്ശ പാത്രിയൎക്കീസ്" (എല്ലാ പാത്രിയൎക്കീസുമാരുടെയും തലവനായ പാത്രിയൎക്കീസ്) എന്ന യാക്കോബായക്കാരുടെ ഔദ്യോഗിക നിയമഗ്രന്ഥമായ ഹൂദായാകാനോനാൽ വിളിക്കപ്പെടുന്നവനുമായ റോമ്മാ മാർപ്പാപ്പായുടെ അംഗീകാരമില്ലാതെ യാതൊരു സൂനഹദോസും പൊതു സൂനഹദോസായിത്തീരുകയില്ലെന്നു സൂനഹദോസുകളുടെ ചരിത്രം വ്യക്തമാക്കുന്നു. നിക്ക്യാസൂനഹദോസിൽ അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, ജറുസലേം എന്നീ സിംഹാസനങ്ങളിലെ പാത്രിയൎക്കീസുമാർ സന്നിഹിതരായിരുന്നിട്ടും പാശ്ചാത്യ ദേശത്തെ വെറും ഒരു മെത്രാനായ ഓസിയോസ് സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കയും, അദ്ദേഹത്തിന്റെകൂടെ റോമ്മായിലെ സിൽവെസ്റ്റർ മാർപ്പാപ്പായുടെ പ്രതിനിധിമാരായി വന്ന വിത്തോസ്, വിന്നസന്തിയോസ് എന്ന രണ്ടു പട്ടക്കാർ പാത്രിയൎക്കീസുമാൎക്കു മുമ്പായി യോഗനിശ്ചയങ്ങളിൽ ഒപ്പുവയ്ക്കുകയും ചെയ്തു Cf. S. H. Scott, The Eastern Churches and the Papacy, p. 83-84. സിൽവെസ്റ്റർ മാർപ്പാപ്പാ നേരിട്ടു നിക്ക്യാ സൂനഹദോസിൽ സന്നിഹിതനായില്ലെങ്കിലും അകത്തോലിക്കാ സഭക്കാരായ ഗ്രീക്കു സ്ലാവു ജാതിക്കാരുടെ കുർബാനക്രമത്തിൽ സിൽവെസ്റ്റർ മാർപ്പാപ്പായെപ്പററി ഇപ്രകാരം പറയുന്നു:—"പിതാവായ സിൽവെസ്ത്രോസേ, അവിടുന്നു് ഒരു അഗ്നിസ്തംഭം പോലെ പ്രത്യക്ഷനായി എജിപ്ത്യൻ അബദ്ധത്തിൽ നി

www.malankaralibrary.com

ന്നു (ആരിയോസിന്റെ പാഷണ്ഡതയിൽനിന്നു) വിശ്വാസികളെ എടുത്തുമാറ്റുകയും തെററുവരാത്ത ഉപദേശങ്ങളാൽ ദിവ്യപ്രകാശത്തിലേക്കു് അവരെ അനുസ്യൂതം നയിക്കയും ചെയ്തു...... പാഷണ്ഡികളുടെ ഭക്തിശൂന്യമായ അധരങ്ങളെ നിശ്ശബ്ദമാക്കികൊണ്ടു ദൈവിക മനുഷ്യനെപ്പോലെ അവിടുന്നു് എത്രയും പരിശുദ്ധമായ വിശ്വാസസത്യത്തെ സ്ഥിരപ്പെടുത്തിയിരിക്കുന്നു... ... ബുദ്ധിമാനായുള്ളോവേ, നിന്നിൽ പ്രവർത്തിച്ച ദൈവികാരൂപിയുടെ ശക്തിയാൽ അബദ്ധത്തിൽ യോജിച്ചിരുന്നവരുടെ നാവുകൾ നിർമ്മൂലമാക്കപ്പെടുകയും വിശ്വാസികളെന്ന ഗായകസംഘം ദൈവത്തിനു് ഒരേ സ്തുതിപാടത്തക്കവിധം സംയോജിക്കപ്പെടുകയും ചെയ്തു" (N. Nilles, Kalendarium Manuale, Oeniponte) 1879, p. 51). ഒരു അകത്തോലിക്കാസഭ നല്കുന്ന ഈ സാക്ഷ്യത്തിൽനിന്നു നിക്യാസൂനഹദോസിന്റെ നിശ്ചയങ്ങളെ അംഗീകരിച്ചു് ഉറപ്പിച്ചതുമൂലം റോമ്മാ മാർപ്പാപ്പായാണു വാസ്തവത്തിൽ ആരിയോസിനെ ശപിച്ചു് അബദ്ധോപദേശത്തെ നിർമ്മൂലമാക്കിയതെന്നുള്ള വിശ്വാസം പുരാതനസഭയിൽ ഉണ്ടായിരുന്നതായി തെളിയുന്നു. വളരെക്കാലം പൌരസ്ത്യദേശത്തെ ഒരു പ്രാദേശിക സൂനഹദോസായി പരിഗണിക്കപ്പെട്ടുവന്ന കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് പാശ്ചാത്യപൌരസ്ത്യ ദേശങ്ങളിൽ രണ്ടാമത്തെ പൊതുസൂനഹദോസായി പരിഗണിക്കപ്പെട്ടുവന്നതും റോമ്മാമാർപ്പാപ്പായുടെ അംഗീകാരത്തിനുശേഷം മാത്രമാണ്. മൂന്നാമത്തെ പൊതു സൂനഹദോസായ എഫേസൂസിൽ സെലസ്റ്റീനോസ് മാർപ്പാപ്പായുടെ പ്രതിനിധിയായി അലക്സാണ്ഡ്റിയാ പാത്രിയർക്കീസായിരുന്ന കൂറില്ലോസ് ആദ്ധ്യക്ഷം വഹിച്ചു് നെസ്തോറിയസിന്റെ അബദ്ധോപദേശത്തെ സംബന്ധിച്ചു മാർപ്പാപ്പാ നേരത്തെ നല്കിയിരുന്ന വിധി നടപ്പിൽ വരുത്തുകയാണു ചെയ്തതു്. ഇങ്ങനെ യാക്കോബായക്കാർ സ്വീകരിക്കുന്ന മൂന്നു പൊതുസൂനഹദോസുകളും റോമ്മാ മാർപ്പാപ്പായുടെ അംഗീകാരത്താലാണു പൊതുസൂനഹദോസുകളായിത്തീർന്നിട്ടുള്ളതു്.

www.malankaralibrary.com

യാക്കോബായക്കാർ മഹാ പരിശുദ്ധനായി പരിഗണിക്കുന്ന ദീയസ്ക്കോറോസ് റോമ്മാ മാർപ്പാപ്പായുടെ പ്രതിനിധിമാർക്ക് അദ്ധ്യക്ഷസ്ഥാനം നല്കാതെ സ്വയം അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു് നടത്തിയ എഫേസൂസിലെ രണ്ടാമത്തെ യോഗത്തെ(തസ്കരസംഘത്തെ)—ഒരു പൊതുസൂനഹദോസായി ദീയസ്ക്കോറോസ് പ്രഖ്യാപനംചെയ്തു തദനുസരണം യോഗനിശ്ചയങ്ങളിൽ ഒപ്പുവച്ചു സ്ഥിരീകരിച്ച ആ യോഗത്തെ — യാക്കോബായക്കാർ ഒരു പൊതു സൂനഹദോസായി സ്വീകരിക്കുന്നില്ല. ഇതിൽനിന്നും റോമ്മാ മാർപ്പാപ്പായുടെ അധികാരത്തെ അവഗണിച്ചിട്ടു് ആരു സൂനഹദോസ് നടത്തിയാലും അതു പൊതുസൂനഹദോസാകയില്ലെന്നു യാക്കോബായസഭ പുരാതനകാലത്തു വിശ്വസിച്ചിരുന്നതായി തെളിയുന്നുണ്ടല്ലോ. ഇങ്ങനെയെങ്കിൽ ലെഓൻ മാർപ്പാപ്പായുടെ പ്രതിനിധിമാർ ആദ്ധ്യക്ഷം വഹിക്കയും, മാർപ്പാപ്പാ അംഗീകരിച്ചു് ഉറപ്പിക്കയും ചെയ്ത കൽക്കദോനിയാ എന്ന നാലാമത്തെ പൊതുസൂനഹദോസ് ശരിയല്ലെന്നു യാക്കോബായക്കാർ വാദിക്കുന്നതു നിരർത്ഥകമല്ലേ?

4. കൽക്കദോനിയാ സൂനഹദോസിൽ 630 മേല്പട്ടക്കാർ സംബന്ധിച്ചിരുന്നു. ഇത്രയധികം മെത്രാന്മാർ സംബന്ധിച്ച വേറെ ഒരു സൂനഹദോസ് പുരാതനകാലത്തു് നടന്നിട്ടില്ല. ഈ മെത്രാന്മാരിൽ ലെഓൻ മാർപ്പാപ്പായുടെ പ്രതിനിധിമാരായിവന്ന രണ്ടു മെത്രാന്മാരും, ആഫ്രിക്കായിൽ നിന്നു വന്ന രണ്ടു മെത്രാന്മാരുമൊഴികെ ബാക്കിയുള്ളവരെല്ലാം പൌരസ്ത്യരായിരുന്നു (Hefele, History of the Councils Ed. Clark, Eng. Trans. p. 298) കോൺസ്റ്റന്റിനോപ്പിളിലെ അനത്തോലിയസ്, അന്ത്യോക്യായിലെ മാക്സിമോസ്, ജറുസലേമിലെ ജുവനേൽ എന്നീ പാത്രിയർക്കീസുമാരും ഈ സൂനഹദോസിൽ സംബന്ധിച്ചിരുന്നു. 318 മെത്രാന്മാർ സംബന്ധിച്ച നിക്യാസൂനഹദോസും, നൂറ്റമ്പതോളം മേല്പട്ടക്കാർ സംബന്ധിച്ച കോൺസ്റ്റന്റിനോപ്പിൾ സൂനഹദോസും, ഇരുനൂറോളം മെത്രാന്മാർ സംബന്ധിച്ച എഫേസൂസ് സൂന

www.malankaralibrary.com

ഹദോസും ശരിയായ സൂനഹദോസാണെന്നു വിശ്വസിച്ചുവരുന്ന യാക്കോബായക്കാർ മൂന്നു പാത്രിയർക്കീസുമാരും റോമാ പാത്രിയർക്കീസിന്റെ പ്രതിനിധിമാരും ഉൾപ്പെടെ 630 മേല്പട്ടക്കാർ സംബന്ധിച്ചു് ഉറപ്പിച്ച കൽക്കദോനിയാ സൂനഹദോസിന്റെ വിശ്വാസം തെററിപ്പോയെന്നും, ആ സൂനഹദോസ് അസാധുവാണെന്നും വാദിക്കുന്നതു് യുക്തിയുക്തമോ?

5. കൽക്കദോനിയാ സൂനഹദോസ് രാജബലത്താലാണ നടന്നതെങ്കിൽ ആ സൂനഹദോസിൽ സംബന്ധിച്ചു് അതിലെ നിശ്ചയങ്ങൾക്ക ഒപ്പുവച്ച 630 മേല്പട്ടക്കാർ സത്യവിശ്വാസത്തെ ഉപേക്ഷിച്ചു് അബദ്ധോപദേശത്തെ സ്വീകരിച്ചവരാണെന്നുവരും. രാജാധികാരത്തെ ഭയപ്പെട്ടു സത്യവിശ്വാസത്തെ പരിത്യജിക്കുന്ന മേല്പട്ടക്കാർ ഏതാനുംപേർ ഉണ്ടാകാമെങ്കിലും ഇത്രയധികം മെത്രാന്മാർ സത്യവിശ്വാസത്തെ ഉപേക്ഷിച്ചെന്നുവരുമോ? നിക്യാസൂനഹദോസിൽ സംബന്ധിച്ച പോത്തമൻ, നെവോകേസറിയായിലെ പൌലോസ് മുതലായവരുടെ ശരീരങ്ങളിൽ മതപീഡനകാലത്തു സഹിച്ച ഭയങ്കര മർദ്ദനങ്ങളുടെ അടയാളങ്ങൾ കാണപ്പെട്ടിരുന്നെന്നും, മതപീഡനകാലത്തു ഒരു കണ്ണു ചൂഴന്നെടുക്കപ്പെട്ടവനായ ഉത്തര എജീപ്തിലെ പാഫ്നഷ്യസ് മെത്രാൻ നിക്യാസൂനഹദോസിലെ മെത്രാന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നെന്നും സഭാചരിത്രം ഘോഷിക്കുന്നെങ്കിൽ കൽക്കദോനിയാസൂനഹദോസിൽ സംബന്ധിച്ചിരുന്ന 630 മെത്രാന്മാരും രാജശക്തിയെയും മതപീഡനത്തെയും ഭയന്നു സത്യവിശ്വാസം ഉപേക്ഷിച്ചു് അബദ്ധോപദേശം സ്വീകരിച്ചതായി പറയാമോ? സൈനികബലത്തോടുകൂടി ദീയസ്ക്കോറോസ് നടത്തിയ "തസ്കരസംഘ"ത്തിൽ ഫ്ളാവിയൻ പാത്രിയർക്കീസിനെയും മററു പല മെത്രാന്മാരെയും കഠിനമായി ദേഹോപദ്രവം ഏല്പിച്ചിട്ടും ആ സൂനഹദോസിലെ നിശ്ചയങ്ങളിൽ വളരെ കുറച്ചു മെത്രാന്മാർ മാത്രമേ ഒപ്പുവച്ചുള്ളു എന്നും, യോഗനിശ്ചയങ്ങൾ എഴുതാഞ്ഞ വെറും വെള്ളക്കടലാസിലാണ പലരും ഒപ്പിട്ടതെന്നും, മററു ചി

www.malankaralibrary.com

ലർ ഓടിപ്പൊയ്ക്കളഞ്ഞെന്നും ഫ്ളാവിയൻ പാത്രിയക്കീസിൻെറ അപ്പീലിൽനിന്നും മററും നാം അറിയുന്നു. അങ്ങനെയെങ്കിൽ രാജാവു എത്രമാത്രം ശക്തിപ്രയോഗിച്ചാലും കൽക്കദോനിയായിൽ സമ്മേളിച്ച 630 പിതാക്കന്മാർ തങ്ങളുടെ മനസ്സാക്ഷിക്കും മനോബോദ്ധ്യങ്ങൾക്കും വിപരീതമായി സൂനഹദോസിലെ നിശ്ചയങ്ങൾക്കു ഒപ്പുവച്ചു് അബദ്ധോപദേശങ്ങൾ അംഗീകരിച്ചെന്നു വിശ്വസിക്കാമോ? നാലു പാശ്ചാത്യ മെത്രാന്മാരും 626 പൌരസ്ത്യ മേല്പട്ടക്കാരും സംബന്ധിച്ചിരുന്ന കൽക്കദോനിയായിൽ മാർസിയൻ ചക്രവത്തി ബലം പ്രയോഗിച്ചാൽ തന്നെയും ഇത്രയധികം പൌരസ്ത്യ മെത്രാന്മാർ അതു വകവച്ചുകൊട്ടുക്കുമായിരുന്നോ? ചക്രവത്തി എത്രമാത്രം അനുകൂലിച്ചിരുന്നാലും അതിദൂരസ്ഥമായ റോമ്മായിൽ വസിച്ചിരുന്ന ലെഓൻ മാർപ്പാപ്പായിക്കു ഇത്രയധികം പൌരസ്ത്യ മെത്രാന്മാരെ മർദ്ദിച്ചു അബദ്ധമെന്നു് അവക്കു ബോദ്ധ്യമുള്ള ഒരു വിശ്വാസത്തെ സ്വീകരിപ്പിക്കുവാൻ സാധിക്കുമായിരുന്നോ? ദീയസ്ക്കോറോസ് നടത്തിയ "തസ്ക്കരസംഘ"ത്തിലെപ്പോലെ കൽക്കദോനിയാ സൂനഹദോസിൽ ബലപ്രയോഗം നടത്തി മെത്രാന്മാരെക്കൊണ്ടു ഒപ്പിടുവിച്ചതിനു യാതൊരു ചരിത്രരേഖയും യാക്കോബായക്കാൎക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതല്ല. നേരേമറിച്ചു സൂനഹദോസിൽ യാതൊരു ബലപ്രയോഗവും നടന്നിട്ടില്ലെന്നും, മെത്രാന്മാരെല്ലാം ലെഓൻ മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത വിശ്വാസത്തെ ഐകകണ്ഠ്യേന സ്വീകരിക്കയാണു ചെയ്തതെന്നും ഉള്ളതിനു ധാരാളം തെളിവുകളുണ്ടു്. താഴെപ്പറയുന്ന സംഗതികളിൽ നിന്നു ഇവ വിശദമാകും.

6. അന്ത്യോക്യായിലെ മാക്സീമോസ് പാത്രിയക്കീസ് കൽക്കദോനിയാ സൂനഹദോസിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:—"ഭാഗ്യസ്മരണയ്ക്കു അർഹനായ ഫ്ളാവീയൻ മെത്രാപ്പോലീത്താ സത്യവിശ്വാസത്തെ എത്രയും ശരിയായും, അനുഗ്രഹീതനും പരിശുദ്ധനുമായ ലെഓൻ

www.malankaralibrary.com

മെത്രാപ്പോലീത്തായുടെ * അഭിപ്രായത്തിന് അനുയോജ്യമായും വ്യക്തമാക്കുകയുണ്ടായി. ആ വിശ്വാസത്തെ ഞങ്ങളെല്ലാം കുതൂഹലത്തോടെ സ്വീകരിക്കുന്നു." (Mansi VI, 678; Hefele, Eng. Trans. III, p. 309). യാക്കോബായക്കാർ അന്ത്യോക്യാ പാത്രിയർക്കീസിനെയാണല്ലോ തങ്ങളുടെ സഭാദ്ധ്യക്ഷനായി സ്വീകരിക്കുന്നത്. യാക്കോബ് ബുർദാനാ മർട്ടീനിൽ "അന്ത്യോക്യാ സിംഹാസനം" എന്ന പേരിൽ അനധികൃതമായി യാക്കോബായ സിംഹാസനം സ്ഥാപിക്കുന്നതിനുമുമ്പ് (പുറം 15-17 കാണുക) വി. പത്രോസിനാൽ സംസ്ഥാപിതമായ യഥാർത്ഥ അന്ത്യോക്യാ സിംഹാസനത്തിൽ തന്നെ വാണിരുന്ന മാക്സിമോസ് പാത്രിയർക്കീസ് കൽക്കദോനിയാ സൂനഹദോസിൽ സംബന്ധിക്കയും, ലെഓൻ മാർപ്പാപ്പാ പ്രഖ്യാപനംചെയ്ത വിശ്വാസം സത്യവിശ്വാസമാണെന്ന് ഏററുപറയുകയും ചെയ്തിരിക്കുന്നു. ഇതു യാക്കോബായക്കാർ പ്രത്യേകം ചിന്തിക്കേണ്ട ഒരു സംഗതിയല്ലേ?

സെബാസ്റ്റോപ്പോളിലെ മെത്രാനായ ചെക്രോപ്പിയസ് കൽക്കദോനിയാ സൂനഹദോസിൽ ഇപ്രകാരം പ്രസ്താവിച്ചു:—"എവുത്തിക്കോസിന്റെ കാര്യം സംബന്ധിച്ചു റോമ്മായിലെ മെത്രാപ്പോലീത്താ ഒരു പ്രമാണം നേരത്തെ നല്കിയിട്ടുണ്ട്. അതിന് അവരെല്ലാം ഒപ്പുവച്ചിരിക്കുന്നു" + ഈ അഭിപ്രായത്തെ അനുകൂലിച്ചു എല്ലാ മെത്രാന്മാരും ഇങ്ങനെ പറഞ്ഞു:—"അതുതന്നെ ഞങ്ങളും പറയുന്നു.

---

* പാത്രിയർക്കീസിനെ ചിലപ്പോൾ മെത്രാപ്പോലീത്താ, മെത്രാൻ എന്നിങ്ങനെ വിളിക്കാറുണ്ട്. മാർപ്പാപ്പാ റോമ്മാ സിംഹാസനത്തിലെ മെത്രാൻ കൂടിയാകയാൽ മാർപ്പാപ്പായെയും ചില പിതാക്കന്മാർ ചില സന്ദർഭങ്ങളിൽ മെത്രാൻ, മെത്രാപ്പോലീത്താ എന്നിങ്ങനെ വിളിച്ചിട്ടുണ്ട്. ഇതു് അനാദരവായി പരിഗണിക്കേണ്ടതല്ല—
ഗ്രന്ഥകർത്താ.

\+ അവരെല്ലാം = ചെക്രോപ്പിയസും സമീപസ്ഥരായ മെത്രാന്മാരും.

www.malankaralibrary.com

ലെഓൻ നേരത്തേ നല്കിയ വിശദീകരണം മതിയാകും. സത്യവിശ്വാസത്തെ സംബന്ധിച്ചു വേറൊരു പ്രഖ്യാപനവും പുറപ്പെടുവിക്കേണ്ടതില്ല" (Hefele, III, p. 310) സാർദസിലെ മെത്രാനായ ഫ്ളോറൻസിയസ് പറഞ്ഞു:- "എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ലെഓൻെറ ലേഖനം മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു" (Hefele III, p. 316). മാർപ്പാപ്പായുടെ പ്രതിനിധിയായി കൽക്കദോനിയായിൽ അദ്ധ്യക്ഷം വഹിച്ച പസ്ക്കാസിനൂസ് ഇപ്രകാരം പ്രസ്താവിച്ചു:—"എല്ലാ പള്ളികളുടെയും മെത്രാപ്പോലീത്തായും നെസ്തോറിയസിൻെറയും എവുത്തിക്കോസിൻെറയും പാഷണ്ഡതയെ ശപിച്ചവനുമായ ലെഓൻ എന്ന എത്രയും വിശുദ്ധൻെറ ലേഖനം സത്യവിശ്വാസം എന്താണെന്നു പ്രസ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു. ഈ വിശ്വാസത്തെ തന്നെ ഈ സൂനഹദോസ് സ്വീകരിക്കുന്നു." (Mansi. VII, 7; Hefele III, p. 330) പസ്ക്കാസിനൂസിൻെറ ഈ പ്രസ്താവനയ്ക്കു ആരും എതിരു പറഞ്ഞില്ലെന്നു മാത്രമല്ല, എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ വിമർശിച്ചും സത്യവിശ്വാസം ഭംഗിയായി വിശദീകരിച്ചും ഫ്ളാവിയൻ പാത്രിയർക്കീസിനു ലെഓൻ മാർപ്പാപ്പാ അയച്ച സുപ്രസിദ്ധമായ ആ ലേഖനം സൂനഹദോസിൽ വായിക്കപ്പെട്ടപ്പോൾ പിതാക്കന്മാരെല്ലാം ഹർഷാരവത്തോടെ ഇപ്രകാരം പ്രസ്താവിച്ചു:—"ഇതാണ് അപ്പൊസ്തോലന്മാരുടെ വിശ്വാസം. ഇതാണു പിതാക്കന്മാരുടെ വിശ്വാസം. ഇപ്രകാരം ഞങ്ങളെല്ലാം വിശ്വസിക്കുന്നു...... പത്രോസ് ലെഓൻെറ അധരങ്ങൾ വഴി സംസാരിച്ചിരിക്കുന്നു........ലെഓനും കൂറില്ലോസും ഒരേ സംഗതിയാണു പഠിപ്പിക്കുന്നതു് ........ഈ ലേഖനം എഫേസൂസിൽ വായിക്കപ്പെടാഞ്ഞതു് എന്തുകൊണ്ടു്? ദീയസ്ക്കോറോസ് മറച്ചുവച്ചിരുന്നതു എന്താണെന്നു കാണുക!" (Mansi, VI, 972) "അതിവിശുദ്ധനായ ലെഓൻെറ ലേഖനം സ്വീകരിക്കാത്തവൻ പാഷണ്ഡിയാണു്". (Ses. IV)

രാജശക്തി പ്രയോഗിച്ചു് ഇത്ര ആഹ്ലാദപൂർവ്വകമായ വാക്കുകൾ മെത്രാന്മാരെക്കൊണ്ടു പറയിപ്പിക്കുക സാ

www.malankaralibrary.com

ഭ്യമല്ലല്ലോ. കൽക്കദോനിയാ സൂനഹദോസിൽ ചക്രവർത്തിയുടെയോ, മററാരുടെയെങ്കിലുമോ യാതൊരു ബലപ്രയോഗവും നടന്നിട്ടില്ലെന്നു് ആരുടെ നിർബന്ധവുംകൂടാതെ — സ്വാഭാവികമായി — ലെഓൻ മാർപ്പാപ്പായുടെ ലേഖനത്തെ സംബന്ധിച്ചു മെത്രാന്മാർ പറഞ്ഞ അഭിപ്രായങ്ങളിൽനിന്നും, അർത്ഥഗർഭമായ ഈ ആർപ്പുവിളികളിൽനിന്നും മനസ്സിലാക്കാം.

7. കൽക്കദോനിയാസൂനഹദോസിൽ സന്നിഹിതരായിരുന്ന മെത്രാന്മാരിൽ ബഹുഭൂരിപക്ഷവും സ്ഥലം വിട്ടശേഷം കോൺസ്റ്റൻറിനോപ്പിളിലെ അനത്തോളിയസ് പാത്രിയർക്കീസും അദ്ദേഹത്തിൻെറ ഹിതാനുവർത്തികളായിരുന്ന ഏതാനും മെത്രാന്മാരും കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തിനു റോമ്മാ കഴിഞ്ഞാൽ പിന്നെ മുഖ്യസ്ഥാനം നല്കണമെന്നുള്ള ഒരു നിശ്ചയം സൂനഹദോസിൻെറ 28-ാം കാനോനായി അവതരിപ്പിക്കയുണ്ടായി (പുറം 47-49 കാണുക.) കൽക്കദോനിയായിൽ 630 മെത്രാന്മാർ സംബന്ധിച്ചിരുന്നെങ്കിലും ആകെ 84 മെത്രാന്മാർ മാത്രമേ ഈ കാനോനായിക്കു ഒപ്പു വച്ചിട്ടുള്ളു. ഈ കാനോനാ നിക്യാസൂനഹദോസിൻെറ നിശ്ചയത്തിനു് എതിരാണെന്നുള്ള കാരണത്താൽ മാർപ്പാപ്പായുടെ പ്രതിനിധിമാർ ഇതിനെ പ്രതിഷേധിച്ചു. മാർപ്പാപ്പായുടെ പ്രതിനിധിമാരിൽ ഒരാളായ ലുക്കെൻസിയൂസ് ഏററം ബുദ്ധിപൂർവ്വകമായി ഇപ്രകാരം ചോദിക്കയുണ്ടായി:— "കോൺസ്റ്റൻറിനോപ്പിളിലെ മെത്രാന്മാർക്കു ദീർഘകാലമായി ഈ പദവി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ അവർ എന്തിനു് ഇതു ആവശ്യപ്പെടുന്നു? അവർക്കു ഇതു് ഒരിക്കലും ഇല്ലായിരുന്നെങ്കിൽ എന്തിനു് അവർ ഇതു ചോദിക്കുന്നു?" (Mansi 7, 442; Hefele III, p. 428).

28-ാം കാനോനാ അംഗീകരിച്ചുകിട്ടുന്നതിനായി അതു നിർമ്മിച്ചവർ ലെഓൻ മാർപ്പാപ്പായിക്കു ഇപ്രകാരം എഴുതി:—"അങ്ങു് അനുഗൃഹീതനായ പത്രോസിനെ സംബന്ധിച്ചുള്ളവയെല്ലാം വ്യാഖ്യാനിക്കുന്നതിനു നിയമിക്ക

www.malankaralibrary.com

പ്പെട്ട ആളാണു്. അങ്ങു ഞങ്ങളുടെ തലയാണു്; ഞങ്ങൾ അംഗങ്ങളുമാകുന്നു........അങ്ങയുടെ കല്പനയാൽ ഞങ്ങളുടെ തീരുമാനത്തെ ആദരിക്കണമെന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു........മക്കളുടെ യോഗ്യമായ പ്രവൃത്തിയെ തല സ്ഥിരീകരിക്കണമെന്നത്രെ ഞങ്ങൾ അഭ്യർത്ഥിക്കുന്നതു്" (Cf. Scott, p. 197). ഈ 28-ാം കാനോനാ അംഗീകരിച്ചു് ഉറപ്പിക്കണമെന്നു് അഭ്യർത്ഥിച്ചു് മാർസിയൻ ചക്രവർത്തിയും ലെഓൻ മാർപ്പാപ്പായിക്കു എഴുതുകയുണ്ടായി. മാർപ്പാപ്പാ ഈ കാനോനെ തിരസ്കരിച്ചുകൊണ്ടു അനത്തോലിയസിനും ചക്രവർത്തിക്കും ഏററം കർശനമായ ഭാഷയിൽ ഇങ്ങനെ മറുപടി നല്കി:—"അപ്പൊസ്തോലിക സിംഹാസനം സൃഷ്ടിക്കുന്നതിനു രാജാവിന്റെ സാന്നിദ്ധ്യം പര്യാപ്തമല്ല" (Scott, p. 198). കോൺസ്റ്റൻറിനോപ്പിളിൽ രാജാവു വസിക്കുന്നു എന്ന കാരണത്താൽ അപ്പൊസ്തോലന്മാരോ അവരുടെ അടുത്ത പിൻഗാമികളോ സ്ഥാപിച്ച ചില സിംഹാസനങ്ങളെപ്പോലെ കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തിനു പ്രാധാന്യം ലഭിക്കേണ്ടതല്ല എന്നത്രെ ലെഓന്റെ ഈ വാക്കുകളുടെ അർത്ഥം. ഈ മറുപടി ലഭിച്ചപ്പോൾ ചക്രവർത്തി ഒട്ടും അതൃപ്തനാകാതെ മാർപ്പാപ്പായെ പ്രശംസിച്ചു് ഇങ്ങനെ എഴുതി:—"പുരാതനമായ പതിവിൽ നവീകരണം വരുത്തുവാൻ സമ്മതിക്കാഞ്ഞതിൽ അപ്പൊസ്തോലിക സിംഹാസനത്തിലെ മെത്രാൻ എന്ന നിലയിൽ പരിശുദ്ധനായ അവിടുന്നു് ഏററം യോഗ്യമായ രീതിയിൽ പ്രവർത്തിച്ചിരിക്കുന്നു" (Ep. 110). മാർസിയന്റെ ഭാര്യയായ പുൾക്കേറിയാ രാജ്ഞിക്കും 28-ാം കാനോനായെപ്പററി മാർപ്പാപ്പാ ഇപ്രകാരം എഴുതി:—"നിക്യാസുന്നഹദോസിലെ തീരുമാനങ്ങൾക്കു വിപരീതമായി മെത്രാന്മാർ ചെയ്തിട്ടുള്ള നിശ്ചയത്തെ ഞാൻ അസാധുവായി പ്രഖ്യാപനം ചെയ്യുകയും, പരിശുദ്ധ അപ്പൊസ്തോലനായ പത്രോസിന്റെ അധികാരത്താൽ അതിനെ റദ്ദാക്കയും ചെയ്യുന്നു" (Ep. 105). സുനഹദോസിലെ നിശ്ചയങ്ങൾ അംഗീകരിച്ചു സ്ഥിരീകരിക്കുന്നതിനും, അസാധുവാക്കുന്നതിനും, റദ്ദാക്കുന്നതിനും മററും മാർപ്പാപ്പായിക്കു അധികാരമുണ്ടെങ്കിൽ സഭയിൽ

www.malankaralibrary.com

പരമാധികാരം മാർപ്പാപ്പായിക്കല്ല, പൊതുസൂനഹദോസിനാണു് എന്നു ചില അകത്തോലിക്കർ വാദിക്കുന്നതു് പുരാതന വിശ്വാസത്തിനു് എത്രയോ വിരുദ്ധമാണെന്നു് ഈ സാക്ഷ്യങ്ങളെല്ലാം വിശദമാക്കുന്നു.

28-ാം കാനോനാ ലെയോൻ മാർപ്പാപ്പാ അംഗീകരിക്കയില്ലെന്നു മനസ്സിലായപ്പോൾ അതു നിർമ്മിക്കുന്നതിൽ പ്രധാന പ്രവർത്തകനായിരുന്ന കോൺസ്റ്റൻറിനോപ്പിളിലെ അനത്തോളിയസ് പാത്രിയർക്കീസ് മാർപ്പാപ്പായിക്കു ഇപ്രകാരം എഴുതി:—"കൽക്കദോനിയായിൽ അടുത്തകാലത്തു സമ്മേളിച്ച പൊതുസൂനഹദോസിൽ വച്ചു കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തെപ്പററി നിശ്ചയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചു എന്നിൽ യാതൊരു കുററവുമില്ലെന്നു പരിശുദ്ധനായ അവിടുന്നു് അറിഞ്ഞാലും ........അവിവേകവും അന്യരുടെ വസ്തുവിന്മേലുള്ള ആഗ്രഹവും എനിക്കു വേണ്ടെന്നു വച്ചിരുന്നതിനാൽ അക്കാര്യത്തിൽ ഞാൻ യാതൊന്നും ചെയ്തിട്ടില്ലെന്നു പരിശുദ്ധനായ അവിടുന്നു വേണ്ടവണ്ണം ഗ്രഹിക്കണമേ..........കോൺസ്റ്റൻറിനോപ്പിൾ സഭയിലെ വന്ദ്യ വൈദികരാണു് ഇക്കാര്യത്തിൽ താല്പര്യം കാണിച്ചിട്ടുള്ളതു്.......ഇപ്രകാരം ചെയ്തിട്ടുള്ള നിശ്ചയങ്ങളുടെ സകല ബലവും സ്ഥിരീകരണവും അവിടുത്തെ അധികാരത്തിൽ നിന്നു മാത്രമാണല്ലോ. (Anatolius ad Leonem M. Ep. 132,4; PL 54, 1084; Mansi VI, 278 s). സൂനഹദോസു നിശ്ചയങ്ങൾക്കു മാർപ്പാപ്പായുടെ അധികാരത്തിൽനിന്നു മാത്രമാണു സകല ബലവും സ്ഥിരീകരണവും ലഭിക്കുന്നതെങ്കിൽ രാജശക്തി പ്രയോഗിക്കപ്പെട്ടാലും മാർപ്പാപ്പായുടെ അംഗീകാരമില്ലെങ്കിൽ ഒരു സൂനഹദോസും സാധുവാകയില്ലല്ലോ.

റോമ്മാ മാർപ്പാപ്പായുടെ അംഗീകാരമില്ലെങ്കിൽ സൂനഹദോസു നിശ്ചയങ്ങൾക്കു യാതൊരു വിലയുമില്ലെന്നത്രെ 28-ാം കാനോനായുടെ ഈ ചരിത്രം വിശദമാക്കുന്നതു്. 381-ൽ സമ്മേളിച്ച കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിൽ 3-ാം കാനോനായായി അവതരിപ്പിക്കപ്പെട്ട കാ

www.malankaralibrary.com

നോനാതന്നെയാണു കൽക്കദോനീയാ സൂന്നഹദോസിൽ 28-ാം കാനോനായി വീണ്ടും അവതരിപ്പിക്കപ്പെട്ടതു്. 3-ാം കാനോനാ അന്നത്തെ റോമ്മാ മാർപ്പാപ്പാ അംഗീകരിക്കാതിരുന്നതിനാൽ അതു യാതൊരു വിലയുമില്ലാത്തതായിത്തീൎന്നു. തന്മൂലം കൽക്കദോനീയാ സൂന്നഹദോസിലെങ്കിലും അതു് അവതരിപ്പിച്ചു റോമ്മാ മാർപ്പാപ്പായുടെ അംഗീകാരം വാങ്ങാമെന്നു നിശ്ചയിച്ചാണു് അനത്തോളിയസും 83 മെത്രാന്മാരും ലെയോൻ മാർപ്പാപ്പായിക്കു അപേക്ഷ സമർപ്പിച്ചതു്. ഇക്കാര്യം എങ്ങനെയെങ്കിലും സാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു മാർസീയൻ ചക്രവൎത്തിയും ഈ വിഷയത്തിൽ ശിപാശ് ചെയ്തതു്. മാർപ്പാപ്പായുടെ അംഗീകാരമില്ലാതെ കാനോനായിക്കു വില ഉണ്ടായിരുന്നെങ്കിൽ മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കുന്നതിനു കാനോനാ നിൎമ്മിച്ചവർ ശ്രമിക്കുമായിരുന്നോ? രാജശക്തിയാലാണു കൽക്കദോനീയാ സൂന്നഹദോസ് നടത്തപ്പെട്ടതെങ്കിൽ 28-ാം കാനോനാ അംഗീകരിച്ചു കിട്ടുന്നതിനു മാർസിയൻ ചക്രവൎത്തി മാർപ്പാപ്പായോടു അഭ്യൎത്ഥിക്കുന്നതിനുപകരം സ്വാധികാരം ഉപയോഗിച്ചു് ആ കാനോനാ നടപ്പിൽ വരുത്തുമായിരുന്നില്ലേ? മാർപ്പാപ്പായിക്കു സൂന്നഹദോസിലെ നിശ്ചയങ്ങളെ അംഗീകരിക്കുന്നതിനോ, തള്ളിക്കളയുന്നതിനോ അധികാരമുണ്ടെന്നുള്ള ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടല്ലേ 28-ാം കാനോനാ നിൎമ്മിക്കുന്നതിൽ ഒരു കുറവും താൻ ചെയ്തിട്ടില്ലെന്നു് അനത്തോളിയസ് പാത്രിയക്കീസ് മാർപ്പാപ്പായെ ധരിപ്പിക്കുവാൻ ശ്രമിച്ചതും, തന്റെ അഭ്യൎത്ഥന ലെയോൻ മാർപ്പാപ്പാ ധൈൎയ്യപൂൎവ്വം തള്ളിക്കളഞ്ഞിട്ടും മാർസിയൻ ചക്രവൎത്തി അതൃപ്തനാകാതെ മാർപ്പാപ്പായുടെ കൎത്തവ്യബോധത്തെ പ്രശംസിച്ചതും? സഭയിൽ പരമാധികാരം മാർപ്പാപ്പായിക്കല്ല സൂന്നഹദോസിനാണു് എന്നിങ്ങനെ ചില യാക്കോബായക്കാരും പറയാറുണ്ടു്. ഈ വാദം ശരിയായിരുന്നെങ്കിൽ കോൺസ്റ്റൻറിനോപ്പിളിലെ 3-ാം കാനോനായും, കൽക്കദോനീയായിലെ 28-ാം കാനോനായും അംഗീകരിച്ചു കിട്ടുന്നതിനു മാർപ്പാപ്പായോടു അഭ്യൎത്ഥിക്കേണ്ട ആവശ്യമില്ലായിരുന്നു.

www.malankaralibrary.com

മാർസിയൻ ചക്രവർത്തിയുടെ ശക്തിമത്തായ ശിപാർശയുണ്ടായിട്ടും കൽക്കദോനിയാ സൂന്നഹദോസിലെ 28-ാം കാനോനാ മാർപ്പാപ്പാ തള്ളിക്കളഞ്ഞു. ഇതിൽ നിന്നും കൽക്കദോനിയാ സൂന്നഹദോസ് രാജബലത്തിലാണു നടന്നതെന്നുള്ള യാക്കോബായക്കാരുടെ വാദം ചരിത്രവസ്തുതകൾക്കു നേരേ വിപരീതമാണെന്ന് അനുമാനിക്കാമല്ലോ.

8. റോമ്മാ, അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ എന്നീ പ്രധാനപ്പെട്ട നാലു സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാരിൽ ഭൂരിപക്ഷത്തിൻെറ അഭിപ്രായം ശരിയായിരിക്കുമെന്നും, അങ്ങനെയുള്ള അഭിപ്രായം സഭയിൽ പൊതുവായി സ്വീകാര്യമാണെന്നുമത്രെ യാക്കോബായ പണ്ഡിതന്മാരുടെ അഭിപ്രായം. റോമ്മാ പാത്രിയർക്കീസായ ലെഓൻ മാർപ്പാപ്പാ തൻെറ ലേഖനം വഴിയായി കൽക്കദോനിയായിൽ പ്രഖ്യാപനംചെയ്ത അതേ വിശ്വാസത്തെ അന്ത്യോക്യായിലെ മാക്സിമോസ് (പുറം 59-60 കാണുക). കോൺസ്റ്റൻറിനോപ്പിളിലെ അനത്തോളിയസ്, ജറുസലേമിലെ ജൂവനേൽ എന്നീ മൂന്നു പാത്രിയർക്കീസുമാർ സ്വീകരിച്ചു് സൂന്നഹദോസ് നിശ്ചയങ്ങൾക്കു ഒപ്പുവച്ചു. അലക്സാണ്ഡ്റിയാ പാത്രിയർക്കീസായ ദീയസ്ക്കോറോസിനെ ഇവരെല്ലാം കുറ്റക്കാരനും പാഷണ്ഡിയുമായി പരിഗണിച്ചു ശപിച്ചു. ആകയാൽ ഭൂരിപക്ഷം പാത്രിയർക്കീസുമാരുടെ അഭിപ്രായങ്ങൾക്കു വിപരീതമായി കൽക്കദോനിയാ സൂന്നഹദോസ് അസാധുവാണെന്നും, ദീയസ്ക്കോറോസ് സത്യവിശ്വാസം ഏല്പിച്ചുതന്ന മഹാ പരിശുദ്ധനാണെന്നും യാക്കോബായക്കാർ വിശ്വസിച്ചുവരുന്നതു് അവർ സ്വീകരിച്ചിരിക്കുന്ന മൌലികതത്വങ്ങൾക്കുതന്നെ വിരുദ്ധമാണ്.

9. യാക്കോബായ സഭയിൽ നടപ്പിൽ ഇരിക്കുന്നതും, ആ സഭ അംഗീകരിക്കുന്നതുമായ പൊതു സൂന്നഹദോസുകളുടെയും പ്രാദേശിക സൂന്നഹദോസുകളുടെയും നിശ്ചയങ്ങൾ കൂട്ടിച്ചേർത്തു് ബർ എബ്രായ എന്ന യാക്കോബായ പ

www.malankaralibrary.com

ണ്ഡിതൻ രചിച്ചിട്ടുള്ള "ഹൂദായാകാനോൻ" എന്ന സുപ്രസിദ്ധ സഭാനിയമഗ്രന്ഥത്തിൽ കൽക്കദോനിയാ സൂനഹദോസിൻെറ അനേക നിശ്ചയങ്ങൾ ചേർത്തിട്ടുണ്ട്. കൽക്കദോനിയാ സൂനഹദോസ് യാക്കോബായക്കാർക്ക് ഒട്ടും സ്വീകരിപ്പാൻ നിവൃത്തിയില്ലാത്ത ഒരു സൂനഹദോസായിരുന്നെങ്കിൽ യാക്കോബായ സഭയുടെ ഔദ്യോഗിക നിയമഗ്രന്ഥമായ "ഹൂദായാ കാനോനിൽ" കൽക്കദോനിയാ സൂനഹദോസിൻെറ ഇത്രയധികം നിശ്ചയങ്ങൾ ചേർക്കുകയില്ലായിരുന്നല്ലോ. ആകയാൽ കൽക്കദോനിയാ സൂനഹദോസ് യാക്കോബായക്കാർക്ക് അത്ര ശപിക്കപ്പെടേണ്ടതും നിഷിദ്ധവുമായ ഒരു സൂനഹദോസല്ലതന്നെ.

10. യാക്കോബായ സഭയെപ്പോലെ ഏക സ്വഭാവവാദത്തിൽനിന്ന് ഉത്ഭവിച്ച ഒരു സഭയാണ് അർമ്മേനിയൻസഭ. ഈ സഭയിലെ ഒരു മഹാ പണ്ഡിതനും, 12-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവനുമായ നേർസസ് (+ 1173) കൽക്കദോനിയാ സൂനഹദോസിൽ അദ്ധ്യവസാനം ചെയ്ത ഇരുസ്വഭാവ വിശ്വാസം സ്വീകാര്യമാണെന്നുള്ളതിനെപ്പററി ഇപ്രകാരം പറയുന്നു: "ക്രിസ്തുവിൽ ഏക സ്വഭാവമാണെന്നു നാം പറയുന്നത് എവുത്തിക്കോസിൻെറ അഭിപ്രായപ്രകാരം കൂടിച്ചേർന്ന ഒന്നായിട്ടല്ല; അപ്പൊള്ളിനാരിസിൻെറ അഭിപ്രായപ്രകാരം ക്ഷയിച്ചുപോയ ഒന്നായിട്ടുമല്ല, പ്രത്യുത അലക്സാണ്ഡ്റിയായിലെ കൂറില്ലോസിൻെറ അഭിപ്രായപ്രകാരമുള്ള ഒന്നായിട്ടാണ്...... രണ്ടു സ്വഭാവം എന്നു പറയുന്നതിനെ നാം നിരസിക്കുന്നില്ല. എന്നാൽ രണ്ടെന്നു പറയുമ്പോൾ നെസ്തോറിയസിൻെറ അഭിപ്രായപ്രകാരം (ക്രിസ്തു) രണ്ടായി വിഭജിക്കപ്പെട്ടതായി മനസ്സിലാക്കരുത്. നേരേമറിച്ച്, എവുത്തിക്കോസിൻെറയും അപ്പൊള്ളിനാരിസിൻെറയും ഉപദേശത്തിന് എതിരായി കൂടിച്ചേരാത്ത സ്വഭാവമായി നാം മനസ്സിലാക്കണം." (Nerses IV, Libello confessionis fidei, ad Alexium supremum exercitus bizantini Ducem. I Cappelletti. S. Nersetis Claiensis, Armenorum catholic. opera I, Venetiis) 1883, pp.

www.malankaralibrary.com

182—183) ക്രിസ്തു പൂർണ്ണ മനുഷ്യനാണെന്നുള്ള വിശ്വാസസത്യം നിഷേധിച്ച ഒരു പാഷണ്ഡിയാണു് അപ്പൊള്ളിനാരിസ്. നെസ്തോറിയസ് ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നു പഠിപ്പിച്ചിരുന്നു. എവുത്തിക്കോസ് ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേ ഉള്ളു എന്നും പഠിപ്പിച്ചു. നേർസസ് പറയുന്നതു് അപ്പൊള്ളിനാരിസിന്റെയും എവുത്തിക്കോസിന്റെയും അഭിപ്രായപ്രകാരമുള്ള ഏക സ്വഭാവമല്ല ക്രിസ്തുവിലുള്ളതെന്നും, ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു പറയുമ്പോൾ, രണ്ടു വ്യക്തിത്വം ക്രിസ്തുവിൽ ഉണ്ടെന്നുള്ള നെസ്തോറിയസിന്റെ ഉപദേശത്തിനു് അനുസരണമായ അർത്ഥം വരാതിരിക്കുന്നെങ്കിൽ രണ്ടു സ്വഭാവമെന്നുള്ള പദപ്രയോഗം തെറ്റല്ലെന്നും അത്രെ. വാസ്തവത്തിൽ കൽക്കദോനിയാ സുന്നഹദോസ് ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നുള്ള നെസ്തോറിയസിന്റെ ഉപദേശത്തെ ശപിക്കുന്നു. രണ്ടു സ്വഭാവങ്ങൾ ക്രിസ്തു എന്ന ഏക വ്യക്തിയിൽ സ്ഥിതി ചെയ്യുന്നു എന്നാണു സുന്നഹദോസിന്റെ ഉപദേശം. ഈ ഉപദേശം തെറ്റല്ലെന്നത്രെ നേർസസിന്റെ അഭിപ്രായം (പുറം 33–14 കാണുക).

[1. ഏകസ്വഭാവവാദത്തിൽ നിന്നു് ഉത്ഭവിച്ച ഈജിപ്ത്യായ, അബിസ്സീനിയൻ, അർമ്മേനിയൻ, യാക്കോബായ എന്നീ നാലു സഭക്കാരൊഴിച്ചു ലോകത്തിലുള്ള മറ്റു യാതൊരു സഭക്കാരും കൽക്കദോനിയാ സുന്നഹദോസ് രാജബലത്താൽ നടന്നതാണെന്നോ, അസാധുവാണെന്നോ ഉള്ള വാദം ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഗ്രീക്കു സഭക്കാരും പ്രൊട്ടസ്റ്റൻറുകാരും കത്തോലിക്കസഭയെ വളരെ ദ്വേഷിക്കുന്നെങ്കിലും ആദ്യത്തെ മൂന്നു സുന്നഹദോസുകളെപ്പോലെയാണു കൽക്കദോനിയാ സുന്നഹദോസും നടന്നിട്ടുള്ളതെന്നു സമ്മതിക്കുന്നു. ഗ്രീക്കുസഭക്കാരും "പൂർവ്വീക കത്തോലിക്കർ" എന്നറിയപ്പെടുന്നവരും കൽക്കദോനിയാ സുന്നഹദോസിനെ ശരിയായ പൊതു സുന്നഹദോസായി സ്വീകരിക്കുന്നു. യാക്കോബായ പണ്ഡിതന്മാർ ഗ്രീക്കുസഭക്കാരെ സഹോദരീസഭക്കാരായി പരിഗണിച്ചുവരുന്ന സ്ഥി

www.malankaralibrary.com

തിക്ക കൽക്കദോനിയാ സൂനഹദോസും അതിൽവച്ചു പ്രഖ്യാപനം ചെയ്യപ്പെട്ട വിശ്വാസവും അബദ്ധമാണെന്നു യാക്കോബായക്കാർക്കു പറയാവുന്നതല്ലല്ലോ.

12. കത്തോലിക്കാസഭയെ ദ്വേഷിക്കുന്ന ഗ്രീക്കുസഭക്കാർ ലെഓൻ മാർപ്പാപ്പായെ ഒരു വിശുദ്ധനായി പരിഗണിച്ചു് ഫെബ്രുവരി 18-ാംനു- അദ്ദേഹത്തിന്റെ തിരുനാൾ ഇപ്പോഴും കൊണ്ടാടിവരുന്നു. ലെഓൻ മാർപ്പാപ്പായെയും, എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ വിമർശിച്ചു മാർപ്പാപ്പാ എഴുതിയ ലേഖനത്തെയും പ്രശംസിച്ചു പല കാര്യങ്ങൾ ഗ്രീക്കുസഭ അന്നത്തെ ആരാധനക്രമത്തിൽ ചൊല്ലുന്നുണ്ടു്. മാർപ്പാപ്പായുടെ ആ ലേഖനത്തെ "വിശ്വാസത്തിന്റെ സ്തംഭ"മായിട്ടാണു ഗ്രീക്കുസഭ ചിത്രീകരിച്ചിരിക്കുന്നതു്. തിരുനാളിൽ ചൊല്ലുന്ന ഗീതങ്ങളിൽ ഒരിടത്തു ലെഓൻ മാർപ്പാപ്പായെപ്പററി ഇപ്രകാരം പറയുന്നു:-"എത്രയും അനുഗൃഹീതനായുള്ളോവേ, സൂര്യപ്രഭാതം പോലെ പാശ്ചാത്യദേശത്തുനിന്നു നീ ഉദയം ചെയ്യുകയും, പ്രകാശരശ്മികൾപോലെ തിരുസഭയുടെമേൽ വിശുദ്ധോപദേശങ്ങൾ അടങ്ങിയ നിന്റെ ഗ്രന്ഥങ്ങളെ നീ അയക്കുകയും ചെയ്തു. വന്ദ്യനായ പത്രോസിന്റെ പിൻഗാമിയും, അദ്ദേഹത്തിന്റെ പ്രമുഖസ്ഥാനം ലഭിച്ചിട്ടുള്ളവനും, അദ്ദേഹത്തിന്റെ ഉജ്ജ്വലത്തായ തീക്ഷ്ണതയുള്ളവനുമായവൻ ദൈവത്താൽ പ്രേരിതനായി തന്റെ ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിച്ചിരിക്കുന്നു. ദൈവത്താൽ പ്രേരിതനായി ദൈവത്താൽ മുദ്രണം ചെയ്യപ്പെട്ടവിധം മതോപദേശങ്ങളെ കല്പലകകളിന്മേൽ, നീ എഴുതി. രണ്ടാമത്തെ ഒരു മോശയെന്നവിധം വന്ദ്യരായ ഉപദേഷ്ടാക്കളുടെ ഗണത്തിനു നീ പ്രത്യക്ഷനായി" (Nilles, Kalendarium Manuale, pp. 107-108). യാക്കോബായസഭ പാഷണ്ഡിയായി പരിഗണിച്ചു ശപിക്കുന്ന ലെഓൻ മാർപ്പാപ്പായെയാണു മറെറാരു അകത്തോലിക്ക സഭയായ ഗ്രീക്കുസഭ വിശുദ്ധനായും, വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായും, ദൈവത്താൽ നടത്തപ്പെടുന്ന മറെറാരു മോശയായും പരിഗണിച്ചു് ഇത്രയധികം പുകഴ്ത്തുന്ന

www.malankaralibrary.com

ളു്! ഗ്രീക്കുസഭ യാക്കോബായക്കാൎക്കു യോജിക്കാൻകൊള്ളാവുന്ന ഒരുസഹോദരീസഭയാണെന്നു യാക്കോബായ പണ്ഡിതന്മാർ ഇക്കാലത്തു വിശ്വസിക്കുന്ന സ്ഥിതിക്കു് ലെയോൻ മാർപ്പാപ്പാ ശപിക്കപ്പെട്ടവനാണെന്നു യാക്കോബായസഭ പഠിപ്പിക്കുന്നതു ശരിയല്ലല്ലോ.

13. ഗ്രീക്കുസഭയുടെ ഒരു വിഭാഗമായ റഷ്യൻ ഓർത്താഡോക്സ് സഭയിലെ വലിയ ഒരു വേദശാസ്ത്രജ്ഞനും, ആംഗ്ലിക്കൻ സഭാംഗമായിരുന്ന വിശ്വവിശ്രുതനായ ന്യൂമാനെപ്പോലെ ഒരു മഹാ ചിന്തകനും, സാഹിത്യകാരനുമായ വ്ലാദ്മീർ സൊളോവിയെ (Vladimir Soloviev) റോമ്മാസിംഹാസനത്തിൻെറയും ലെയോൻ മാർപ്പാപ്പായുടെയും കൽക്കദോനിയാ സൂനഹദോസിൻെറയും അധികാരപ്രാമാണ്യങ്ങളെ ആരെങ്കിലും നിഷേധിക്കുന്നതു് എത്ര ബുദ്ധിശൂന്യമാണെന്നുള്ളതിനെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു:— "അധികാരവും വിശ്വാസസംബന്ധമായ പ്രാമാണ്യവും സംബന്ധിച്ചുള്ള റോമ്മാസിംഹാസനത്തിൻെറ പ്രാമുഖ്യം അനധികൃതമായി കരസ്ഥമാക്കിയ ഒരു അവകാശമാണെന്നും, ഒരു അബദ്ധമാണെന്നുംപറഞ്ഞു് ഒരാൾ തള്ളിക്കളയുമ്പോൾ മഹാനായ ലെയോനെപ്പോലെയുള്ള ഒരു മഹാപുരുഷനെ പിടിച്ചുപറിക്കാരനും പാഷണ്ഡിയുമായി പരിഗണിക്കേണ്ട ആവശ്യം മാത്രമല്ല ഉണ്ടാകുന്നതെന്നു് ആൎക്കും ഗ്രഹിക്കാവുന്നതാണു്; പ്രത്യുത കൽക്കദോനീയായിലെ പൊതുസൂനഹദോസിനെയും അഞ്ചാംശതാബ്ദത്തിലെ സത്യസഭ മുഴുവനെയും പാഷണ്ഡോപദേശം പഠിപ്പിക്കുന്നതായി കുററപ്പെടുത്തേണ്ട ആവശ്യംകൂടി അയാൾക്കു നേരിടുന്നു" (La Russie et l'Eglise universelle, p. 202). 630 മേല്പട്ടക്കാർ സംബന്ധിച്ച കൽക്കദോനിയാസൂനഹദോസും ലെയോൻമാർപ്പാപ്പായും പ്രഖ്യാപനം ചെയ്ത വിശ്വാസം തെററിപ്പോയെങ്കിൽ ലോകംമുഴുവനിലുമുള്ള വിശ്വാസം തെററിപ്പോയതായി വിചാരിക്കണമെന്നാണല്ലോ ഈ വാക്കുകളുടെ അൎത്ഥം.

14. മലങ്കരയാക്കോബായ സഭയിലെ പ്രശസ്തരായ പല നേതാക്കന്മാരും കൽക്കദോനിയാ സൂനഹദോസ് ദ്വി

www.malankaralibrary.com

യസ്കോറോസിനെ ശപിച്ചു് സഭയിൽനിന്നു ബഹിഷ്കരിച്ചതു ന്യായാനുസരണമാണെന്നു പല സന്ദർഭങ്ങളിലും സമ്മതിച്ചു് ഏററു പറഞ്ഞിട്ടുണ്ടു്. അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിനു് മലങ്കരയാക്കോബായ സഭയുടെമേൽ ആദ്ധ്യാത്മികാധികാരമല്ലാതെ സഭയുടെ സ്വത്തുക്കളുടെമേൽ യാതൊരു അധികാരവുമില്ലെന്നു വാദിച്ച വട്ടശ്ശേരി തിരുമേനിയെയും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചു് പ്രത്യേക കക്ഷിയായിത്തീന്നവരെയും മലങ്കരയിൽവന്നു് അബ്ദുള്ളാ പാത്രിയക്കീസ് ശപിച്ചു മുടക്കി. മുടക്കിനുശേഷം വട്ടശ്ശേരി തിരുമേനി ഓമല്ലൂർ പള്ളിയിൽ ഒരുദിവസം കുർബാന ചൊല്ലാൻ പോയപ്പോൾ അവിടെ ഉണ്ടായിരുന്ന ഇലവിനാമണ്ണിൽ സ്കറിയാമല്ലാനെ തന്റെ കുർബാനയിൽ സംബന്ധിക്കുന്നതിനു ആളയച്ചു ക്ഷണിക്കയുണ്ടായി. പാത്രിയർക്കീസിൽനിന്നു മുടക്കുസ്വീകരിച്ച തിരുമേനി ചൊല്ലുന്ന കുർബാനയിൽസംബന്ധിക്കുന്നതിനു തനിക്കു വളരെ മനഃപ്രയാസമുണ്ടെന്നു പറഞ്ഞു മല്ലാനച്ചൻ തിരുമേനിയെ കാണുന്നതിനോ, കുർബാനയിൽ സംബന്ധിക്കുന്നതിനോ പോയില്ല. അന്നു കുർബാനമദ്ധ്യേ വട്ടശ്ശേരി തിരുമേനി പറഞ്ഞ പ്രസംഗത്തിൽ ഇതിനെ സൂചിപ്പിച്ചു് ഇങ്ങനെ പറഞ്ഞു:—
"കൽക്കദോനിയായിൽ പിതാക്കന്മാരെല്ലാംകൂടി മുടക്കിയ മുടക്കു മുടക്കല്ലെന്നും, ഇപ്പോൾ ആ മുടക്കപ്പെട്ടവന്റെ മുടക്കു മുടക്കാണെന്നും വന്നോ? എന്നാൽ ആ ന്യായം സ്കറിയാകത്തനാർതന്നെ വന്നു് എന്നെ ഒന്നു പഠിപ്പിക്കട്ടെ". തിരുമേനിയുടെ ഈ വാക്കുകൾ യാക്കോബായക്കാരുടെ ഇടയിൽ ഇപ്പോഴും സംസാരവിഷയമാകാറുണ്ടു്. കൽക്കദോനിയാസൂനഹദോസിൽ 630 മേല്പട്ടക്കാർകൂടി ദീയസ്കോറോസിനെയും അദ്ദേഹത്തെ അനുകൂലിച്ച ഏകസ്വഭാവവാദികളെയും മുടക്കിയെന്നും, അങ്ങനെ മുടക്കപ്പെട്ടവരിൽനിന്നു കാലക്രമത്തിൽ പട്ടം ലഭിച്ചിട്ടുള്ള അബ്ദുള്ളാ പാത്രിയക്കീസ് കൽക്കദോനിയാസൂനഹദോസിന്റെ മുടക്കു വകവയ്ക്കാത്തതുകൊണ്ടു് ആ പാത്രിയർക്കീസിന്റെ മുടക്കു താനും വകവയ്ക്കേണ്ട ആവശ്യമില്ലെന്നുമാണല്ലോ വട്ടശ്ശേരി തിരുമേനിയുടെ ഈ വാക്കുകളുടെ അർത്ഥം. കൽ

www.malankaralibrary.com

ക്കദോനിയാ സുന്നഹദോസ് നിയമാനുസരണം നടന്ന സുന്നഹദോസാണെന്നും, അതിന്റെ മുടക്കു വകവയ്ക്കാത്ത യാക്കോബായ പാത്രീയക്കീസ് മുടക്കുന്നതിൽ അൎത്ഥമില്ലെന്നും തിരുമേനി പരോക്ഷമായിട്ടെങ്കിലും ഇവിടെ സമ്മതിക്കയാണല്ലോ ചെയ്യുന്നതു്.

ഇപ്പോഴത്തേ കാതോലിക്കാ ബാവായായ മാർ ഗീവൎഗീസ് ബസേലിയസ് തിരുമനസ്സുകൊണ്ടു് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ മുടക്കിൽ നില്ക്കുന്നതു് എത്രയും സങ്കടകരമായ ഒരു സംഗതിയാണെന്നു കാണിച്ചു് ആലുവാ സെമ്മിനാരിയിൽ താമസിച്ചിരുന്ന കൊച്ചുപറമ്പിൽ ഗീവൎഗീസ് റമ്പാച്ചൻ കാതോലിക്കാബാവാ തിരുമേനിക്കു ഒരു കത്തു് അയക്കുകയുണ്ടായി. ആ എഴുത്തിനു മറുപടിയായി 1912 മിഥുനം 7-ാംനു പരുമല സെമ്മിനാരിയിൽനിന്നും കാതോലിക്കാബാവാ റമ്പാച്ചനു് ഇപ്രകാരം എഴുതി:— "മാർ ദീയസ്കോറോസിനെയും മാർ ബർ സോമ്മായെയും ലോകത്തിലുള്ള സകല എപ്പിസ്ക്കോപ്പന്മാരും (മെത്രാന്മാരും) കൂടി മുടക്കി. ആ മുടക്കിനെയും അവിടുന്നു സ്വീകരിക്കുന്നുണ്ടോ? സ്വീകരിക്കുന്നില്ലെങ്കിൽ കാരണമെന്തു്? രാജാക്കന്മാരും എപ്പിസ്ക്കോപ്പന്മാരുംകൂടി നമ്മുടെ പിതാക്കന്മാരെ തടവിലിടുകയും സ്ഥാനഭ്രംശം ചെയ്യുകയും ചെയ്തു. ആ മുടക്കപ്പെട്ട തടവുകാരിൽ നിന്നു നമുക്കു കിട്ടിയിട്ടുള്ള പട്ടം സ്വീകാരയോഗ്യമാണോ?........സത്യം ധരിക്കണം. എല്ലാവരും തെററാം. ദയറോയോ (സന്യാസി) പുന്നൂസ് (ഒപ്പു്)". (എത്രയും സാരവത്തായ ഒരു എഴുത്തുപുസ്തകം, 1933, പുറം 59) യാക്കോബായപാത്രിയർക്കീസിന്റെ മുടക്കിൽ നില്ക്കുന്നതുകൊണ്ടു കാതോലിക്കാ ബാവായുടെയും ഓത്തഡോക്സ് കക്ഷിയിലെ മററു മേല്പട്ടക്കാരുടെയും പട്ടം അസാധുവാണെന്നത്രെ പാത്രിയക്കീസ് കക്ഷിക്കാരുടെ വാദം. ഇക്കാൎയ്യമാണു് ഗീവൎഗീസ് റമ്പാൻ സങ്കടത്തോടുകൂടി ബാവാ തിരുമേനിയെ അറിയിച്ചതു്. ബാവാ നല്കിയമറുപടിയിലാകട്ടെ 630 മേല്പട്ടക്കാരാൽ കൽക്കദോനിയായിൽവച്ചു മുടക്കപ്പെട്ടുകയും, പിന്നീടു രാജ്യനിയമപ്രകാരവും രാജാക്കന്മാരുടെ

www.malankaralibrary.com

കല്പനയനുസരിച്ചും പാഷണ്ഡികൾ എന്ന നിലയിൽ തട
വിൽ ഇടപ്പെടുകയും ചെയ്ത മേല്പട്ടക്കാരിൽ നിന്നാണു്
അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനു കാലക്രമ
ത്തിൽ പട്ടം ലഭിച്ചിട്ടുള്ളതെന്നും, പാത്രിയർക്കീസിന്റെ
മുടക്കുമൂലം തന്റെ പട്ടം പോയിട്ടുണ്ടെങ്കിൽ 630 മേല്പട്ട
ക്കാരുടെ മുടക്കുമൂലം പാത്രിയർക്കീസിന്റെ പട്ടവും പോ
യിട്ടുണ്ടെന്നും, പാത്രിയർക്കീസിന്റെ മുടക്കു വകവയ്ക്കാ
ത്ത തനിക്കു തെററിയിട്ടുണ്ടെങ്കിൽ 630 മേല്പട്ടക്കാരുടെ
മുടക്കു വകവയ്ക്കാത്ത പാത്രിയർക്കീസിനും തെററിയിട്ടുണ്ടെ
ന്നും പറഞ്ഞിരിക്കുന്നു. കൽക്കദോനിയാ സുന്നഹദോസി
നെ അവഗണിക്കുന്ന യാക്കോബായ പാത്രിയർക്കീസ് മുട
ക്കിയാൽ മുടക്കല്ലെന്നു ബാവാ തിരുമേനിക്കു ബോദ്ധ്യമു
ള്ളതിനാൽ കൽക്കദോനിയാ നിയമാനുസരണം നടന്ന
സുന്നഹദോസാണെന്നല്ലേ അർത്ഥം?

യാക്കോബായ പാത്രിയർക്കീസിന്റെ പ്രതിനിധിയാ
യി മലങ്കരയിൽ മഞ്ഞനിക്കരെ (പത്തനംതിട്ട) താമസി
ക്കുന്ന മാർ ജൂലിയോസ് തിരുമേനി ഏതാനും കൊല്ല
ങ്ങൾക്കു മുമ്പു റാന്നിയിൽ ഒരു പ്രസംഗയോഗത്തിൽവച്ചു്
ഓർത്തഡോക്സ് കക്ഷിക്കാർ അന്ത്യോഖ്യാ യാക്കോബായ
പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടവരാണെന്നും, അവരുടെ
മെത്രാന്മാർക്കു ശരിയായ പട്ടം ഇല്ലാത്തതിനാൽ അവർ
അൽമായക്കാരാണെന്നും മററും വളരെ ശക്തിമത്തായ ഭാ
ഷയിൽ പ്രസംഗിക്കയുണ്ടായി. പ്രസംഗയോഗം കഴിഞ്ഞു
തിരുമേനിമാർ ഭക്ഷണത്തിനിരിക്കയിൽ മാർ തീമോത്തി
യോസ് തിരുമേനി (ഈ അടുത്തകാലത്തു പാത്രിയർക്കീ
സ് കക്ഷിയിൽ നിന്നു പിന്മാറി ഓർത്തഡോക്സ് കക്ഷി
യിൽ ചേർന്ന തിരുമേനി) മാർ ജൂലിയോസ് തിരുമേനി
യോടു ഇപ്രകാരം ചോദിക്കയുണ്ടായി:—"അപ്പോൾ തിരു
മേനീ, കൽക്കദോനിയായിൽ വച്ചു 630 പിതാക്കന്മാർ
മുടക്കിയിട്ടു നമ്മുടെ പട്ടം പോയില്ലെങ്കിൽ നമ്മുടെ ഒരു
പാത്രിയർക്കീസ് മുടക്കിയാൽ എങ്ങനെ പട്ടം പോകും?"
ഈ ചോദ്യത്തിനു ജൂലിയോസ് തിരുമേനി മറുപടി പ
റഞ്ഞില്ല. ഇക്കാര്യങ്ങൾ അന്നു് അവിടെ സന്നിഹിതനാ

www.malankaralibrary.com

യിരുന്ന റാന്നി സ്വദേശിയായ ഒരു പട്ടക്കാരനാണ് എന്നോടു പറഞ്ഞിട്ടുള്ളതു്.

ഒരു ക്നാനായക്കാരനും, മലങ്കര യാക്കോബായ സഭയിലെ പ്രശസ്ത ചരിത്രകാരനുമായ ഇടവഴിക്കൽ പോത്തച്ചൻ (ശ്രീമാൻ ഈ. എം. ഫിലിപ്പ്) പാത്രിയക്കീസ് കക്ഷിക്കാരനായിരുന്നെങ്കിലും ആദ്യകാലത്തു ഓർത്തഡോക്സ് കക്ഷിയിൽ നിന്നുകൊണ്ടു പാത്രിയക്കീസിനെതിരായി പ്രവൎത്തിച്ചിരുന്ന ഒരാളാണ്. "പാത്രിയക്കീസിന്റെ മുടക്കു ലഭിച്ചവരുടെ ഭാഗത്തുനിന്നുകൊണ്ടു പാത്രിയക്കീസിനെതിരായി പ്രവൎത്തിക്കുന്നതിൽ പോത്തച്ചനു മനഃപ്രയാസം തോന്നുന്നില്ലേ?" എന്നിങ്ങനെ രാമമംഗലം സ്വദേശി മഞ്ഞച്ചാലിൽ വല്യച്ചൻ ഒരിക്കൽ മി. ഫിലിപ്പിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി, "മുകളിലത്തെ മുടക്കു മുടക്കല്ലെന്നും, താഴത്തെ മുടക്കു മുടക്കാണെന്നും വരുമോ?" എന്നായിരുന്നു. സകല പാത്രിയക്കീസുമാരുടെയുംമേൽ അധികാരമുള്ള റോമ്മാ റീശപാത്രിയക്കീസിന്റെ അംഗീകാരത്തിൽ നടന്ന കൽക്കദോനിയാ സുന്നഹദോസിൽവച്ചു 630 മെല്പട്ടക്കാർ മുടക്കിയ മുടക്കു വകവയ്ക്കാത്ത യാക്കോബായ പാത്രിയക്കീസിന്റെ മുടക്കു താനും വകവയ്ക്കാത്തതിൽ തനിക്കു മനഃപ്രയാസം തോന്നുവാൻ കാരണമില്ലെന്നാണല്ലോ ഈ വാക്കുകൾ സൂചിപ്പിക്കുന്നതു്. ഇക്കാൎയ്യം മഞ്ഞച്ചാലിൽ വല്യച്ചൻ പറഞ്ഞാണു ഞാൻ കേട്ടിട്ടുള്ളതു്.

ഇപ്രകാരം ഓരോരോ സന്ദൎഭങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം കൽക്കദോനിയാ സുന്നഹദോസിന്റെ മുടക്കു ശരിയാണെന്നും, ആ മുടക്കു വകവയ്ക്കാത്ത യാക്കോബായ പാത്രിയക്കീസിന്റെ മുടക്കിൽ അൎത്ഥമില്ലെന്നും മററും യാക്കോബായസഭയിൽ ഒന്നാം കിടയിൽ നില്ക്കുന്ന പല മെല്പട്ടക്കാരും പണ്ഡിതന്മാരും ചിന്തകന്മാരും ഏററുപറഞ്ഞിട്ടുണ്ടെങ്കിൽ കൽക്കദോനിയാ സുന്നഹദോസ് അസാധുവാണെന്നും, അതു രാജബലത്താൽ നടന്നതാണെന്നും അതിൽ പ്രഖ്യാപനം ചെയ്യപ്പെട്ട വിശ്വാസം—ലെയോൻ

www.malankaralibrary.com

മാർപ്പാപ്പായുടെ വിശ്വാസം — അബദ്ധമാണെന്നും മററുമുള്ള യാക്കോബായ വാദങ്ങൾക്കു എന്തു വിലയാണുള്ളതു്?

## 14. ഉപസംഹാരം.

കൽക്കദോനിയാ സൂന്നഹദോസിന്റെ പതിനഞ്ചാംശതാബ്ദപൂർത്തി ആഘോഷിക്കപ്പെടുന്ന ഈ സന്ദർഭത്തിൽ ഈ സൂന്നഹദോസിൽ വച്ചു കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞുപോയവരെയെല്ലാം കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു മാർപ്പാപ്പാതിരുമേനി സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി നാം അറിയുന്നു. ധൂർത്തപുത്രന്റെ പിതാവു കാണിച്ച സ്നേഹാതിരേകവും കാരുണ്യാധിക്യവും ഹൃദയ വിശാലതയുമാണു തിരുസഭയുടെ പരമാദ്ധ്യക്ഷനായ ഈ പിതാവു് ഷിട്മവും പാഷണ്ഡതയുംമൂലം സഭാഭവനത്തിൽനിന്നും പിന്മാറി ജീവിക്കുന്ന തന്റെ അകത്തോലിക്ക തനയരോടു കാണിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ പ്രത്യാഗമത്തിനായി മാർപ്പാപ്പാ കഴിവുള്ളതെല്ലാം ചെയ്യുന്നതിനു സദാ സന്നദ്ധനായിരിക്കയും, ലോകത്തിലുള്ള എല്ലാ ക്രൈസ്തവരുടെയും ന്യായാനുസൃതമായ സഹായ സഹകരണങ്ങൾ ഈ വിഷയത്തിൽ അഭ്യർത്ഥിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. കത്തോലിക്കാസഭയുടെ അംഗങ്ങളെല്ലാം ഈ മഹനീയ കൃത്യത്തിൽ യഥാശക്തി പങ്കുകൊള്ളണമെന്നത്രെ പ്രസംഗങ്ങളും തിരുവെഴുത്തുകളും വഴിയായി മാർപ്പാപ്പാ തിരുമേനി ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

കേരളീയ നസ്രാണി ക്രിസ്ത്യാനികളിൽ ഒരു വിഭാഗക്കാർ ഏകസ്വഭാവവാദത്തിൽനിന്നും ഉത്ഭവിച്ച യാക്കോബായസഭയിൽ നില്ക്കുന്നു. അവർ മാർപ്പാപ്പായുടെ സ്നേഹമസൃണമായ ആഹ്വാനം ശ്രവിച്ചു കത്തോലിക്കാസഭയിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു. മലങ്കര യാക്കോബായസഭ കേരളത്തിൽ ആകസ്മികമായിട്ടുണ്ടായതാണെന്നുള്ള വാസ്തവം അനുസ്മരിച്ചാൽ മാർപ്പാപ്പായുടെ ഈ ആഹ്വാനം പ്രത്യേകം ശ്രദ്ധാർഹമാണു്. യാക്കോബായസഭ കേരളത്തിൽ ഉത്ഭവിക്കാനുണ്ടായ യാദൃച്ഛികകാരണം താഴെ ചേർക്കുന്നു.

www.malankaralibrary.com

മാത്തോമ്മാശ്ലീഹാ കേരളത്തിൽ നടപ്പിലാക്കിയ റീത്തു് എറണാകുളം, ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ, പാലാ എന്നീ രൂപതകളിൽ ഇപ്പോഴും നടപ്പിലിരിക്കുന്ന കൽദായസുറിയാനി റീത്താണു്. ആദിമ ശതാബ്ദങ്ങളിൽ കൽദായ റീത്തുകാരായ ഈ കേരളീയ ക്രിസ്ത്യാനികളെ പേർഷ്യാ, ബാബേൽ, അന്ത്യോക്യാ എന്നീ സിംഹാസനങ്ങളിൽ നിന്നു് അയക്കപ്പെട്ട മെത്രാന്മാർ ഭരിച്ചിരുന്നതായി ചരിത്രരേഖകളുണ്ടു്. അക്കാലത്തു് ഈ സിംഹാസനങ്ങളെല്ലാം റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽ ഇരുന്നിരുന്നതിനാൽ മലങ്കര നസ്രാണി ക്രിസ്ത്യാനികളും റോമ്മാ സിംഹാസനത്തിന്റെ അധികാരത്തിനു വിധേയരായി കത്തോലിക്കാവിശ്വാസത്തിലാണു നിലനിന്നുപോന്നതു്.

പതിനഞ്ചാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തോടുകൂടി (1498-ൽ) ലത്തീൻ റീത്തുകാരായ പോർട്ടുഗീസുകാർ കേരളത്തിൽ വന്നു. വിദേശത്തുനിന്നു കേരളീയരെ ഭരിക്കാൻ വന്ന സുറിയാനി മെത്രാന്മാരോടു പോർട്ടുഗീസുകാർക്കു ആദ്യകാലത്തു വളരെ സ്നേഹവും ബഹുമാനവുമായിരുന്നു. എന്നാൽ വിദേശത്തു നെസ്തോറിയൻ പാഷണ്ഡത വളരെ പ്രചരിച്ചിരുന്നതിനാൽ ഈ മെത്രാന്മാരും നെസ്തോറിയരാണെന്നുള്ള ധാരണ പോർട്ടുഗീസുകാർക്കു കാലക്രമത്തിൽ ഉണ്ടായിത്തുടങ്ങി. ഈ മെത്രാന്മാരുടെ ഭരണവും സുറിയാനി റീത്തും കേരളത്തിൽ തുടർന്നുകൊണ്ടു പോയാൽ ഇവിടത്തെ ക്രിസ്ത്യാനികളെല്ലാം ഒടുവിൽ നെസ്തോറിയരായിത്തീരുമെന്നുള്ള ശങ്കനിമിത്തവും, തങ്ങളുടെ ശക്തിയും സ്വാധീനവും കേരളത്തിൽ ഉറപ്പിക്കുന്നതിനു വേണ്ടിയും കൽദായ സുറിയാനി റീത്തുമാററി തൽസ്ഥാനത്തു ലത്തീൻറീത്തു സ്ഥാപിക്കുന്നതിനും, മലങ്കരയിൽ സുറിയാനി മെത്രാന്മാരുടെ ഭരണം തന്നെയും നിറുത്തലാക്കി ഇവിടത്തെ സുറിയാനി റീത്തുകാരായ ക്രിസ്ത്യാനികളെയെല്ലാം ലത്തീൻ റീത്തുകാരായ പോർട്ടുഗീസു മെത്രാന്മാരുടെ ഭരണത്തിലാക്കുന്നതിനും പോർട്ടുഗീസുകാർ അശ്രാന്തപരിശ്രമം തുടങ്ങി. പിൽക്കാലത്തു പോർട്ടുഗീസു

www.malankaralibrary.com

മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവന്ന മലങ്കര സുറിയാനിക്കാർ പോർട്ടുഗീസുകാരുടെ ഈ നിർദ്ദയ നയത്തിനു വിപരീതമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. സുറിയാനിമെത്രാന്മാർ തന്നെ ഇവിടെ ഭരണം നടത്തണമെന്നും, കൽദായ സുറിയാനി റീത്തു അഭംഗമായി പാലിച്ചുകൊണ്ടുപോകണമെന്നും അത്രെ നമ്മുടെ പൂർവ്വന്മാർ സദാ ആഗ്രഹിച്ചിരുന്നതു്.

ഇങ്ങനെ ഇരിക്കവെ 1652-ൽ അഹത്തല്ലാ എന്ന പേരോടുകൂടിയ ഒരു വിദേശീയ സുറിയാനിമെത്രാൻ മലങ്കര നസ്രാണികളെ ഭരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി എങ്ങനെയോ മൈലാപ്പൂരിൽ വന്നെത്തി. പോർട്ടുഗീസുകാർ അദ്ദേഹത്തെ കപ്പലിൽ കയററി ബോംബേയ്ക്കു തെക്കുള്ള ഗോവായിലേക്കു കൊണ്ടുപോകയിൽ കപ്പൽ കൊച്ചിയിൽ അടുത്തു. അക്കാലത്തു മലങ്കരസഭയെ മെത്രാനപകരം ഭരിച്ചിരുന്ന തോമ്മാ അക്കദിയാക്കോൻ എന്ന പട്ടക്കാരൻ 25,000 ഭടന്മാരെയും കൂട്ടിക്കൊണ്ടു കൊച്ചിയിൽ എത്തി അഹത്തല്ലാമെത്രാനെ വിട്ടുതരണമെന്നു പോർട്ടുഗീസു കപ്പിത്താനോടും മററു പോർട്ടുഗീസ് അധികാരികളോടും ആവശ്യപ്പെട്ടു. എന്നാൽ പോർട്ടുഗീസുകാർ ഈ അപേക്ഷ വകവയ്ക്കാതെ അഹത്തല്ലായെ നേരിട്ടു ഗോവായിലേക്കു കൊണ്ടുപോകയാണുണ്ടായതു്. അഹത്തല്ലായെ പോർട്ടുഗീസുകാർ കടലിൽ താഴ്ത്തി കൊന്നുകൊണ്ടാണ് അദ്ദേഹത്തെ വിട്ടുതരാതിരുന്നതെന്നുള്ള ഒരു ശ്രുതിയും തത്സമയം ജനങ്ങളുടെ ഇടയിൽ കാട്ടുതീപോലെ പ്രചരിച്ചു, ഈ വാർത്ത കേട്ടു് നിരാശയും ദുഃഖവും വൈരാഗ്യവും സഹിക്കവയ്യാതെ അവിടെ കൂടിയിരുന്ന സുറിയാനി ക്രിസ്ത്യാനികളെല്ലാം കൊച്ചിയിലുള്ള മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ കയർ കെട്ടി എല്ലാവരും അതിൽ പിടിച്ചുകൊണ്ടു മേലാൽ മലങ്കര നസ്രാണികൾ പോർട്ടുഗീസുമെത്രാന്മാരുടെ കീഴിൽ ഇരിക്കുന്നതല്ലെന്നു സത്യംചെയ്തു. ഇതത്രെ ചരിത്രപ്രസിദ്ധമായ "കൂനൻകുരിശുസത്യം". ഈ സത്യം നടന്നതു 1653 ജനുവരി 3-ാംനു- വെള്ളിയാഴ്ചയാണ്.

www.malankaralibrary.com

ഈ സംഭവത്തെ തുടർന്നു 1653 മേയ് 22-ാംനു പെന്തിക്കോസ്തി ഞായറാഴ്ച പന്ത്രണ്ടു പട്ടക്കാർകൂടി തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. എത്ര പട്ടക്കാർകൂടിയാലും മെത്രാൻസ്ഥാനം സാധുവായി നല്കുവാൻ പട്ടക്കാർക്കു സാധിക്കയില്ലെന്നു പിന്നീടു പലർക്കും മനസ്സിലായതിനാൽ കൂനൻകുരിശുസത്യം ചെയ്തവരിൽ ഭൂരിപക്ഷവും ഭിന്നതയും മത്സരവും ഉപേക്ഷിച്ചു വീണ്ടും പോർട്ടുഗീസു മെത്രാന്മാരുടെ ഭരണത്തിനു വിധേയരായി. എന്നാൽ തോമ്മാ അർക്കദിയാക്കോന്റെ ഭാഗത്തു നിന്നവർ അദ്ദേഹത്തിന്റെ മെത്രാൻപട്ടം എങ്ങനെയെങ്കിലും ശരിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ഭിന്നതയിൽത്തന്നെ നിന്നു് ബാബേൽ, അന്ത്യോക്യാ, അലക്സാണ്ഡ്റിയാ എന്നീ പ്രദേശങ്ങളിലെ പാത്രിയർക്കീസുമാരായി എഴുത്തുകുത്തുകൾ നടത്തുകയും, തൽഫലമായി 1665-ൽ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് മാർ ഗ്രീഗോരിയോസ് എന്ന മെത്രാനെ കേരളത്തിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ ഗ്രീഗോരിയോസിനെ നിയമാനുസൃത മെത്രാനായി സ്വീകരിച്ചു് അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അനുകൂലിച്ച അർക്കദിയാക്കോന്റെ കക്ഷിക്കാർ അന്നുതുടങ്ങി പുത്തൻകൂറ്റുകാർ അഥവാ യാക്കോബായക്കാർ എന്നുള്ള പേരിൽ അറിയപ്പെട്ടുവരുന്നു. എന്നാൽ യാക്കോബായ വിശ്വാസം സ്വീകരിക്കാതെ പഴയ വിശ്വാസത്തിൽത്തന്നെ നിന്ന കൽദായ സുറിയാനി റീത്തുകാരായ ക്രിസ്ത്യാനികൾ പഴയകൂറ്റുകാർ എന്നുള്ള പേരിൽ അറിയപ്പെട്ടുവരുന്നു. * ഇങ്ങനെ യാക്കോബായസഭ കേരളത്തിൽ ഉത്ഭവിച്ചതു 1665-ൽ അതായതു 17-ാം ശതാബ്ദത്തിൽ മാത്രമാണ്.

---

* ഈ വിഷയം സംബന്ധിച്ചു കൂടുതൽ വിവരങ്ങളും ചരിത്രരേഖകളും "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന ഗ്രന്ഥത്തിന്റെ 10-ാം അദ്ധ്യായത്തിൽ കാണുക.

www.malankaralibrary.com

പോർട്ടുഗീസു മെത്രാന്മാരുടെ ഭരണത്തിലിരുന്ന കൽദായറീത്തുകാരായ സുറിയാനി ക്രിസ്ത്യാനികൾ കാലക്രമത്തിൽ സ്വദേശീയ മെത്രാന്മാരെ ലഭിക്കുന്നതിനു് ഇടയായി. ഇപ്പോൾ പഴയകൂറുകാർ എറണാകുളം, ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം, പാലാ എന്നീ അഞ്ചു രൂപതകളിലായി സ്വദേശീയ മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവരുന്നു. യാക്കോബായ വിശ്വാസം സ്വീകരിച്ച അർക്കദിയാക്കോൻെറ കക്ഷിക്കാർ 1846-ൽ കേരളത്തിൽ വന്ന കൂറിലോസ് എന്ന യാക്കോബായ മെത്രാൻെറ കാലത്തു് അതുവരെ കേരളത്തിൽ നടപ്പിലിരുന്ന കൽദായ സുറിയാനി റീത്തു ഉപേക്ഷിച്ചിട്ടു വിദേശത്തെ യാക്കോബായക്കാരുടെ ഇടയിൽ നടപ്പിലിരിക്കുന്ന അന്ത്യോക്യാ സുറിയാനി റീത്തു സ്വീകരിച്ചു. 1912-ൽ യാക്കോബായക്കാരിൽ ഒരു വിഭാഗക്കാർ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിൻെറ അധികാരത്തെ നിഷേധിച്ചു കാതോലിക്കായെ വാഴിച്ചതോടുകൂടി മലങ്കര യാക്കോബായസഭ ഓർത്തോഡോക്സുകക്ഷി, പാത്രിയക്കീസ് കക്ഷി എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. ഓർത്തോഡോക്സു കക്ഷിയുടെ തലവൻ കോട്ടയത്തു പഴയ സെമിനാരിയിൽ താമസിക്കുന്ന കാതോലിക്കാബാവായും, പാത്രിയക്കീസുകക്ഷിയുടെ തലവൻ ഹോംസിൽ വസിക്കുന്ന യാക്കോബായ പാത്രിയക്കീസുമാണു്. രണ്ടു കക്ഷിയിലുമുള്ളവർ ഇപ്പോൾ സ്വദേശീയ മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവരുന്നു.

കൽദായ സുറിയാനി റീത്തു പൂർണ്ണമായി പാലിച്ചു കൊണ്ടുപോകണമെന്നും, സുറിയാനി റീത്തുകാരായ മെത്രാന്മാരെ ഭരണകർത്താക്കളായി ലഭിക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി ലത്തീൻ റീത്തുകാരായ പോർട്ടുഗീസു മെത്രാന്മാർക്കു് എതിരായി പ്രക്ഷോഭണം നടത്തി കൂനൻകുരിശുസത്യം ചെയ്തതു് ഇപ്പോൾ പഴയകൂറുകാർ, പുത്തൻകൂറുകാർ എന്നിങ്ങനെ രണ്ടായി വേർപിരിഞ്ഞു നില്ക്കുന്ന കത്തോലിക്കരും യാക്കോബായക്കാരും ഉൾപ്പെട്ട സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വപിതാക്കന്മാരാണു്. പന്ത്രണ്ടു പട്ടക്കാർകൂടി വാഴിച്ചു തോമ്മാ അർക്കദിയാക്കോൻെറ മെ

www.malankaralibrary.com

ത്രാൻപട്ടം ശരിയല്ലെന്നു് അറിഞ്ഞു് അദ്ദേഹത്തെ ഉപേക്ഷിച്ച പഴയക്കൂറുകാർ പഴയ വിശ്വാസത്തിൽത്തന്നെ നിലനിന്നുകൊണ്ടും, കൽദായറീത്തു പാലിച്ചുകൊണ്ടും സ്വദേശികളായ മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവരുന്നതിനു ഭാഗ്യം സിദ്ധിച്ചു. എന്നാൽ തോമ്മാ അർക്കദിയാക്കോനെ സ്വീകരിച്ചവർക്കാകട്ടെ യാക്കോബായ വിശ്വാസം എന്ന പുതിയ വിശ്വാസവും, അന്ത്യോക്യാ സുറിയാനി റീത്തു് എന്ന പുതിയ റീത്തും സ്വീകരിക്കുന്നതിനു് ഇടയായി. മലങ്കര യാക്കോബായക്കാർ കത്തോലിക്കാസഭയെ ആശ്ലേഷിക്കുമ്പോൾ കൂനൻകുരിശുസത്യം ചെയ്ത തങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ വിശ്വാസത്തിലേക്കു് — 1665-ൽ മാർ ഗ്രിഗോറിയോസ് വരുന്നതുവരെ കൽദായ റീത്തുകാരായ മലങ്കര നസ്രാണി ക്രിസ്ത്യാനികൾ സ്വീകരിച്ചിരുന്ന കത്തോലിക്ക വിശ്വാസത്തിലേക്കു് — വീണ്ടും വരുകയാണു ചെയ്യുന്നതു്.

പോർട്ടുഗീസു മെത്രാനോടു മത്സരിച്ചു് തോമ്മാ അർക്കദിയാക്കോന്റെ ഭാഗത്തു നിന്ന സുറിയാനി ക്രിസ്ത്യാനികൾ 1665-ൽ മാർ ഗ്രിഗോറിയോസിൽ നിന്നു യാക്കോബായ വിശ്വാസവും, 1846-ൽ മാർ കൂറിലോസിന്റെ കാലത്തു അന്ത്യോക്യാ സുറിയാനി റീത്തും സ്വീകരിച്ചുകൊണ്ടാണല്ലോ യഥാർത്ഥത്തിൽ യാക്കോബായക്കാരായിത്തീർന്നതു്. ഇങ്ങനെ മലങ്കരയിലെ സുറിയാനിക്രിസ്ത്യാനികളിൽ ഒരു വിഭാഗക്കാർക്കു വിദേശത്തെ യാക്കോബായസഭയുമായി ബന്ധം ഉണ്ടായതുമൂലം കാലക്രമത്തിൽ കേരളീയയാക്കോബായക്കാരും വിദേശത്തെ യാക്കോബായക്കാരും വിശ്വാസകാര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും മിക്കവാറും ഒരേ നില പാലിച്ചുവരുന്നതിനു് ഇടയായി. വിദേശത്തെ യാക്കോബായസഭ സ്വീകരിച്ചിട്ടുള്ള കുർബാന തക്സായും കൂദാശക്രമങ്ങളും ആരാധനാരീതിയുമാണു കേരളത്തിലെ യാക്കോബായസഭയും സ്വീകരിച്ചിട്ടുള്ളതു്. തന്മൂലം വിദേശത്തെ യാക്കോബായക്കാർ ഏകസ്വഭാവവാദികളാണെങ്കിൽ മലങ്കര യാക്കോബായക്കാരും ഏകസ്വഭാവവാദികളാണെന്നു പറയുന്നതിൽ വലിയ തെറ്റില്ല.

www.malankaralibrary.com

വിദേശത്തേയും മലങ്കരയിലേയും യാക്കോബായസഭ എവുത്തിക്കോസിൻെറ ഏകസ്വഭാവവാദത്തെ പാഷണ്ഡോപദേശമായി ശപിച്ചു് കൽക്കദോനിയാ വിശ്വാസത്തിനു് അനുരൂപമായ വിശ്വാസം പരോക്ഷമായി ഏററുപറയുന്നുണ്ടെങ്കിലും ഈ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധ സാക്ഷ്യങ്ങളെയും ചരിത്ര രേഖകളെയും ആസ്പദമാക്കി നിഷ്പക്ഷബുദ്ധ്യാ പര്യാലോചിച്ചാൽ ഏകസ്വഭാവവാദികളുടെ താഴെപ്പറയുന്ന ലക്ഷണങ്ങളെല്ലാം ഈ രണ്ടു സഭാവിഭാഗങ്ങളും ഇപ്പോഴും കാണിച്ചുവരുന്നതായി ബോദ്ധ്യമാകും.

1. എവുത്തിക്കോസിൻെറ ഏകസ്വഭാവവിശ്വാസത്തെ ശപിക്കുന്നെങ്കിലും ഏകസ്വഭാവം എന്ന പദപ്രയോഗം മുറുകെ പിടിച്ചുകൊണ്ടിരിപ്പാൻ ഇപ്പോഴും ഈ രണ്ടു സഭകളും ആഗ്രഹിക്കുന്നു. (പുറം 17—25 കാണുക)

2. കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്നും, രാജബലത്താൽ നടന്നതാണെന്നും പഠിപ്പിക്കുന്നു. (പുറം 51—56 കാണുക)

3. കൽക്കദോനിയാ സൂനഹദോസും ലെയോൻ മാർപ്പാപ്പായും പ്രഖ്യാപനം ചെയ്തവിധം ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നുള്ള സത്യവിശ്വാസം സ്പഷ്ടമായി പറയുവാൻ മടിക്കുന്നു.

4. ലെയോൻ മാർപ്പാപ്പായും കൽക്കദോനിയാ സൂനഹദോസും പ്രഖ്യാപനം ചെയ്ത വിശ്വാസം പാഷണ്ഡോപദേശമാണെന്നും അതു സ്വീകരിക്കുന്നവൻ അഗ്നിനരകത്തിനു് അർഹനാണെന്നും പട്ടംകൊട, ശവസംസ്കാരം, വി. കർബാന മുതലായ കർമ്മങ്ങളിൽ ഉപദേശിക്കുന്നു (പുറം 18—23 കാണുക)

5. എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിച്ചതുനിമിത്തം കൽക്കദോനിയാ സൂനഹദോസ് പാഷണ്ഡിയായി ശപിച്ചു് സഭയിൽനിന്നു ബഹിഷ്കരിച്ച ദീയസ്കോറോസ് സത്യവിശ്വാസം പാലിച്ചു ഏല്പിച്ചുതന്ന പരിശുദ്ധപിതാക്കന്മാരിൽ ഒരാളാണെന്നു് പഠിപ്പിക്കുന്നു. (പുറം 44—51 കാണുക)

www.malankaralibrary.com

6. എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ ശപിച്ച ലെഓൻമാർപ്പാപ്പാ ആരിയോസ്, നെസ്തോറിയസ്, എവുത്തിക്കോസ് എന്നിവരെപ്പോലെ ദുഷ്ടനും പാഷണ്ഡിയുമാണെന്നു പഠിപ്പിക്കുന്നു. (പുറം 18-23 കാണുക)

ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ചുള്ള യാക്കോബായ വിശ്വാസം സാരാംശത്തിൽ ശരിയാണെന്നിരുന്നാലും ഏകസ്വഭാവവാദികളുടെ ഇതര ലക്ഷണങ്ങളെല്ലാം യാക്കോബായ സഭയിൽ ഉള്ള കാലത്തോളം യാക്കോബായസഭ ഏകസ്വഭാവവാദത്തിന്റെ പിടിയിൽനിന്നു നിശ്ശേഷം വിമുക്തമാണെന്നു പറയാവുന്നതല്ലല്ലോ. കൽക്കദോനിയാ സൂനഹദോസും ലെഓൻ മാർപ്പാപ്പായും പ്രഖ്യാപനം ചെയ്ത അതേ വിശ്വാസമാണു യാക്കോബായ സഭയിലുള്ളതെന്നും, ഒന്നു്, രണ്ടു് എന്ന പദപ്രയോഗങ്ങളിൽ മാത്രമേ യാക്കോബായ കത്തോലിക്കാ എന്നീ രണ്ടു സഭകളുടെയും വിശ്വാസങ്ങൾ തമ്മിൽ വ്യത്യാസമുള്ളുവെന്നും, ദീയസ്ക്കോറോസിനെ മുടക്കിയതു സാധുവാണെന്നും യാക്കോബായക്കാർക്കു — പ്രത്യേകിച്ചു മലങ്കരസഭയിലെ പണ്ഡിതന്മാരായ പല മേല്പട്ടക്കാർക്കും ചിന്തകന്മാർക്കും — അഭിപ്രായമുള്ളതിനാലും (പുറം 36-44; 70-75) കൽക്കദോനിയാ സൂനഹദോസിന്റെ ചരിത്രം ശരിയായി പഠിക്കുന്ന ആർക്കും ഈ അഭിപ്രായം സ്വീകാര്യമാണെന്നു ബോദ്ധ്യപ്പെടുന്നതിനാലും യാക്കോബായക്കാർ വാസ്തവത്തിൽ ദീയസ്ക്കോറോസിനെ ഉപേക്ഷിച്ചു് കൽക്കദോനിയാസൂനഹദോസിനെയും ലെഓൻ മാർപ്പാപ്പായെയും സ്വീകരിച്ചു കത്തോലിക്കാസഭയിൽ പ്രവേശിക്കയാണല്ലോ വേണ്ടതു്. എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ അനുകൂലിച്ചിരുന്നതുകൊണ്ടാണു കൽക്കദോനിയാ സൂനഹദോസിൽവച്ചു് ഏകസ്വഭാവവാദികളെല്ലാം കത്തോലിക്കാസഭയിൽ നിന്നു പിരിഞ്ഞു പോയതു്. എന്നാൽ എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ പാഷണ്ഡോപദേശമായി പരിഗണിക്കുന്ന യാക്കോബായക്കാർ കത്തോലിക്കാസഭയ്ക്കു പുറമേ ഇനിയും നില്ക്കേണ്ടവരല്ല. പ്രധാനപ്പെട്ട

www.malankaralibrary.com

അബദ്ധോപദേശത്തെ ഉപേക്ഷിച്ചിരിക്കയാൽ മററു അഭിപ്രായ വ്യത്യാസങ്ങളും നീക്കി കഴിയുന്നതും വേഗം അവർ കത്തോലിക്കാസഭയിൽ പ്രവേശിക്കയാണു വേണ്ടതു്. നിസ്സാര കാരണങ്ങളെ ആസ്പദമാക്കി ഏക സത്യസഭയ്ക്കു പുറമേ നില്ക്കുന്നതു നിർഭാഗ്യകരമല്ലേ?

ഇങ്ങനെ യാക്കോബായക്കാർ കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ ഇപ്പോഴത്തെപ്പോലെ യാക്കോബായ സഭയിൽത്തന്നെ നില്ക്കുന്ന കാലത്തോളം അവർ ശപിക്കുന്ന ഏകസ്വഭാവവാദികളെ അറിഞ്ഞോ അറിയാതെയോ മേല്പറഞ്ഞ കാര്യങ്ങളിൽ പൂർണ്ണമായി അവർ അനുകൂലിക്കുന്നതായി പറയണമല്ലോ. ആകയാൽ തദനുസരണമായി ഏകസ്വഭാവവാദികളുടെ ചില അബദ്ധോപദേശങ്ങളുടെ വിഷബീജം അഥവാ ദുഷ്ഫലങ്ങൾ മലങ്കര യാക്കോബായക്കാരിൽ ഇപ്പോഴും ഉള്ളതായി പറയേണ്ടിയിരിക്കുന്നു.

വേദശാസ്ത്രജ്ഞാനത്തിന്റെയും സഭാചരിത്രപഠനത്തിന്റെയും സത്യാന്വേഷണ ബുദ്ധിയുടെയും അഭാവവും വൈകല്യവും നിമിത്തം മലങ്കര യാക്കോബായക്കാർ ഇങ്ങനെ ഏകസ്വഭാവവാദികളുടെ ചില ലക്ഷണങ്ങൾ കാണിച്ചു കത്തോലിക്കാസഭയിൽ നിന്നു പിന്മാറി നില്ക്കുന്നു; മാതൃവചനത്തെ ഉപേക്ഷിച്ചിരിക്കുന്നു; മലങ്കരയിലെ സുറിയാനിക്രിസ്ത്യാനികളുടെ പുരാതന വിശ്വാസത്തെ പുറംതള്ളിയിരിക്കുന്നു! ദൈവസ്നേഹവും ഭക്തിയും ആത്മരക്ഷയിൽ ശുഷ്കാന്തിയുമുള്ള ചിന്താശീലരായ കത്തോലിക്കർക്കും യാക്കോബായക്കാർക്കും ഈ ദുരവസ്ഥ മർമ്മഭേദകമല്ലേ? ഇതിനു പരിഹാരം വരുത്തുന്നതിനു കത്തോലിക്കരും യാക്കോബായക്കാരും യഥാശക്തി പരിശ്രമിക്കേണ്ടതല്ലേ? കൽക്കദോനിയാസൂനഹദോസിന്റെ ചരിത്രം കത്തോലിക്കരെയും യാക്കോബായക്കാരെയും ഈ വിഷയത്തിൽ പ്രബുദ്ധരാക്കട്ടെ. ഈ വിനീതഗ്രന്ഥം ആ ഉദ്ദേശസാദ്ധ്യത്തിനു് അല്പമെങ്കിലും ഉപകരിക്കുമെങ്കിൽ കർത്താവിൽ നിന്നുള്ള പ്രതിഫലം എനിക്കു കിട്ടിക്കഴിഞ്ഞതായി ഞാൻ അഭിമാനിക്കുന്നു.

www.malankaralibrary.com

ആംഗ്ലേയ സഭയിലെ ഒരു വൈദികനും സുപ്രസിദ്ധ സാഹിത്യകാരനും മഹാചിന്തകനുമായിരുന്ന കർട്ടിനാൾ ന്യൂമാൻ ജനിച്ചു വളൎന്ന അംഗ്ലേയസഭയെ പരിത്യജിച്ചു് കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിന് ഇടയായതിന്റെ പ്രധാന കാരണം ഏകസ്വഭാവവാദികളുടെയും കൽക്കദോനിയാ സുന്നഹദോസിന്റെയും ചരിത്രം ശരിയായി പഠിച്ചതാണെന്നുള്ള കാര്യം യാക്കോബായക്കാരുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നു തന്നെയാണ്. "സ്വദോഷസ്വീകാരം" (Apologia pro vita sua) എന്ന ഗ്രന്ഥത്തിൽ ന്യൂമാൻ ഇതേപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഏകസ്വഭാവവാദികളുടെ ചരിത്രത്തിൽ ആംഗ്ലേയ സഭയുടെ ചരിത്രം തന്നെയാണു ന്യൂമാൻ ദശിച്ചതു്. ഏകസ്വഭാവവാദികളുടെ നില ശരിയല്ലെന്നു പ്രോട്ടസ്റ്റൻറുകാർ സമ്മതിക്കുന്നു. ഇക്കാരണത്താൽ പ്രോട്ടസ്റ്റൻറുസഭയുടെയും നില ശരിയല്ലെന്നു ന്യൂമാനു ബോദ്ധ്യമായി. പ്രസ്തുത ഗ്രന്ഥത്തിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ചില വാക്കുകൾ ഉദ്ധരിക്കാം.

"The long vocation of 1839 began early ... I had put away from me the controversy with Rome for more than two years ...... I have no reason to suppose that the thoughts of Rome came across my mind at all. About the middle of June I began to study and master the history of the Monophysites. I was absorbed in the doctrinal question. This was from about June 13th to August 30th. It was during this course of reading that for the first time a doubt came upon me of the tenableness of Anglicanism. I recollect on the 30th of July mentioning to a friend, whom I had accidently met, how remarkable the history was; but by the end of August I was seriously alarmed.

www.malankaralibrary.com

I have described in a former work, how the history affected me. My stronghold was Antiquity; now here in the middle of the fifth century, I found, as it seemed to me, Christendom of the sixteenth and nineteenth centuries reflected. I saw my face in that mirror, and I was a Monophysite. The church of the *Via Media* was in the position of the Oriental Communion, Rome was where she now is; and the Protestants were the Eutychians. Of all passages of history, since history has been, who whould have thought of going to the sayings and doings of old Eutyches, that *delirus senex*, as (I think) Petavius calls him, and to the enormities of the unprincipled Dioscorus, in order to be converted to Rome!

It was difficult to make out how the Eutychians or Monophysites were heretics, unless Protestants and Anglicans were heretics also; difficult to find arguments against the Tridentine Fathers, which did not tell against the Fathers of Chalcedon; difficult to condemn the Popes of the sixteenth century without condemning the Popes of the fifth. The drama of religion, and the combat of truth and error, were ever one and the same. The principles and proceedings of the Church now, were those of the Church then; the principles and proceedings of heretics then, were those of Protestants now. I found it so, — almost fearfully ...... The shadow of the fifth century was on the sixteenth. It was like a spirit rising from the troubled waters of the old world, with the shape and lineaments of the new ......... What was the use of continuing the controversy,

www.malankaralibrary.com

or defending my position, if, after all, I was forging arguments for Arius or Eutyches and turning devil's advocate against the much enduring Athanasius and the majestic Leo? Be my soul with the saints! and shall I lift up my hand against them? Sooner may my right hand forget her cunning, and wither outright, as his who once stretched it out against a prophet of God!" (Apologia pro vita sua, Chap. III)

### പരിഭാഷ.

"1839-ലെ ദീർഘമായ അവധിക്കാലം നേരത്തെ ആരംഭിച്ചു ......റോമ്മാ വിശ്വാസം സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ രണ്ടുകൊല്ലത്തിലധികമായി ഞാൻ നിറുത്തിവച്ചിരിക്കയായിരുന്നു...... റോമ്മാസഭയെപ്പററിയുള്ള ചിന്തതന്നെയും എപ്പോഴെങ്കിലും എൻെറ മനസ്സിൽക്കൂടി കടന്നുപോയിരുന്നെന്നു് ഊഹിക്കുവാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. ജൂൺ മാസത്തിൻെറ മദ്ധ്യത്തോടുകൂടി ഏകസ്വഭാവവാദികളുടെ ചരിത്രം പഠിച്ചു് അതിൽ പരിപൂർണ്ണജ്ഞാനം സമ്പാദിക്കുവാൻ ഞാൻ ശ്രമിച്ചുതുടങ്ങി. വിശ്വാസസംബന്ധമായ ഈ പ്രശ്നത്തിൽ എൻെറ ശ്രദ്ധ മുഴുവൻ ലയിച്ചുപോയി. ഇതു ജൂൺ 13-ാം തീയതി മുതൽ ആഗസ്റ്റ് 30-ാംനു വരെ ആയിരുന്നു. ഈ വായനയ്ക്കു ഇടയിലാണ് ആംഗ്ലിക്കൻ വിശ്വാസം സ്വീകാര്യമോ എന്നുള്ളതിനെ സംബന്ധിച്ചു് ആദ്യമായി എനിക്കു ഒരു സംശയം തോന്നിയതു്. ജൂലൈ 30-ാം തീയതി ആകസ്മികമായി ഞാൻ കണ്ടുമുട്ടിയ എൻെറ ഒരു സ്നേഹിതനോടു് ഈ ചരിത്രം എത്ര സ്മരണാർഹമാണെന്നു പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ ആഗസ്റ്റുമാസത്തിൻെറ അവസാനത്തോടുകൂടി ഞാൻ അത്യധികം സംഭ്രമിച്ചു.

മുമ്പു ഞാൻ എഴുതിയ ഒരു ഗ്രന്ഥത്തിൽ ആ ചരിത്രം എപ്രകാരമാണ് എന്നെ സ്പർശിച്ചിട്ടുള്ളതെന്നു വിവരിച്ചി

www.malankaralibrary.com

ട്ടുണ്ട്. പുരാതനതത്വത്തെയാണു ഞാൻ മുറുകെ പിടിച്ചിരുന്നതു്. എന്നാൽ ഇവിടെ അഞ്ചാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്തു (ഏകസ്വഭാവവാദികളുടെ കാലത്തു) പതിനാറും പത്തൊമ്പതും ശതാബ്ദങ്ങളിലെ ക്രിസ്തുമതം പ്രതിബിംബിച്ചു കണ്ടതായി എനിക്കു തോന്നി. ആ കണ്ണാടിയിൽ എന്റെ മുഖം ഞാൻ കണ്ടു. ഞാൻ ഒരു ഏകസ്വഭാവവാദിയാണെന്നു് എനിക്കു തോന്നി. മദ്ധ്യമാർഗ്ഗത്തിലുള്ള സഭ (ആംഗ്ലിക്കൻസഭ) പൌരസ്ത്യസഭയുടെ സ്ഥാനത്തായിരുന്നു; റോമ്മായാകട്ടെ ഇപ്പോൾ നില്ക്കുന്ന സ്ഥാനത്തുതന്നെ നിന്നിരുന്നു: പ്രോട്ടസ്റ്റന്റുകാർ എവുത്തിക്കോസിന്റെ കക്ഷികളുടെ സ്ഥാനത്തു നിന്നിരുന്നു. റോമ്മാസഭയിലേക്കു മാനസാന്തരപ്പെടുന്നതിനുവേണ്ടി....അല്പബുദ്ധിയും വൃദ്ധനുമായ എവുത്തിക്കോസിന്റെ ഉപദേശങ്ങളും പ്രവൃത്തികളും, വിവേകശൂന്യനായ ദീയസ്കോറോസിന്റെ ഘോരതകളും അടങ്ങിയിട്ടുള്ള ചരിത്രഭാഗങ്ങളെ പഠിച്ചു മനസ്സിലാക്കുന്നതിനു് ആർക്കാണു് ആഗ്രഹമുണ്ടാകുക!.......

പ്രോട്ടസ്റ്റന്റുകാരും ആംഗ്ലികരും പാഷണ്ഡികളല്ലെങ്കിൽ എവുത്തിക്കോസിന്റെ കക്ഷികൾ അഥവാ ഏകസ്വഭാവവാദികൾ എങ്ങനെ പാഷണ്ഡികളായെന്നു ഗ്രഹിക്കുവാൻ വിഷമമാണു്; (ഏകസ്വഭാവവാദത്തെ ശപിച്ചു) കൽദോനിയാസൂനഹദോസിലെ പിതാക്കന്മാർക്കു് എതിരുവരാതെ (പ്രോട്ടസ്റ്റന്റു വിശ്വാസത്തെ ശപിച്ചു) ത്രെന്തോസ് സൂനഹദോസിലെ പിതാക്കന്മാർക്കു് എതിരായുള്ള തെളിവുകൾ കണ്ടുപിടിക്കുന്നതിനു വിഷമമാണു്; അഞ്ചാം ശതാബ്ദത്തിലെ മാർപ്പാപ്പാമാരെ കുറ്റപ്പെടുത്താതെ പതിനാറാം ശതാബ്ദത്തിലെ മാർപ്പാപ്പാമാരെ കുറ്റപ്പെടുത്തുക വിഷമമാണു്. മതമെന്ന നാടകവും, സത്യം അസത്യം എന്നിവ തമ്മിലുള്ള സമരവും എപ്പോഴും ഒന്നുതന്നെയാണു്. സഭയുടെ ഇപ്പോഴത്തെ ആദർശങ്ങളും പ്രവർത്തനരീതികളും തന്നെ ആയിരുന്നു അന്നത്തേതും. അന്നത്തെ പാഷണ്ഡികളുടെ ആദർശങ്ങളും പ്രവർത്തനരീതികളുമാണു് ഇന്നത്തെ പ്രോട്ടസ്റ്റന്റുകാരുടേതും. ഇങ്ങനെ ഭയങ്ക

www.malankaralibrary.com

രമായ ഒരു കാഴ്ചയാണു ഞാൻ കണ്ടതു്... അഞ്ചാം ശതാബ്ദത്തിന്റെ പ്രതിഛായ പതിനാറാം ശതാബ്ദത്തിന്മേൽ പതിഞ്ഞിരുന്നു. പഴയലോകത്തിലെ കലങ്ങിയ വെള്ളത്തിൽനിന്നു് പുതിയ ആകൃതിയും വേഷവും ധരിച്ച ഒരു അരൂപി എഴുന്നേററു വരുന്നതുപോലെ ആയിരുന്നു അതു്... വാദപ്രതിവാദങ്ങൾ തുടരുകയോ, എന്റെ നിലയെ സാധൂകരിക്കയോ ചെയ്യേണ്ട ആവശ്യമെന്തു്? എന്തുകൊണ്ടെന്നാൽ ഞാൻ ആരിയോസിനും എവുത്തിക്കോസിനും അനുകൂലമായ തെളിവുകൾ വകഞ്ഞുണ്ടാക്കയും, അതേസമയം തന്റെ ക്ഷമാശീലനായ അത്താനാസ്യോസിനും പ്രതാപവാനായ ലെയോനും എതിരായി പിശാചിന്റെ ഭാഗം ചേർന്നു വാദങ്ങൾ പുറപ്പെടുവിക്കയും ചെയ്യുകയായിരുന്നു. എന്റെ ആത്മാവു വിശുദ്ധന്മാരോടുകൂടി ആയിരിക്കട്ടെ. അവക്കെതിരായി എന്റെ കൈ ഞാൻ പൊക്കുകയോ? അങ്ങനെയെങ്കിൽ പണ്ടു ദൈവത്തിന്റെ പ്രവാചകനു് എതിരായി കൈ ഉയർത്തിയവന്റേതുപോലെ എന്റെ കൈയും തളർന്നു മുഴുവനായി വരണ്ടുപോകട്ടെ” (സ്വദോഷസ്വീകാരം, അദ്ധ്യായം 3)

കത്തോലിക്കസഭയിൽ ചേരാൻ അശേഷം ആഗ്രഹിച്ചിരുന്നില്ലെന്നു മാത്രമല്ല, ആ സഭയ്ക്കു എതിരായി ലേഖനങ്ങൾ എഴുതി ആംഗ്ലേയസഭയുടെ നിലയെ ഉറപ്പിക്കുന്നതിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തിരുന്ന ന്യൂമാൻ ഏകസ്വഭാവവാദികളുടെ ചരിത്രം പഠിച്ചതുനിമിത്തം ആംഗ്ലേയസഭയുടെ നില ഏകസ്വഭാവവാദികളുടേതുപോലെതന്നെ ഭയങ്കരവും നിയമവിരുദ്ധവുമാണെന്നു ഗ്രഹിച്ചു. ആംഗ്ലേയസഭയുടെ നിലയെ സാധുകരിക്കാൻ ശ്രമിക്കുന്നതു പാഷണ്ഡികളായ ആരിയോസിന്റെയും എവുത്തിക്കോസിന്റെയും നിലയെ സാധൂകരിക്കുവാൻ ശ്രമിക്കുന്നതുപോലെയാണെന്നും, പ്രോട്ടസ്റ്റന്റു വിശ്വാസത്തെ ശപിച്ച മാർപ്പാപ്പാമാരെ കുറ്റപ്പെടുത്തുന്നതു് ആരിയോസിന്റെയും എവുത്തിക്കോസിന്റെയും മറ്റും അബദ്ധോപദേശങ്ങളെ ശപിച്ച അത്താനാസ്യോസ്, ലെയോൻ എന്നീ മഹാവിശുദ്ധന്മാരെ കുററപ്പെടുത്തുന്നതുപോലെയാണെന്നും ന്യൂ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com